# നേർപഥം

വാരിക

VOL NO: 07 I ISSUE 15
www.nerpatham.com
mail@nerpatham.com
2023 APRIL 15 I ₹10



# ശരീഅത്ത് തിരുത്തണമെന്നോ?

മനുഷ്യനിർമിത ദർശനങ്ങൾക്കെല്ലാം പരിമിതികളുണ്ട്. നിലനിൽക്കുന്ന കാലത്തിന്റെയും സാഹചര്യങ്ങളുടെയും തടവിലാണ് ഓരോ ആശയവും. മനുഷ്യനെ സൃഷ്ടിച്ച സ്രഷ്ടാവിന് മാത്രമെ കുറ്റമറ്റ നിയമങ്ങൾ ആവിഷ്‌കരിക്കാൻ കഴിയൂ. ഇസ്‌ലാമിക ശരീഅത്തിന്റെ ആധാരശിലയും അത് തന്നെയാണ്. തങ്ങളുടെ ബുദ്ധിയും ദുഷ്ടലാക്കും കൈമുതലാക്കി അത് തിരുത്താനാണ് ചിലർ ശ്രമിക്കുന്നത്. എന്നാൽ, അത് മിഥ്യാസ്വപ്നമാണെന്നതിന് കാലം സാക്ഷിയാണ്.

## അവധിക്കാലം ക്രിയാത്മകമാക്കാം

|| സകാത്തും നിലനിൽക്കുന്ന ദാനധർമവും
|| സർക്കാർ സർക്കുലർ ഭരണഘടനാ വിരുദ്ധം
|| മാധ്യമ സ്വാതന്ത്ര്യ ചരിത്രത്തിലെ നിർണായകമായ വിധി



സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

Enrol Now!

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

**For Boys Grade 5 to 8**
**For Girls Grade 6 & 7**

CONTACT US
+91 9605 146 000
+91 9061 716 600

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0325
# നേർപഥം
വാരിക

2023 ഏപ്രിൽ 15
1444 റമദാൻ 24
പുസ്തകം 07 / ലക്കം 15




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
## ശരീഅത്ത് തിരുത്തണമെന്നോ?
ടി.കെ അശ്റഫ്

മുഖമൊഴി
05
മാധ്യമ സ്വാതന്ത്ര്യ ചരിത്രത്തിലെ
നിർണായകമായ വിധി

ലേഖനം
06
'അല്ലാഹു, മലക്കുകൾ;
പിന്നെ ഞാനും'
പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ

ലേഖനം
26
സർക്കാർ സർക്കുലർ
ഭരണഘടനാ വിരുദ്ധം
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
18
സകാത്തും
നിലനിൽക്കുന്ന ദാനധർമവും
സയ്യിദ് സഅ്ഫർ സ്വാദിഖ്
മദീനി

ലേഖനം
29
പശ്ചാത്താപത്തിന്റെ
അനിവാര്യത
അബൂഫായിദ

കവിത
24
ജെൻഡർ
ന്യൂട്രാലിറ്റി
സുലൈമാൻ

ക്വുർആൻ ദർശനം
32
സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

കാഴ്ച
25
പള്ളിയിൽ
കുട്ടികളും വരട്ടെ
ഇബ്നു അലി
എടത്തനാട്ടുകര

ആരോഗ്യപഥം
34
അവധിക്കാലം
ക്രിയാത്മകമാക്കാം
ഡോ. യാസ്മിൻ എം
അബ്ബാസ്, പട്ടാമ്പി

# ബദ്‌രീങ്ങളെ വിളിച്ചു തേടുന്നവരോട്

പതിവുപോലെ ഈ വർഷവും നമ്മുടെ നാട്ടിൽ ബദ്‌രീങ്ങളുടെ ആണ്ട് ആഘോഷം കുശാലായി നടന്നു. ബദ്‌രീങ്ങളെ വിളിച്ചുതേടേണ്ടതിന്റെ ആവശ്യകതയും അനിവാര്യതയും വിശദീകരിക്കുന്ന പ്രഭാഷണങ്ങൾ സോഷ്യൽ മീഡിയകളിലൂടെ പ്രചരിപ്പിക്കാൻ മുസ്‌ല്യാക്കൻമാർ കൂടുതൽ താൽപര്യം കാണിച്ചു. സമുദായം വിശ്വാസപരമായി നന്നാകരുത് എന്ന വാശി ഈ മുസ്‌ല്യാക്കൻമാർക്ക് ഉള്ളതായി വേണം മനസ്സിലാക്കാൻ. അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുക എന്ന ശുദ്ധ തൗഹീദിന്റെ വക്താക്കളായി ജീവിക്കുന്നതിൽനിന്ന് വിശ്വാസികളെ അകറ്റുന്നതിൽ ഇക്കൂട്ടർ ബദ്ധശ്രദ്ധരാണ്. പ്രാർഥന ഇബാദത്താണ് എന്നും ഇബാദത്ത് അല്ലാഹുവിന് മാത്രമെ പാടുള്ളൂ എന്നും അറിയാത്തവരല്ലല്ലോ മുസ്‌ല്യാക്കൻമാർ.

അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടമുള്ളതും തൃപ്തിയുള്ളതുമായ ഒന്നാണ് ഇബാദത്ത്. അതിന്നു വേണ്ടിയാണ് സൃഷ്ടികളെ അവൻ സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (അദ്ദാരിയാത്ത് 56).

സർവ പ്രവാചകന്മാരും നിയോഗിക്കപ്പെട്ടത് ഇത് ജനങ്ങളെ പഠിപ്പിക്കുവാനാണ്: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)."

അല്ലാഹുവിനല്ലാത്ത മറ്റാർക്കും കഴിയാത്ത കാര്യങ്ങളിൽ സൃഷ്ടികളോട് സഹായം തേടുക, അല്ലാഹുവല്ലാത്തവരുടെ തൃപ്തിയാഗ്രഹിച്ച് നേർച്ച നേരുകയും അറവ് നടത്തുകയും ചെയ്യുക, അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആരെങ്കിലും ചെയ്താൽ അവൻ വലിയ ശിർക്ക് ചെയ്യുകയും തൗബകൊണ്ടല്ലാതെ പൊറുക്കപ്പെടാത്ത മഹാപാപം ചെയ്യുകയും ചെയ്തു. ഇത്തരം കാര്യങ്ങൾ ചെയ്തത് ബിംബത്തോടോ മരത്തോടോ കല്ലിനോടോ ഏതെങ്കിലും ഒരു നബിയോടോ വലിയ്യിനോടോ ജീവിച്ചിരിക്കുന്നവരോടോ മരിച്ചവരോടോ ആകട്ടെ, എല്ലാം സമമാണ്. തനിക്കുള്ള ആരാധനയിൽ മറ്റുള്ളവരെ പങ്കുചേർക്കുന്നത് അല്ലാഹു ഒരിക്കലും തൃപ്തിപ്പെടില്ല.

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക" (അന്നിസാഅ് 36).

"പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്" (അൽജിന്ന് 18).

'അല്ലാഹുവിന്റെ റസൂലേ സഹായിക്കണേ,' 'ബദ്‌രീങ്ങളേ കാക്കണേ' തുടങ്ങിയ വിളികളെല്ലാം ഇതിന്നുദാഹരണങ്ങളാണ്.

"അല്ലാഹുവിന് പുറമെ അവർക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ അല്ലാഹുവിന്റെയടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ) പറയുക. ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായ അല്ലാഹുവിനറിയാത്ത വല്ല കാര്യവും നിങ്ങളവന് അറിയിച്ച് കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനും ആയിരിക്കുന്നു" (യൂനുസ് 18).

ശിർക്കിനെ എതിർക്കലും ജനങ്ങൾക്ക് അതിന്റെ അപകടം ബോധ്യപ്പെടുത്തിക്കൊടുക്കലും പണ്ഡിതന്മാരുടെ നിർബന്ധ കടമയാണ്.

**-മുഹമ്മദ് ബിലാൽ, പയ്യന്നൂർ**

## തിരുത്ത്

ഏപ്രിൽ 8ന് പുറത്തിറങ്ങിയ നേർപഥത്തിൽ (പേജ് 34) പുണ്യമാസം എന്ന കവിതയിൽ എട്ടാമത്തെ വരിയിലെ ഇസ്‌ലാം കാര്യമിൽ മൂന്നാമത്തെത് എന്നത് ഇസ്‌ലാം കാര്യമിൽ നാലാമത്തെത് എന്ന് തിരുത്തി വായിക്കാൻ അപേക്ഷ.

*- എഡിറ്റർ*

# മാധ്യമ സ്വാതന്ത്ര്യ ചരിത്രത്തിലെ നിർണായകമായ വിധി

ഇന്ത്യൻ മാധ്യമ സ്വാതന്ത്ര്യ ചരിത്രത്തിലെ നിർണായകമായ വിധിയിൽ മീഡിയ വൺ ചാനലിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയമവിരുദ്ധമായ വിലക്ക് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ സുപ്രീംകോടതി ബെഞ്ച് നീക്കിയതിന്റെ വർത്തമാനകാല പ്രസക്തി ചെറുതല്ല. നാലാഴ്ചക്കകം ചാനലിനുള്ള ലൈസൻസ് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം പുതുക്കിനൽകണമെന്ന് ഉത്തരവിട്ട സുപ്രീംകോടതി അതുവരെ ചാനൽ നടത്തിപ്പിനുള്ള ഇടക്കാല ഉത്തരവ് തുടരുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മീഡിയവൺ വിലക്ക് ശരിവച്ച കേരള ഹൈകോടതിക്കെതിരെ രൂക്ഷ വിമർശനം നടത്തിയാണ് അതിനെതിരെ മാധ്യമം ബ്രോഡ്കാസ്റ്റിങ് ലിമിറ്റഡ് സമർപ്പിച്ച ഹരജിയിൽ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസ് ഹിമ കൊഹ്‌ലി എന്നിവരടങ്ങുന്ന ബെഞ്ചിന്റെ വിധി.

ഒരു ജനാധിപത്യ രാഷ്ട്രം എന്നതിൽനിന്ന് ഏകാധിപത്യത്തിലേക്ക് രാജ്യത്തെ നയിക്കുന്നതിന്റെ സമകാലിക അടയാളങ്ങളിൽ ഒന്നുമാത്രമാണ് വിമർശനങ്ങളെ സഹിക്കാൻ കഴിയാതിരിക്കുക എന്നത്. ഒരേയൊരു പാർട്ടി, ഒരേയൊരു മതം, ഒരേയൊരു ഭാഷ മാത്രമുള്ള ഇന്ത്യയാണ് ചിലർ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ ഇന്ത്യയെ ഒരു ഏകശിലാ രാഷ്ട്രമാക്കി മാറ്റുവാൻ കഴിയുമെന്ന് കരുതുന്നത് വ്യാമോഹം മാത്രമാണ്. വൈവിധ്യങ്ങളാണ് ഇന്ത്യയെ ഇന്ത്യയാക്കുന്നത്. ഈ വൈവിധ്യങ്ങളെ ഇല്ലാതാക്കി മാറ്റുവാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്നത് കാണാതിരുന്നു കൂടാ.

കേന്ദ്ര നിയമ കമ്മീഷൻ രണ്ടു വർഷത്തിലേറെ സമയമെടുത്ത് വിദഗ്ധാഭിപ്രായ സ്വരൂപണത്തിലൂടെ തയ്യാറാക്കിയ റിപ്പോർട്ട് 2018ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. രാജ്യത്ത് ഏകീകൃത സിവിൽകോഡ് നടപ്പാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയമ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. 2014ലെ പൊതുതെരഞ്ഞെടുപ്പിനായി ബി.ജെ.പി പുറത്തിറക്കിയ പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനങ്ങളിലൊന്ന് രാജ്യത്ത് ഏകീകൃത സിവിൽകോഡ് നടപ്പാക്കുമെന്നായിരുന്നു. ഈ നീക്കത്തിന് തിരിച്ചടിയായി ഏകീകൃത സിവിൽ കോഡ് നിലവിലെ സാഹചര്യത്തിൽ രാജ്യത്തിന് ആവശ്യമില്ലെന്നും രാജ്യം അത് ആഗ്രഹിക്കുന്നില്ലെന്നും കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

ഭരണകൂടത്തിനെതിരെ സംസാരിക്കുന്നത് രാജ്യദ്രോഹ കുറ്റമല്ലെന്ന് അന്ന് നിയമ കമ്മീഷൻ വ്യക്തമാക്കിയതാണ്. ഇപ്പോൾ സുപ്രീംകോടതിയും അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. രാജ്യദ്രോഹ നിയമം (ഇന്ത്യൻ ശിക്ഷാനിയമം 124-എ) സംബന്ധിച്ച ചർച്ചാ രേഖയിലാണ് നിയമ കമ്മീഷന്റെ ഈ വിലയിരുത്തൽ. ഭരിക്കുന്നവരുടെ നയത്തിന് നിരക്കാത്ത ഒരു ചിന്താധാര പ്രകടിപ്പിച്ചതിന്റെ പേരിൽ മാത്രം ഏതെങ്കിലും വ്യക്തിയുടെ പേരിൽ രാജ്യദ്രോഹ കുറ്റം ചുമത്തരുത്. പൊതുസമാധാനം തകർക്കുക, അക്രമത്തിലൂടെയോ നിയമവിരുദ്ധ മാർഗത്തിലൂടെയോ സർക്കാറിനെ അട്ടിമറിക്കുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുമ്പോഴാണ് രാജ്യദ്രോഹ കുറ്റം ചുമത്തേണ്ടതെന്ന് കമ്മീഷൻ വ്യക്തമാക്കിയിരുന്നു.

അഭിപ്രായ സ്വാതന്ത്ര്യം ജനാധിപത്യത്തിന്റെ അനിവാര്യതയാണ്. ക്രിയാത്മകമായ വിമർശനങ്ങളും ചർച്ചകളും ജനാധിപത്യ പ്രകിയക്ക് ആക്കം കൂട്ടുകയേയുള്ളൂ. സർക്കാറിന്റെ നയത്തിലെ പിഴവുകൾ ചൂണ്ടിക്കാണിക്കപ്പെടണം. അത് മാധ്യമ ധർമമാണ്. അതിനൊന്നും സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ എന്തിനാണ് ബ്രിട്ടീഷുകാരെ നാം ആട്ടിയോടിച്ചത്? വിയോജിപ്പും വിമർശനവും ഊർജസ്വലമായ പൊതുചർച്ചയുടെ അവശ്യഘടകങ്ങളാണ്. അതിനുള്ള അവസരങ്ങൾ നിഷേധിക്കൽ ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന ക്രൂരതയാണ്. ■



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 11

# 'അല്ലാഹു, മലക്കുകൾ; പിന്നെ ഞാനും'

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

**മനഃപായസം!**

'1903 ജനുവരി 15ന് ലാഹോറിൽവച്ച് നിരവധിതവണ ഇൽഹാം അവതരിച്ചു. ഞാൻ എല്ലാ വശത്ത് കൂടെയും നിനക്ക് അനുഗ്രഹങ്ങൾ കാണിച്ചുതരും' (പേജ്: 372).

ഈ പ്രവചനം എവ്വിധം പുലർന്നുവെന്ന മിർസയുടെ വിശദീകരണം അടിക്കുറിപ്പിൽ വായിക്കാം: 'ഞാൻ ജഹ്‌ലമിനടുത്തെത്തിയപ്പോൾ ഏതാണ്ട് പതിനായിരത്തിലധികം ആളുകൾ എന്നെ കാണാനായി തടിച്ചുകൂടിയിരിക്കുന്നു. റോഡുകൾ നിറഞ്ഞുകവിഞ്ഞു. പലരും സുജൂദിലെന്നപോലെ ഏറെ വിനയാന്വിതരായിരുന്നു. ജില്ലാ കച്ചേരിക്കടുത്ത് ജനക്കൂട്ടത്തെ കണ്ട് ഉദ്യോഗസ്ഥർ അത്ഭുതപരതന്ത്രരായി നിൽപ്പുണ്ട്. അവിടെ വച്ച് 1100 പുരുഷന്മാരും 200നടുത്ത് സ്ത്രീകളും ബൈഅത്ത് ചെയ്തു അഹമ്മദിയത്തിൽ ചേർന്നു. കറമുദ്ദീൻ എനിക്കെതിരെ നൽകിയ കേസ് തള്ളിപ്പോയി. വളരെയേറെ വിനയത്തോടും വിശ്വാസത്തോടും കൂടി ആളുകൾ നേർച്ചകളും സമ്മാനങ്ങളും അർപ്പിച്ചു. അനുഗ്രഹങ്ങൾ കൊണ്ട് സമ്പന്നമായി ഞങ്ങൾ ഖാദിയാനിലേക്ക് മടങ്ങി. പ്രവചനം ഭംഗിയായി പുലർന്നു.'

'ഗുജറാൻവാല, വസീറാബാദ്, ഗുജറാത്ത് തുടങ്ങിയ അടുത്ത സ്റ്റേഷനുകളിലും ജനബാഹുല്യം കൊണ്ട് ഉദ്യോഗസ്ഥർ പ്രയാസപ്പെട്ടു. പ്ലാറ്റ്ഫോം ടിക്കറ്റ് തീർന്നുപോയിട്ടും ആളുകൾ പ്ലാറ്റ്ഫോമിൽ നിറഞ്ഞുകവിഞ്ഞു. വണ്ടി ഏറെനേരം സ്റ്റേഷനുകളിൽ പിടിച്ചിട്ടു. ഓടിത്തുടങ്ങിയ വണ്ടിയിൽ പിടിച്ച് ആളുകൾ നീങ്ങിയപ്പോൾ അവർ താഴെ വീണു മരിച്ചുപോകുമോ എന്നു ഭയപ്പെട്ടു.'

ഈ സംഭവം ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തിൽ 101ാമത്തെ അടയാളമായി രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ വഹയ് അവതരിച്ച വർഷം 1904 ആണ്. തദ്കിറയിൽ എടുത്തെഴുതിയപ്പോൾ തീയതി 1903 ജനുവരി 15 ആയി.!

അതേ പുസ്തകത്തിന്റെ

അവസാനത്തിൽ എഴുതിയത് കൂടി കാണുക: 'പ്ലേഗ് നമ്മുടെ ജമാഅത്തിനെ വളർത്തുകയും ശത്രുക്കളെ തളർത്തുകയുമാണ് ചെയ്യുന്നത്. മാസത്തിൽ ചുരുങ്ങിയത് 500 പേരെങ്കിലും ജമാഅത്തിൽ ചേരുന്നുണ്ട്. അത് ചിലപ്പോൾ ആയിരവും രണ്ടായിരവുമായി വർദ്ധിക്കാറുണ്ട്'(തതിമ്മ, പേജ് : 131, ഹാശിയ).

ഒരു കേസിനായി ജഹ്‌ലമിൽ ചെന്നപ്പോൾ, അൽപസമയത്തിനകം 1300 പേർ ബൈഅത്ത് ചെയ്തു എന്ന് എഴുതിയ കാര്യം മറന്നാണ് മാസത്തിലെ വളരെ കുറഞ്ഞ എണ്ണം പറഞ്ഞത്. വെള്ളം ചോരാത്ത നുണയാണെന്ന് വ്യക്തം.

ഒരിക്കൽ മിർസാ ഖാദിയാനിക്ക് വഹ്‌യ് നൽകുന്ന 'യലാശു' അഭിമുഖീകരിച്ചത് അദ്ദേഹത്തിന് ഒട്ടും പിടിപാടില്ലാത്ത ഇംഗ്ലീഷ് ഭാഷയിലായിരുന്നു:

"I love you. I shall give you a large patry of Islam" (പേജ് : 80).

**മിർസയും മലക്കുകളും**

ഖാദിയാനി മതത്തിൽ, വഹ്‌യുകൾ നൽകുന്ന 'അല്ലാഹു'വിനും അത് എത്തിച്ചുകൊടുക്കുന്ന മലക്കുകൾക്കും ഒട്ടേറെ 'വിശിഷ്ട നാമങ്ങൾ' തദ്കിറയിൽ കാണാം. അവയിലേറെയും മുമ്പ് കേട്ടിട്ടില്ലാത്തവയും നിരർഥകങ്ങളുമാണ്. അല്ലാഹു പ്രവാചകനെ സംബോധന ചെയ്യുന്ന പേരുകളും നിരവധിയാകുന്നു. അവയും വായിൽ വന്ന ചില വാക്കുകൾ എന്നേ പറയാനാവൂ.

**അസ്മാഉൽ ഹുസ്‌ന പ്ലസ്!**

അല്ലാഹുവിന് 99 നാമഗുണങ്ങൾ ഉണ്ടല്ലോ. അവ ക്വുർആനും സുന്നത്തും പറഞ്ഞുതരുന്നുണ്ട്. അതിനപ്പുറത്ത് മിർസാ ഖാദിയാനി പരിചയപ്പെടുത്തുന്ന അല്ലാഹുവിന്റെ ചില പേരുകൾ കാണുക:

"ഈ ലേഖനം എഴുതിക്കൊണ്ടിരിക്കെ അല്ലാഹു എന്നോട് പറഞ്ഞു: 'യലാശ്'. ഇത് അല്ലാഹുവിന്റെ മറ്റൊരു നാമമാകുന്നു. ക്വുർആനിലോ ഹദീസിലോ കണ്ടിട്ടില്ലാത്ത ഈ പേര് തന്റേതാണെന്ന് അല്ലാഹു പരിചയപ്പെടുത്തുന്നു. ഏതെങ്കിലും പ്രവാചകന് ഈ പേര് നൽകുന്നത് കടുത്ത കുഫ്‌റാകുന്നു' (പേജ്: 310).

ഈ പേര് അംഗീകരിച്ചുകൊണ്ട് ഖാദിയാനികൾ മക്കൾക്ക് അബ്ദുൽ യലാശ് എന്ന പേരിടാറുണ്ട്. എന്നാൽ ഇനി പറയുന്ന പേരുകൾ ഖാദിയാനികൾ സ്വന്തം മക്കൾക്ക് വേണ്ടി സ്വീകരിച്ചിട്ടില്ല.

"മറ്റൊരിക്കൽ അല്ലാഹു പറഞ്ഞു: 'തീർച്ചയായും ഞാൻ സ്വാഇഖയാകുന്നു.' മൗലവി അബ്ദുൽ കരീം പറയുന്നു: 'ഇത് അല്ലാഹുവിന്റെ പുതിയ പേരാണ്'(പേജ്: 368) ഇടിമിന്നൽ, ഘോരഗർജനം എന്നൊക്കെയാണ് ആ പദത്തിന്റെ അർഥം.

"1883ൽ അവതരിച്ച ഒരു വഹ്‌യ്: 'നമ്മുടെ രക്ഷിതാവ് ആജ് ആകുന്നു.' ഇതിന്റെ അർഥം ഇന്നുവരെ അറിവായിട്ടില്ല"(പേജ്: 79).

എന്നാൽ തദ്കിറ ക്രോഡീകരിച്ച മൗലവിക്ക് അതിന്റെ അർഥവും ആശയവുമൊക്കെ അറിയാം. 'ഇതിന്റെ അർഥം അറബിയിൽ, 'പാൽ കുടിപ്പിക്കുന്നവൻ' എന്നാണ്. മസീഹിനെ അനാഥനും അഗതിയുമായി കണ്ടപ്പോൾ അല്ലാഹു ആത്മീയ പാൽ അഥവാ ഭക്ഷണം നൽകി എന്നർഥം"(പേജ്: 105, 106; അടിക്കുറിപ്പ്).

എന്തുചെയ്യാം! പ്രവാചകന് അതുപോലും മനസ്സിലായില്ല. 1956ലെ പതിപ്പിലാണ് ഈ വിശദീകരണമുള്ളത്. തുടർന്നുള്ള പതിപ്പുകളിൽ അത് ഒഴിവാക്കിയിട്ടുണ്ട്. അതിലെ അനൗചിത്യമാവാം കാരണം.

പകർച്ചവ്യാധിയെക്കുറിച്ച് ചിന്തിക്കവേ, അല്ലാഹുവിന്റെ നാമങ്ങൾ ഉരുക്കഴിക്കുകയാണ് ചികിത്സ എന്ന് അറിയിച്ചു: 'യാ ഹഫീസ്, യാ അസീസ്, യാ റഫീഖ്... ഇതിനു മുമ്പ് അല്ലാഹുവിന്റേതായി എവിടെയും കണ്ടിട്ടില്ലാത്ത പുതിയ പേരാണ് റഫീഖ്. ഈ പേരുകൾ ആവർത്തിച്ചു പറയുക എന്നതാണ് ചികിത്സ'(പേജ്: 404).

"ഒരു സ്വപ്ന ദർശനത്തിൽ കോടതിയാണ് രംഗം. ഡെപ്യൂട്ടി ഖായിം അലിയാണ് ജഡ്ജ്. സഹോദരൻ മിർസാ ഗുലാം

**ഖാദിയാനി മതത്തിൽ, വഹ്‌യുകൾ നൽകുന്ന 'അല്ലാഹു'വിനും അത് എത്തിച്ചുകൊടുക്കുന്ന മലക്കുകൾക്കും ഒട്ടേറെ 'വിശിഷ്ട നാമങ്ങൾ' തദ്കിറയിൽ കാണാം. അവയിലേറെയും മുമ്പ് കേട്ടിട്ടില്ലാത്തവയും നിരർഥകങ്ങളുമാണ്. അല്ലാഹു പ്രവാചകനെ സംബോധന ചെയ്യുന്ന പേരുകളും നിരവധിയാകുന്നു. അവയും വായിൽ വന്ന ചില വാക്കുകൾ എന്നേ പറയാനാവൂ.**



ഖാദിർ ആണ് ശിരസ്തദാർ. ഇവിടെ അലി എന്നത് അല്ലാഹുവിന്റെ നാമമാകുന്നു' (പേജ്: 462).

**'അല്ലാഹുവിന്റെ ജോലി'**

അല്ലാഹുവിന്റെ ചില പ്രവൃത്തികൾ പരിചയപ്പെടുത്തുന്നുണ്ട് 'തദ്കിറ.' അവ പക്ഷേ, ഇസ്‌ലാമിന്റെ വിശ്വാസങ്ങൾക്കു വിരുദ്ധമാണ്. ചില ഉദാഹരണങ്ങൾ കാണുക:

ഖാദിയാനി പ്രവാചകൻ ഒരു സ്വപ്നമോ ജാഗ്രദ് ദർശനമോ ഇങ്ങനെ വിവരിക്കുന്നു: 'ഞാൻ ഒരു ദർശനത്തിൽ സ്വയം അല്ലാഹുവായി കണ്ടു. അങ്ങനെത്തന്നെ ഞാൻ ഉറച്ചു വിശ്വസിക്കുകയും ചെയ്തു. തുടർന്ന് അല്ലാഹുവിന്റെ ആത്മാവ് എന്നിൽ ലയിക്കുകയും ഞാൻ പൂർണമായി ഇല്ലാതാവുകയും ചെയ്തു...'

പിന്നീട് സ്വന്തം കൈകൾകൊണ്ട് ആകാശഭൂമികളെയും സൂര്യചന്ദ്രനക്ഷത്രാദികളെയും സൃഷ്ടിച്ച ശേഷം ചരാചരങ്ങളെയും മനുഷ്യരെയും സൃഷ്ടിച്ചത് വിശദീകരിക്കുന്നുണ്ട് അദ്ദേഹം. (പേജ് 152-155).

ഇസ്‌ലാം പരിചയപ്പെടുത്തുന്ന അല്ലാഹു ആകാശഭൂമികളെയും എല്ലാ ചരാചരങ്ങളെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവനാണ്. ഒന്നിനും ഒരാളെയും ആശ്രയിക്കാത്തതിനാൽ തന്നെ ഇക്കാര്യം ആരെയും ചുമതലപ്പെടുത്തിയിട്ടുമില്ല. ആലങ്കാരികം എന്ന് വിശേഷിപ്പിച്ചാലും ഈ പറഞ്ഞത് കൊടിയ ദൈവധിക്കാരം തന്നെയാണ്.

വീണ്ടും 'അല്ലാഹു' പറഞ്ഞു: 'ഞാൻ എന്റെ സുഹൃത്തിന്റെ കൂടെ നിൽക്കുന്നു. അവനെ ആക്ഷേപിക്കുന്നവനെ ഞാനും ആക്ഷേപിക്കും. ഞാൻ നോമ്പെടുക്കുകയും നോമ്പ് മുറിക്കുകയും ചെയ്യും.'

'ഞാൻ സൈന്യവുമായി പൊടുന്നനവേ നിന്റെ അടുത്ത് വരും. ഞാൻ നമസ്കരിക്കും, വ്രതം അനുഷ്ഠിക്കും. ഞാൻ നിനക്ക് അനശ്വരമായത് നൽകും' (പേജ്: 378).

നമസ്കാരം, നോമ്പ് തുടങ്ങിയ അനുഷ്ഠാന കർമങ്ങൾ നിർവഹിക്കുന്ന ഒരു അല്ലാഹുവിനെ ഇസ്‌ലാമിന് പരിചയമില്ലല്ലോ. ഇംഗ്ലീഷിലും ഉർദുവിലും പലതവണ വന്ന 'വഹ്‌യാ'ണ് ഇതിന്റെ ആദ്യവചനം.

"1902 മെയിൽ രോഗശയ്യയിൽ ആയിരിക്കെ അറബി, ഉർദു ഭാഷകളിൽ ഹുസൂറിന് അവതരിച്ച വഹ്‌യിൽ പറയുന്നു: 'ഇന്ന് പെരുന്നാൾ ദിവസമാകുന്നു. സർവശക്തനായ എന്റെ ദൈവമേ, ഈ പാനപാത്രം തിരിച്ചെടുക്കേണമേ. അല്ലാഹു ദുഃഖിതനാകുന്നു. മലക്കുകൾ നിന്നെ ആദരിക്കുന്നു" (പേജ്: 351,352).

ഏതെങ്കിലും കാര്യത്തിൽ ദുഃഖവും പ്രയാസവും അനുഭവിക്കുന്ന ഒരു അല്ലാഹുവിനെ ഇസ്‌ലാമിന് പരിചയമില്ല.

അല്ലാഹു പറഞ്ഞതായി തുടരുന്നു: 'ഞാനെന്റെ ദൂതനോടൊപ്പം മറുപടി നൽകും. ഞാൻ തെറ്റും ശരിയും ചെയ്യും. എന്റെ ദൂതനെ വലയം ചെയ്യും'(പേജ്: 381).

'ഞാൻ നിനക്ക് മുതവക്കിൽ എന്ന പേര് നൽകുന്നു. അല്ലാഹു അർശിൽനിന്ന് നിന്നെ സ്തുതിക്കുന്നു. നിനക്ക് സ്തോത്രം ചൊല്ലുകയും സ്വലാത്ത് ചൊരിയുകയും ചെയ്യുന്നു' (പേജ്: 294).

ഇത്തരം പ്രവർത്തികളൊന്നും ഇസ്‌ലാം പരിചയപ്പെടുത്തുന്ന സർവശക്തനായ അല്ലാഹുവിനില്ല. മിർസക്ക് ലഭിക്കുന്ന വഹ്‌യ് അല്ലാഹുവിൽനിന്നല്ല എന്ന് വ്യക്തം.

**മിർസയും മലക്കുകളും**

ഇനി നമുക്ക് മിർസയുടെ മലക്കുകളെ പരിചയപ്പെടാം: 'എന്റെ പ്രാർഥനയുടെ പാരമ്യത

**"ഞാൻ എന്റെ പിതാവിനെ സ്വപ്നത്തിൽ കാണുമ്പോഴൊക്കെയും അദ്ദേഹത്തിന്റെ രൂപത്തിൽ ഒരു മലക്കിനെയാണ് കാണാറുള്ളത്. അടിക്കാനായിട്ടെന്നപോലെ കയ്യിൽ ഒരു വടിയും ഉണ്ടാകും. 'മക്കളെ അടിക്കുന്ന പിതാവിനെപ്പോലെ' എന്ന് ഞാൻ പറയുമ്പോൾ ആ കണ്ണുകൾ നിറയും. ഇങ്ങനെ രണ്ടുമൂന്നു തവണ സംഭവിച്ചിട്ടുണ്ട്'' (പേജ്: 354). മലക്കാണോ കരയുന്നത് അതോ ബാപ്പയോ? മലക്കിനെ എങ്ങനെയാണ് തിരിച്ചറിയുക?**

യിൽ ഒരു മലക്കിനെ അയക്കുക എന്നതാണ് അല്ലാഹു എന്നോട് സ്വീകരിക്കുന്ന രീതി. മലക്ക് സ്വന്തം കരങ്ങളാൽ ആപത്തുകൾ തടയുകയും ഒട്ടും വൈകാതെ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുകയും നേരം പുലരുന്നതോടെ അതിന്റെ അടയാളം പ്രത്യക്ഷപ്പെടുകയും ചെയ്യും'(പേജ്: 354).

**മാലാഖക്കുട്ടികൾ**

'ഒരിക്കൽ എട്ടോ പത്തോ വയസ്സുള്ള ഒരു ആൺകുട്ടിയുടെ രൂപത്തിൽ മലക്ക് എന്നെ സമീപിച്ചു. വളരെ ശുദ്ധവും പ്രാസനിബദ്ധവുമായ ഭാഷയിൽ പറഞ്ഞു: 'അല്ലാഹു താങ്കളുടെ എല്ലാ ഉദ്ദേശ്യങ്ങളും പൂർത്തിയാക്കും' (പേജ്: 368).

'സൂഫി നബിബഖ്ഷ് വിശദീകരിക്കുന്നു, മസീഹ് അരുൾ ചെയ്തു: 'വലിയ സാഹിബിന് (പിതാവ് മിർസാ ഗുലാം മുർതസ) ഒരു കേസ് ഉണ്ടായിരുന്നു. ഞാൻ പ്രാർഥിച്ചപ്പോൾ ചെറിയ കുട്ടിയുടെ രൂപത്തിൽ ഒരു മലക്ക് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. 'നിന്റെ പേരെന്താണ്?' ഞാൻ ചോദിച്ചു. അപ്പോൾ അവൻ പറഞ്ഞു: 'എന്റെ പേര് ഹഫീസ് എന്നാണ്.' പിന്നെ ആ കേസ് മാഞ്ഞുപോയി' (പേജ്: 643).

**രണ്ടിലൊന്ന് അബദ്ധം**

1874 നോടടുത്ത് 'ഒരിക്കൽ സ്വപ്നത്തിൽ ഒരു ആൺകുട്ടിയുടെ രൂപത്തിൽ ഒരു മലക്ക് ഉയർന്ന പീഠത്തിൽ ഇരിക്കുന്നത് കണ്ടു. തന്റെ കയ്യിലുള്ള റൊട്ടിയുടെ കഷ്ണം എനിക്ക് തന്നു. 'നിനക്കും നിന്നോടൊപ്പമുള്ള ദർവേശുകൾക്കും' എന്ന് പറഞ്ഞു. റൊട്ടിയെ ഞാൻ വ്യാഖ്യാനിച്ചു: അല്ലാഹു നമുക്കും നമ്മുടെ ജമാഅത്തിനും ആവശ്യമായ ഭക്ഷണം നൽകും. അക്കാര്യത്തിൽ ഒരിക്കലും ആശങ്കിക്കേണ്ടിവരില്ല എന്നാണ് അതിന്റെ താൽപര്യം' (പേജ്: 14).

ഡോ. അബ്ദുസ്സത്താർ ഷാ വിവരിക്കുന്നു: 'മസീഹ് ഒരിക്കൽ പറഞ്ഞു: ഈ മിനാരത്തിന്റെ മുന്നിൽ ഞാൻ രണ്ട് മലക്കുകളെ



കണ്ടു. അവരുടെ കയ്യിലുള്ള രണ്ട് മധുരമുള്ള അപ്പങ്ങൾ എനിക്ക് തന്നുകൊണ്ട് പറഞ്ഞു: നിനക്കും നിന്റെ ശിഷ്യന്മാർക്കും ഉള്ളതാണിത്' (പേജ്: 678).

ഇത് രണ്ടും ഒരേ സംഭവമാണെന്നും മലക്കുകളുടെ എണ്ണം കൂടിയതും ദർവേശുകൾ മുരീദുകളായതും നിവേദകന്റെ ഓർമക്കുറവാണെന്നും ക്രോഡീകരിച്ചയാൾ അടിക്കുറിപ്പിൽ വിശദീകരിക്കുന്നുണ്ട്. ദൈവിക ദർശനമെങ്കിൽ ഇത്തരം അബദ്ധങ്ങൾ നിസ്സാരമായി കാണാനാവുമോ?

**മലക്കുകളുടെ ശസ്ത്രക്രിയ!**

1878ലാണ് സംഭവം. ആ നാളിൽ ഒരു രാത്രി കശ്ഫിൽ കണ്ടു. മലക്കിനെപ്പോലെ ഒരാൾ, ഷേർ അലി എന്നാണ് പേരെന്ന് മനസ്സിൽ തോന്നി. എന്നെ ഒരിടത്തു കിടത്തി എന്റെ രണ്ട് കണ്ണുകളും ചൂഴ്ന്നെടുത്തു. നന്നായി കഴുകി വൃത്തിയാക്കി. അഴുക്കും കലർപ്പും എടുത്തുമാറ്റി. എല്ലാ വിധ രോഗങ്ങളും കാഴ്ചദോഷങ്ങളും നീക്കംചെയ്തു. കണ്ണുകളിൽ നേരത്തെ ഉണ്ടായിരുന്നതും അമർന്നു കിടന്നിരുന്നതുമായ വിശുദ്ധ ശോഭയ്ക്ക് നക്ഷത്രത്തിളക്കം നൽകി, പ്രവർത്തനക്ഷമമാക്കി. ശേഷം ഷേർ അലി അപ്രത്യക്ഷനായി. അതോടെ ഞാൻ ജാഗ്രദ് ദർശനത്തിൽനിന്നും സാധാരണ അവസ്ഥയിലേക്ക് പരിവർത്തിതനായി'' (പേജ്: 24).

**സുന്ദരനും സുന്ദരിയും**

ഖാദിയാനി പ്രവാചകൻ മറ്റു ചില മലക്കുകളെ പരിചയപ്പെടുത്തുന്നു: 'എന്റെ പിതാവ് മരിച്ചു രണ്ടോ മൂന്നോ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതീവ സുന്ദരിയായ ഒരു സ്ത്രീയെ ഞാൻ സ്വപ്നം കണ്ടു. അവളുടെ ശരീരം ഇപ്പോഴും എന്റെ കൺമുമ്പിലുണ്ട്. അവൾ പറഞ്ഞു: ഞാൻ റാണിയാണ്. ഈ വീടിന്റെ ഐശ്വര്യവും അന്തസ്സും ആണ് ഞാൻ' (പേജ്: 20).

'ആ കാലത്തു തന്നെ അതിസുന്ദരനായ ഒരു പുരുഷനെയും കാണാൻ സാധിച്ചു. 'നീ ഒരു സുന്ദരൻ തന്നെ' എന്ന് പറഞ്ഞപ്പോൾ 'ഞാൻ ദർശനിയാണ്. നിന്റെ ഉണർന്ന ഭാഗ്യമാണ് ഞാൻ' എന്ന് മറുപടി പറഞ്ഞു' (പേജ്: 20).

സുന്ദരന്മാരും സുന്ദരികളും കൗമാരക്കാരുമൊക്കെയാണ് മിർസയെ സന്ദർശിക്കുന്ന മലക്കുകൾ. പിന്നെ പിതാവിന്റെയും സഹോദരന്റെയും രൂപത്തിൽ വരുന്ന ചിലരും. അദ്ദേഹം പറയുന്നു:

"ഞാൻ എന്റെ പിതാവിനെ സ്വപ്നത്തിൽ കാണുമ്പോഴൊക്കെയും അദ്ദേഹത്തിന്റെ രൂപത്തിൽ ഒരു മലക്കിനെയാണ് കാണാറുള്ളത്. അടിക്കാനായിട്ടെന്നപോലെ കയ്യിൽ ഒരു വടിയും ഉണ്ടാകും. 'മക്കളെ അടിക്കുന്ന പിതാവിനെപ്പോലെ' എന്ന് ഞാൻ പറയുമ്പോൾ ആ കണ്ണുകൾ നിറയും. ഇങ്ങനെ രണ്ടുമൂന്നു തവണ സംഭവിച്ചിട്ടുണ്ട്'' (പേജ്: 354). മലക്കാണോ കരയുന്നത് അതോ ബാപ്പയോ? മലക്കിനെ എങ്ങനെയാണ് തിരിച്ചറിയുക?

(തുടരും)



# ശരീഅത്ത് തിരുത്തണമെന്നോ?

ടി.കെ അശ്റഫ്
: 81118 07199

*(കാസർകോട്ടെ ഒരു വക്കീൽ തൻെറ സ്വത്ത് പെൺമക്കൾക്ക് മാത്രം അനന്തരമായി കിട്ടുന്നത് ഉറപ്പ് വരുത്താൻ വേണ്ടി ഭാര്യയെ രജിസ്റ്റർ വിവാഹം ചെയ്യുകയും ഇസ്‌ലാമിക ശരീഅത്തിനെ നിശിതമായി വിമർശിക്കുകയും ചെയ്ത സാഹചര്യത്തിൽ വിസ്ഡം യൂത്ത് ഓർഗനൈസേഷൻ കോഴിക്കോട്ടുവച്ച് 'ശരീഅത്ത് തിരുത്തണമെന്നോ?; അനന്തരാവകാശ വിവാദം: ഇസ്‌ലാമിന് പറയാനുള്ളത്' എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്തുകയുണ്ടായി. പ്രസ്തുത സെമിനാറിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേൻ ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് നടത്തിയ പ്രഭാഷണത്തിൻെറ ലേഖന രൂപം).*

**മനുഷ്യനിർമിത ദർശനങ്ങൾക്കെല്ലാം പരിമിതികളുണ്ട്. നിലനിൽക്കുന്ന കാലത്തിന്റെയും സാഹചര്യങ്ങളുടെയും തടവിലാണ് ഓരോ ആശയവും. മനുഷ്യനെ സൃഷ്ടിച്ച സ്രഷ്ടാവിന് മാത്രമെ കുറ്റമറ്റ നിയമങ്ങൾ ആവിഷ്കരിക്കാൻ കഴിയൂ. ഇസ്‌ലാമിക ശരീഅത്തിന്റെ ആധാരശിലയും അത് തന്നെയാണ്. തങ്ങളുടെ ബുദ്ധിയും ദുഷ്ടലാക്കും കൈമുതലാക്കി അത് തിരുത്താനാണ് ചിലർ ശ്രമിക്കുന്നത്. എന്നാൽ, അത് മിഥ്യാസ്വപ്നമാണെന്നതിന് കാലം സാക്ഷിയാണ്.**

'ശരീഅത്ത് തിരുത്തണമെന്നോ?; അനന്തരാവകാശ വിവാദം: ഇസ്‌ലാമിന് പറയാനുള്ളത്' എന്ന വിഷയത്തിലുള്ള സെമിനാറിലാണ് നാമുള്ളത്. എന്റെ സംസാരത്തിനു മുമ്പ് നിങ്ങൾ ഒരു മീഡിയ പ്രവർത്തകന്റെ-ക്ലിപ്പ്-കാണുകയുണ്ടായി. കാസർകോട്ടെ ഒരു വ്യക്തിയുമായി ബന്ധപ്പെട്ടുകൊണ്ട് അനന്തരാവകാശത്തിന്റെ വിഷയത്തിൽ ഉയർന്നുവന്ന ചർച്ചയുടെ ക്ലിപ്പാണത്. അദ്ദേഹം അതിൽ ചോദിക്കുന്നത്, ഇസ്‌ലാമിക ശരീഅത്ത് തിരുത്തുന്നതുമായി ബന്ധപ്പെട്ട അവസ്ഥയിലേക്ക് ഈ ചർച്ച പുരോഗമിക്കുമോ, അതിന് മതപണ്ഡിതൻമാർ സമ്മതിക്കുമോ എന്നൊക്കെയാണ്. ഇങ്ങനെയൊരു ചോദ്യം സമൂഹത്തിൽനിന്നുയുരുമ്പോൾ ആ ചോദ്യത്തോട് പ്രതികരിക്കൽ അനിവാര്യമാണ്.

ഇസ്‌ലാമിലെ അനന്തരാവകാശവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചക്ക് ഇങ്ങനെ ഒരു സംഭവത്തിന് കാത്തിരിക്കുക എന്ന രീതിയല്ല വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനെ സംബന്ധിച്ചും അതിന്റെ പ്രവർത്തകരെ സംബന്ധിച്ചുമുള്ളത്. ഈ വേദിയിലിരിക്കുന്ന ഇതിന്റെ ആങ്കർ, വിസ്ഡം യൂത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറികൂടിയായ ടി.കെ നിഷാദ് സലഫിയും നൂറുൽഹഖ് ആമയൂരും കൂടി അനന്തരാവകാശ നിയമവുമായി ബന്ധപ്പെട്ട് അഞ്ഞൂറിലധികം പേജുകളുള്ള ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഏത് സാധാരണക്കാരനും വായിച്ച് മനസ്സിലാക്കാൻ കഴിയുന്ന, സംശയം തിർക്കാൻ സാധിക്കുന്ന ഒരു ഗ്രന്ഥമാണത്. അതുപോലെ തന്നെ ഈ വേദിയിലിരിക്കുന്ന, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പണ്ഡിത സമിതിയുടെ ജോയിന്റ് കൺവീനർ കൂടിയായ ശബീബ് സ്വലാഹിയും ഈ വിഷയത്തിൽ വളരെ ഗഹനമായ ഒരു ഗ്രന്ഥം രചിച്ചി



ട്ടുണ്ട്. അത് വിസ്ഡം ബുക്സ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മീഡിയാ പ്രവർത്തകരടക്കം ധാരാളം ആളുകൾ ഈ വിഷയം വിവാദമായ സമയത്ത് അതിന്റെ ഒരു കോപ്പി കിട്ടുമോ എന്ന് എന്നെ വിളിച്ച് ചോദിച്ചിട്ടുണ്ട്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിഷയങ്ങൾ പഠിപ്പിക്കാൻ ഒരു വിവാദത്തിന് കാത്ത് നിൽക്കുന്ന നയമല്ല സ്വീകരിച്ചുവരുന്നത് എന്ന കാര്യം അതിന്റെ പ്രബോധന സരണി എടുത്ത് പരിശോധിച്ച് നോക്കിയാൽ മനസ്സിലാകും. ലേഖനങ്ങളിലൂടെയും ഗ്രന്ഥരചനയിലൂടെയും പ്രഭാഷണങ്ങളിലൂടെയും സ്ക്വാഡ് വർക്കുകളിലൂടെയും വിവിധങ്ങളായ പ്രോഗ്രാമുകൾ നടത്തിയും വ്യക്തികളുമായുള്ള സംഭാഷണങ്ങളിലൂടെയുമെല്ലാം ഇസ്‌ലാമിക ശരീഅത്തിന്റെ സാർവ ലൗകികതയും നിത്യപ്രസക്തിയും അജയ്യതയും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിൽ ഈ കൂട്ടായ്മ ബദ്ധശ്രദ്ധമാണ്.

എന്തുകൊണ്ട് ഇങ്ങനെയൊരു പ്രോഗ്രാം? ഒരു സുപ്രഭാതത്തിൽ 'ഞാൻ എന്റെ ഭാര്യയെ രണ്ടാമതും വിവാഹം കഴിക്കുന്നു, അത് എന്റെ സ്വത്ത് പെൺമക്കൾക്ക് മാത്രം ഉറപ്പ് വരുത്താൻ വേണ്ടിയാണ്' എന്ന് മാത്രം ഒരാൾ പറഞ്ഞ് പോകുകയാണെങ്കിൽ അത് ഒരു വിഷയമല്ല. അതിനെ വലിയൊരു വിഷയമായെടുത്ത് പിന്നിൽ കൂടുക എന്നത് ഏറെ ഉത്തരവാദിത്തങ്ങളുമായി മുന്നോട്ടു പോകുന്ന നമ്മുടെ കൂട്ടായ്മയുടെ പണിയല്ല. എന്നാൽ ഇസ്‌ലാമിക ശരീഅത്തിനെയും അനന്തരാവകാശ നിയമങ്ങളെയും പഴിപറയുകകൂടി ചെയ്യുമ്പോൾ മൗനം പാലിക്കാനാകില്ല. മീഡിയകൾ വൈകുന്നേരം ഇത് ചർച്ചയാക്കുന്നു. അത് കത്തിപ്പടരുന്നു. സാമൂഹ്യ മാധ്യമങ്ങൾ ഏറ്റെടുക്കുന്നു. അങ്ങനെ അത് വികസിച്ച് വൻ വാർത്തയായി മാറുന്നു. ഈ ചർച്ചകളിൽ ഇവിടെയുള്ള പണ്ഡിതൻമാരെയോ പ്രബോധകൻമാരെയോ പങ്കെടുപ്പിക്കുവാൻ ചാനലുകാർ വൈമനസ്യം കാണിച്ചത് ഓർക്കുക.

ഇതിന്റെ മർമത്തെ സംബന്ധിച്ച് അറിയാത്ത ഒരു വിഭാഗം മുസ്‌ലിം

**ഇസ്‌ലാമിന് വിവാദങ്ങൾ ഒരിക്കലും ഒരു പുത്തരിയല്ല. ഇസ്‌ലാം ചർച്ച ചെയ്യപ്പെടുന്നത് അതൊരു മനുഷ്യജീവിതത്തിന്റെ സമഗ്രതല സ്പർശിയായ മതമായതുകൊണ്ടാണ്. 'ഞാൻ അവനെ എയറിൽ നിറുത്തി' എന്നൊക്കെ പലരും പറയാറുണ്ട്. നെഗറ്റീവായിക്കൊണ്ടാണ് സാധാരണയായി അങ്ങനെ പറയാറുള്ളത്. ആകെ പ്രതിസന്ധിയിലാക്കി എന്നാണുദ്ദേശ്യം. എന്നാൽ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അത് എപ്പോഴും എയറിലാണ്. അതൊരു പൊസിറ്റീവായ അർഥത്തിലാണ് ഞാൻ പറയുന്നത്. എന്താണ് അർഥം? ഇന്ന് സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു മതമുണ്ടെങ്കിൽ, വിശ്വാസമുണ്ടെങ്കിൽ, സംസ്കാരമുണ്ടെങ്കിൽ അത് ഇസ്‌ലാമാണ്. എന്തുകൊണ്ട്? അത് കാലാതിവർത്തിയാണ്. അത് മനുഷ്യ നിർമിതമല്ല. അത് ദൈവികമാണ്. മനുഷ്യനിർമിതമായ എത്രയോ സിദ്ധാന്തങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. പക്ഷേ, അതൊക്കെ ഒരു പ്രത്യേക കാലഘട്ടത്തിൽ, ഒരു പ്രത്യേക നൂറ്റാണ്ടിൽ മാത്രം ചർച്ചയാവുകയും പിന്നീട് കോൾഡ് സ്റ്റോറേജിലേക്ക് മാറ്റപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്. ഇസ്‌ലാം അങ്ങനെയല്ല, അത് നിരന്തരമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.**

കമ്യൂണിറ്റിയിലുണ്ട്. അതുപോലെ പൊതുസമൂഹത്തിലുണ്ട്. അവരൊക്കെ ഇങ്ങനെ ഒരു വിഷയത്തെ സംബന്ധിച്ച് ഒരു പുസ്തകം ലഭിക്കുമോ എന്ന് ചോദിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ പൊതു, രാഷ്ട്രീയ പ്രവർത്തകൻമാർ ചോദിച്ച് കൊണ്ടിരിക്കുന്നു. ദാഹിക്കുമ്പോഴാണ് ആളുകൾക്ക് വെള്ളം കൊടുക്കേണ്ടത്. മരുഭൂമിയിൽ വെള്ളത്തിന് പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്ന ഒരാൾക്ക് ആ സമയത്ത് കൊടുക്കുന്ന വെള്ളവും അയാൾ അയാളുടെ വീട്ടിലിരിക്കെ അയാൾക്ക് വെള്ളം അത്ര അത്യാവശ്യമല്ലാത്ത സമയത്ത് കൊടുക്കുന്ന വെള്ളവും അത് വാങ്ങി കുടിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ആവശ്യമുള്ള സമയത്ത് കൊടുക്കുമ്പോൾ നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയും. ഇങ്ങനെയൊരു പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നത് അനിവാര്യമായ സമയം കൂടി കണക്കിലെടുത്താണ്.

വിവാദത്തിന് കാരണക്കാരനായ വ്യക്തിക്ക് പോലീസ് പ്രൊട്ടക്ഷൻ കൊടുത്തിട്ടുണ്ട് എന്നൊരു പത്രവാർത്ത കാണാനിടയായി. എന്താണ് ഇതിലൂടെയൊക്കെ ഇവർ ലക്ഷ്യമാക്കുന്നത്? ശരീഅത്തിനെതിരെ ആരെങ്കിലും സംസാരിച്ചാൽ അയാളെ ദേഹോപദ്രവം ചെയ്യാനും ഇല്ലായ്മ ചെയ്യാനും ഇവിടെ മുസ്‌ലിംകൾ ഒരുങ്ങി നിൽക്കുകയാണ്, അവർ വികാര ജീവികളാണ് എന്ന ഒരു പൊതുബോധം ഉണ്ടാക്കിയെടുക്കലാണ് ഇതിന്റെയൊക്കെ ലക്ഷ്യം. വിവേകമുള്ള ഒരു മുസ്‌ലിമും അതിന് മുതിരുകയില്ല. കാരണം അത് ഇസ്‌ലാമിന്റെ മാർഗമല്ല.

വിമർശനങ്ങളെ ആശയപരമായിത്തന്നെ ചെറുത്തു തോൽപിക്കാൻ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം യാതൊരു പ്രയാസവുമില്ല. ശരീഅത്ത് എന്ന വാക്ക് കേൾക്കുന്നതോടുകൂടി ഇസ്‌ലാമിന്റെ പുറത്ത് നിൽക്കുന്ന പലരുടെയും മനസ്സിൽ ഓടിയെത്തുക വിവാഹം, വിവാഹമോചനം പോലുള്ള വാക്കുകളാണ്. ഇസ്‌ലാം എന്നാൽ വിവാഹത്തിന്റെയും വിവാഹ മോചനത്തിന്റെയും മാത്രം മതമാണ് എന്നാണ് അവർ ധരിച്ചുവച്ചിരിക്കുന്നത്. അത് മാത്രമല്ല ശരീഅത്ത്. അത് ശരീഅത്തിന്റെ ഭാഗം മാത്രമാണ്. ഇസ്‌ലാമിക നിയമങ്ങൾ വ്യക്തി എങ്ങനെ അവന്റെ ആരാധനാനുഷ്ഠാനങ്ങൾ ചിട്ടപ്പെടുത്തി മുന്നോട്ട് പോകണം എന്ന് പഠിപ്പിക്കുന്നു. ഓരോന്നിനും കൃത്യമായ നിയമങ്ങളും നിർദേശങ്ങുമുണ്ട്; കർമശാസ്ത്രമുണ്ട്.

ഇസ്‌ലാമിൽ കെട്ടലും തീർക്കലും മാത്രമേയുള്ളൂ എന്ന തരത്തിലാണ് പൊതുബോധം ഇവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇസ്‌ലാമിന് വിവാദങ്ങൾ ഒരിക്കലും ഒരു പുത്തരിയല്ല. ഇസ്‌ലാം ചർച്ച ചെയ്യപ്പെടുന്നത് അതൊരു മനുഷ്യജീവിതത്തിൻെറ സമഗ്രതല സ്പർശിയായ മതമായതുകൊണ്ടാണ്. ‘ഞാൻ അവനെ എയറിൽ നിറുത്തി’ എന്നൊക്കെ പലരും പറയാറുണ്ട്. നെഗറ്റീവായിക്കൊണ്ടാണ് സാധാരണയായി അങ്ങനെ പറയാറുള്ളത്. ആകെ പ്രതിസന്ധിയിലാക്കി എന്നാണുദ്ദേശ്യം. എന്നാൽ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അത് എപ്പോഴും എയറിലാണ്. അതൊരു പൊസിറ്റീവായ അർഥത്തിലാണ് ഞാൻ പറയുന്നത്. എന്താണ് അർഥം? ഇന്ന് സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു മതമുണ്ടെങ്കിൽ, വിശ്വാസമുണ്ടെങ്കിൽ, സംസ്കാരമുണ്ടെങ്കിൽ അത് ഇസ്‌ലാമാണ്. എന്തുകൊണ്ട്? അത് കാലാതിവർത്തിയാണ്. അത് മനുഷ്യ നിർമിതമല്ല. അത് ദൈവികമാണ്. മനുഷ്യനിർമിതമായ എത്രയോ സിദ്ധാന്തങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. പക്ഷേ, അതൊക്കെ ഒരു പ്രത്യേക കാലഘട്ടത്തിൽ, ഒരു പ്രത്യേക നൂറ്റാണ്ടിൽ മാത്രം ചർച്ചയാവുകയും പിന്നീട് കോൾഡ് സ്റ്റോറേജിലേക്ക് മാറ്റപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്. ഇസ്‌ലാം അങ്ങനെയല്ല, അത് നിരന്തരമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് ജനങ്ങളുടെ ജീവിതവുമായി സംവദിക്കുന്ന, ജീവനുള്ള ഒരു ദർശനമായതുകൊണ്ടാണ് എപ്പോഴും ചർച്ചക്ക് വിധേയമായിക്കൊണ്ടിരിക്കുന്നത് എന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. വിമർശിക്കപ്പെടുന്ന വിഷയങ്ങളിൽ വ്യക്തത നൽകാൻ കഴിയില്ലെങ്കിലേ വിമർശനങ്ങളെ ഭയക്കേണ്ടതുള്ളൂ. ഇസ്‌ലാമിന് അങ്ങനെയൊരു ഭയമില്ല. ഏത് വിമർശനത്തിനും കൃത്യമായ മറുപടി ഇസ്‌ലാമിക പ്രമാണങ്ങളിലുണ്ട്.

ഇതിലും വലിയ ആളുകൾ ശരീഅത്തിനെ ചോദ്യം ചെയ്യാൻ കടന്നുവന്നിട്ടും അവരുടെ മുന്നിൽ ഉജ്വലമായി ഇസ്‌ലാമിന്റെ ഏതൊരു വിഷയത്തെയും കൃത്യമായി അവതരിപ്പിച്ച ചരിത്രമാണ് മുൻഗാമികൾക്കുള്ളത്. അന്ന് ഉയർന്നുവന്ന ആരോപണങ്ങളുടെ പകർപ്പുകൾ മാത്രമാണ് ഇന്നും ഉന്നയിക്കപ്പെടുന്നത്. അതുകൊണ്ട് ഇപ്പോഴത്തെ ഇസ്‌ലാമിക പ്രബോധകൻമാർക്കും അന്നത്തെ പണ്ഡിതൻമാർ നൽകിയ മറുപടിയിൽ തന്നെ ഊന്നിനിന്നുകൊണ്ട് ഈ വിവാദങ്ങളോട് പ്രതികരിക്കാൻ സാധിക്കും.

ഇസ്‌ലാമിനെ ആരെങ്കിലും വിമർശിക്കുമ്പോഴേക്കും അതാകെ ഇല്ലാതായിപ്പോകുമെന്ന് ആരും വിചാരിക്കേണ്ടതില്ല. കാരണം, ഇതിന്റെ സംരക്ഷണം നിർവഹിക്കുന്നത് ഇവിടെയുള്ള ഏതെങ്കിലും മുസ്‌ലിം സംഘടനകളോ പ്രബോധകൻമാരോ വിശ്വാസി സമൂഹമോ അല്ല. മുമ്പുള്ള വേദഗ്രന്ഥങ്ങളുടെ സംരക്ഷണച്ചുമതല, അതാത് സമുദായങ്ങളെ തന്നെയാണ് ഏൽപിച്ചിരുന്നത്. എന്നാൽ വിശുദ്ധ ക്വുർആനിന്റെ സംരക്ഷണച്ചുമതല അല്ലാഹുതന്നെ ഏറ്റിരിക്കുകയാണ്. “തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്”(ക്വുർആൻ 15:9).

ഇതിന്റെ പ്രകാശത്തെ ആര്

ഊതിക്കെടുത്താൻ ശ്രമിച്ചാലും അത് വിജയിക്കില്ല. "അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു" (61:8) എന്നത് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ ഓർമപ്പെടുത്തിയ കാര്യമുകുന്നു. അതുകൊണ്ട് വിശ്വാസിയെ സംബന്ധിച്ച് ഒരു അസ്വസ്ഥതയും ഇതിലില്ല.

ഇനി പ്രവാചകൻമാർ വരാനില്ല. അതുകൊണ്ട് ആശയക്കുഴപ്പങ്ങളുണ്ടാകുമ്പോൾ അത് തീർക്കുക എന്നത് പ്രബോധകൻമാരുടെ ഉത്തരവാദിത്തമാണ്. ആ ബാധ്യത നമ്മൾ നിർവഹിക്കുന്നു. പരലോകത്ത് നമ്മൾ കുറ്റത്തിൽനിന്ന് ഒഴിവാകാൻ വേണ്ടിയാണത്. അതല്ലാതെ, നമ്മൾ സംരക്ഷിച്ചിട്ടില്ലെങ്കിൽ ഇസ്‌ലാം തകർന്നുപോകുമെന്ന വിചാരം കൊണ്ടല്ല.

വിമർശകരെ ഇസ്‌ലാം ഭയപ്പെടുന്നില്ല. പല വിമർശകരും വിശ്വാസികളായി മാറിയ ചരിത്രമാണ് ഇസ്‌ലാമിനുള്ളത്. ഉമർ(റ), അബൂസുഫ്‌യാൻ(റ), ഖാലിദ് ബിൻ വലീദ്(റ) പോലെയുള്ളവർ ഇസ്‌ലാമിന്റെ ശത്രുപക്ഷത്ത് അടിയുറച്ചു നിന്ന് പോരാടുകയും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഇല്ലായ്മ ചെയ്യാൻ വേണ്ടി പരിശ്രമിക്കുകയും ചെയ്തവരാണ്. എന്നാൽ പിന്നീട് ഇസ്‌ലാമിന്റെ മുന്നണിപ്പോരാളികളായി അവർ മാറിയതാണ് ചരിത്രം. ആധുനിക കാലഘട്ടത്തിലും ഇസ്‌ലാമിനെ വിമർശിക്കാൻ വേണ്ടി പേനയെടുത്തവർ, അതിനെ കുറ്റം പറയാൻ വേണ്ടി നാവ് ചലിപ്പിച്ചവർ പലരും അവസാനം ഇസ്‌ലാമിലേക്ക് കടന്നുവന്നിട്ടുണ്ട്. ലോകരാജ്യങ്ങളിൽ ഇതിന് എമ്പാടും ഉദാഹരണങ്ങളുണ്ട്.

കേരള നദ്‌വത്തുൽ മുജാഹിദീന്റെ സംസ്ഥാന പ്രസിഡന്റായിരുന്നു ഡോ. ഉസ്മാൻ സാഹിബ്. (അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുക്കുമാറാകട്ടെ). അദ്ദേഹം കുറെ കാലം നിരീശ്വരവാദത്തിന്റെയും യുക്തിവാദത്തിന്റെയും ഒരു പ്രചാരകനായിരുന്നു. അതിനായി മുന്നിൽ നിന്ന് നാടകം രചിച്ചു, ഗ്രന്ഥരചന നടത്തി. ദൈവം ഇല്ല എന്ന് സ്ഥാപിക്കാൻ വേണ്ടി സമയം ചെലവഴിച്ചു. ഇസ്‌ലാമിനെതിരിൽ സംസാരിക്കാൻ, വിശുദ്ധ ഖുർആനിനെ വിമർശിക്കാൻ വേണ്ടി അദ്ദേഹം ഖുർആൻ പഠിക്കാൻ തയ്യാറായി.

ആ പഠനം അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് നയിച്ചു. ഖുർആനിന്റെ അനുയായിയാകാൻ പഠനം അദ്ദേഹത്തെ സഹായിച്ചു. അദ്ദേഹം ഇസ്‌ലാമിന്റെ വിഷയങ്ങൾ അഗാധമായി മനസ്സിലാക്കി. താമസിയാതെ കേരളത്തിൽ ഇസ്‌ലാമിക പ്രബോധക പ്രവർത്തനത്തിന്റെ, തൗഹീദീ പ്രസ്ഥാനത്തിന്റെ അമരക്കാരനായി മാറി. തന്റെ ശിഷ്ടകാലം ഏറ്റവും നന്നായി ഇസ്‌ലാമിക പ്രബോധനം നടത്തിയും അതിന് നേതൃത്വം നൽകിയും അദ്ദേഹം കഴിച്ചുകൂട്ടി.

**തനിക്ക് ആൺമക്കളില്ലാത്തതിനാൽ തന്റെ മരണശേഷം തന്റെ സ്വത്തിൽനിന്ന് ചെറിയൊരു ഓഹരി ഇസ്‌ലാമിലെ അനന്തരാവകാശനിയമ പ്രകാരം സഹോദരങ്ങൾക്ക് ലഭിക്കുമെന്നതിനാൽ ഭാര്യയെ രണ്ടാമത് രജിസ്റ്റർ വിവാഹം ചെയ്ത് ശരീഅത്തിനെ വിമർശിച്ച വ്യക്തിക്കെതിരിൽ മുസ്‌ലിംകളാരും അക്രമാസക്തമായി പ്രതികരിച്ചിട്ടില്ല. ഇസ്‌ലാമിൽനിന്ന് പുറത്താക്കി ആരും ഫത്‌വയിറക്കിയിട്ടുമില്ല. അദ്ദേഹത്തിന്റെ കുടുംബത്തിലെ എല്ലാവർക്കും അദ്ദേഹത്തിന്റെ വീക്ഷണമായിരിക്കാനും സാധ്യതയില്ല. ഒരുപക്ഷേ, അവരൊക്കെ ഇതിൽ വേദനിക്കുന്നുണ്ടാകും എന്നാണ് മനസ്സിലാക്കുന്നത്.**

പൊതുസമൂഹത്തിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള അജ്ഞത വളരെ വ്യാപകമാണ്. 1996ൽ തൃശൂർ ശക്തൻ തമ്പുരാൻ മൈതാനിയിൽ എംഎസ്എമ്മിന്റെ സംസ്ഥാന സമ്മേളനം നടന്നു. ആ വലിയ സദസ്സിന് മുന്നിൽ ഒരു ജില്ലാ കലക്ടർ പ്രസംഗിക്കുകയുണ്ടായി. 'ഞാൻ ഇസ്‌ലാമിനെ പറ്റി ധാരാളം പഠിച്ചിട്ടുണ്ട്, വായിച്ചിട്ടുണ്ട്, മനസ്സിലാക്കിയിട്ടുണ്ട്' എന്നു പറഞ്ഞ അദ്ദേഹം, അഞ്ചുതവണ പള്ളിയുടെ മിനാരങ്ങളിൽ നിന്ന് അല്ലാഹു അക്ബർ എന്ന് പറയുന്നത് മഹാനായ അക്ബർ ചക്രവർത്തിയെക്കുറിച്ചാണ് എന്ന് അഭിപ്രായപ്പെടുകയുണ്ടായി ! അന്നേരം സദസ്സിലുണ്ടായിരുന്ന എല്ലാരും ചിരിച്ചു. ഒട്ടുമിക്ക കാര്യങ്ങളെ സംബന്ധിച്ചും ധാരണയുള്ളവരാണ് ഐഎഎസുകാരും ഐപിഎസുകാരും എന്നാണ് വയ്പ്. എന്നാൽ മുസ്‌ലിംകൾ അല്ലാഹു അക്ബർ എന്ന് പറയുന്നത് ഈ ലോകത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന സ്രഷ്ടാവിനെക്കുറിച്ചാണെന്നും മുഗൾ ചക്രവർത്തിയായ അക്ബറുമായി അതിന് യാതൊരു ബന്ധവുമില്ലെന്നുമുള്ള അറിവ് ഈ ജില്ലാ കലക്ടർക്കില്ലാതെ പോയി! അക്ബർ ചക്രവർത്തിയുടെ പേരാണ് പള്ളികളിൽ നിന്ന് വിളിച്ചുപറയുന്നത് എന്നാണ് അദ്ദേഹം മനസ്സിലാക്കിവച്ചിരിക്കുന്നത്. അറിവുള്ളവർ പോലും ഇസ്‌ലാമിനെ കുറിച്ച് തെറ്റായ ധാരണകൾ വച്ചുപുലർത്തുന്നു എന്നതിന് തെളിവാണിത്.

മുഹമ്മദ് നബി(സ്വ) സ്ഥാപിച്ച മതമാണ് ഇസ്‌ലാം എന്ന് ധരിച്ചവരും ഏറെയുണ്ട്. വാസ്തവത്തിൽ മുഹമ്മദ് നബി(സ്വ) ഇസ്‌ലാംമത സ്ഥാപകനല്ല. ഇസ്‌ലാം സ്രഷ്ടാവിന്റെ മതമാണ്. നബി(സ്വ) അല്ലാഹു നിയോഗിച്ച, അവന്റെ പ്രവാചക

നാണ്. ഇസ്‌ലാം മതത്തിന്റെ പ്രബോധകനും പ്രചാരകനുമാണ്.

ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രമുഖ നേതാവ് ചാനൽ ചർച്ചയിൽ നൗഫൽ ബിൻ യൂനുസ് എന്ന മീഡിയ പ്രവർത്തകനെക്കുറിച്ച് നൗഫൽ ബിൻ ലാദനാണോ എന്ന് ചോദിച്ചത് വളരെയധികം ചർച്ച ചെയ്യപ്പെടുകയുണ്ടായി. വിവാദമായപ്പോൾ അദ്ദേഹം അതിനു നൽകിയ വിശദീകരണം 'എല്ലാ മുസ്‌ലിം പേരിലും അത് കാണാറില്ല. ചില പേരുകളിൽ കാണാം. അതെന്താണെന്ന് എനിക്കറിയില്ല. അതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞു പോയത്. പിന്നെ അന്വേഷിച്ചപ്പോൾ മനസ്സിലായി; ഇന്നയാളുടെ മകനാണ് എന്ന് സൂചിപ്പിക്കാനാണ് അങ്ങനെ ഉപയോഗിക്കുന്നത്' എന്നായിരുന്നു.

രാഷ്ട്രീയ രംഗത്ത് ഉന്നത സ്ഥാനമുള്ളവരും മുസ്‌ലിംകൾക്കിടയിൽ ജീവിക്കുന്ന ആളുകൾ പോലും ബിൻ എന്ന് കേൾക്കുമ്പോഴേക്കും ബിൻലാദനാണോ എന്ന് ചോദിക്കുന്ന അവസ്ഥ ചിന്തനീയമായ വിഷയമാണ്. ചിലർ അറിവില്ലായ്മ കൊണ്ട് ചോദിക്കുന്നവരാണ്. എന്നാൽ വേറെ ചിലർ അങ്ങനെയല്ല. അവരുടെ മനസ്സിലെ വെറുപ്പിന്റെ ബഹിർസ്ഫുരണമാണത്.

ഇരകളിൽ നിന്നുതന്നെ കോടാലികൾക്ക് പിടികളുണ്ടാക്കുമ്പോൾ കുറച്ചുകൂടി നമ്മൾ ജാഗ്രത പാലിക്കേണ്ടതുണ്ട്. കാസർകോടുകാരനായ വക്കീൽ ശരീഅത്തുമായി ബന്ധപ്പെട്ട വിഷയം മാധ്യമങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുമ്പോൾ 'എന്നെ നിങ്ങൾ മതത്തിന്റെ പുറത്തേക്ക് കൊണ്ടുപോകരുത്. ഞാനിപ്പോൾ പള്ളിയിൽ പോയി നിസ്കരിച്ച് വരികയാണ്' എന്ന് പ്രത്യേകം പറയുന്നത് കാണാനായി! എന്തിനായിരുന്നു അത്? ഇസ്‌ലാമിന് പുറത്തുള്ള ഒരാൾ ഇസ്‌ലാമിക ശരീഅത്തിനെ സംബന്ധിച്ച് വിമർശിക്കുമ്പോൾ അതിന്, ജനങ്ങൾക്കിടയിൽ സ്വീകാര്യത കിട്ടിക്കൊള്ളണമെന്നില്ല. എന്നാൽ ഞാൻ മുസ്‌ലിമാണ്, ഇസ്‌ലാമിക കർമങ്ങൾ പ്രാക്ടീസ് ചെയ്യുന്ന ആളാണ് എന്ന് സ്ഥാപിച്ചുകൊണ്ട് പറയുമ്പോൾ അതിന് കൂടുതൽ മൈലേജ് കിട്ടും. മാധ്യമങ്ങളിൽ ഇടം ലഭിക്കും.

തനിക്ക് ആൺമക്കളില്ലാത്തതിനാൽ തന്റെ മരണശേഷം തന്റെ സ്വത്തിൽനിന്ന് ചെറിയൊരു ഓഹരി ഇസ്‌ലാമിലെ അനന്തരാവകാശനിയമ പ്രകാരം സഹോദരങ്ങൾക്ക് ലഭിക്കുമെന്നതിനാൽ ഭാര്യയെ രണ്ടാമത് രജിസ്റ്റർ വിവാഹം ചെയ്ത് ശരീഅത്തിനെ വിമർശിച്ച വ്യക്തിക്കെതിരിൽ മുസ്‌ലിംകളാരും അക്രമാസക്തമായി പ്രതികരിച്ചിട്ടില്ല. ഇസ്‌ലാമിൽനിന്ന് പുറത്താക്കി ആരും ഫത്‌വയിറക്കിയിട്ടുമില്ല. അദ്ദേഹത്തിന്റെ കുടുംബത്തിലെ എല്ലാവർക്കും അദ്ദേഹത്തിന്റെ വീക്ഷണമായിരിക്കാനും സാധ്യതയില്ല. ഒരുപക്ഷേ, അവരൊക്കെ ഇതിൽ വേദനിക്കുന്നുണ്ടാകും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന്റെ വസ്തുത അവരുടെ കുടുംബം ഉൾക്കൊള്ളണമെന്നാണ് നമുക്ക് പറയാനുള്ളത്.

ഇരകളിൽനിന്നുതന്നെ വേട്ടക്കാരെ പുറത്തെടുക്കുന്ന പ്രവർത്തനം ഇവിടെ നടക്കുന്നുണ്ട്. അതിന് നമ്മളാരും ഇരകളാവരുത്. വൈകുന്നേരത്തെ ചാനൽ ചർച്ചകളിൽ മുസ്‌ലിംകളെ പ്രതിനിധീകരിച്ചെന്ന പേരിൽ പങ്കെടുത്ത് ചാനലുകൾക്കനുസരിച്ച് സംസാരിക്കുന്ന ചിലരുണ്ട്. ഇത്തരക്കാർക്ക് തൽക്കാലം മീഡിയ കവറേജും കുറച്ചാളുകളുടെ സപ്പോർട്ടുമൊക്കെ കിട്ടിയേക്കാം. അതിന്റെ അനന്തരഫലം തങ്ങളെക്കൂടി ബാധിക്കുമെന്ന വസ്തുത അവർ തിരിച്ചറിയേണ്ടതുണ്ട്.

ഞാനാണ് ആദ്യം മരിക്കുക, എനിക്കു ശേഷമാണ് മക്കൾ മരിക്കുക എന്ന് തിരുമാനിച്ചുറപ്പിച്ച പോലാണ് വക്കീലിന്റെ വാക്കുകളും പ്രവർത്തനങ്ങളും. ആദ്യം മരിക്കുന്നത് മക്കളാണെങ്കിൽ എന്ത് ചെയ്യും? മരണത്തിന്റെ ഗതി അങ്ങോട്ടുമിങ്ങോട്ടുമൊക്കെ മാറാമല്ലോ.

ഇസ്‌ലാമിനെയോ ശരീഅത്തിനെയോ വെട്ടാനുള്ള കോടാലികളായി, അതിന്റെ പിടികളായി നമ്മൾ മാറാൻ പാടില്ല. ഒരു വനത്തിലേക്ക് വേട്ടക്കാരൻ പ്രവേശിച്ചു. ആ വേട്ടക്കാരന്റെ കയ്യിൽ കോടാലിയുടെ പിടിയില്ല, കഴമ്പുണ്ട്. അത് കണ്ടപ്പോൾ ചെറിയ മരങ്ങൾ വലിയ മരങ്ങളോട് ചോദിച്ചുവത്രെ: 'അയാൾ നമ്മളെ വെട്ടുമോ?' അപ്പോൾ വലിയ മരങ്ങൾ പറഞ്ഞു: 'ഏയ്! പേടിക്കേണ്ട. അയാളുടെ കയ്യിൽ കോടാലിയുടെ കഴമ്പേയുള്ളൂ. പിടിയില്ല, വെട്ടുകയില്ല.' ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ വീണ്ടും അയാൾ കടന്നുവന്നു. അന്ന് പിടിയുള്ള കോടാലിയുമായിട്ടാണ് വന്നത്. അപ്പോഴും ചെറിയ കോടാലികൾ ചോദിച്ചു: 'അദ്ദേഹം നമ്മളെ വെട്ടുമോ?' അപ്പോൾ വലിയ മരങ്ങൾ പറഞ്ഞു: 'ഇനി നിങ്ങൾ സൂക്ഷിക്കണം. കാരണം നമ്മുടെ കൂട്ടത്തിൽനിന്നുതന്നെ ഒരാൾ ആ കോടാലിക്ക് പിടിയായി മാറിയിരിക്കുന്നു.'

ഇങ്ങനെ കോടാലിക്ക് പിടിയായി മാറാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. പുതിയ തലമുറയിൽ ഗണ്യമായ ഒരു വിഭാഗം ഇസ്‌ലാമിന്റെ ബാലപാഠം പോലും പഠിക്കാൻ കഴിയാത്തവരാണ്. പണ്ടൊക്കെ കുട്ടികൾക്ക് ഇസ്‌ലാമിക വിദ്യാഭ്യാസം ദിവസത്തിൽ രണ്ടും മൂന്നും മണിക്കൂർ കിട്ടിയിരുന്നു. അത് ഇപ്പോൾ ആഴ്ചയിൽ ഒന്നോ രണ്ടോ മണിക്കൂറായി ചുരുങ്ങിയിട്ടുണ്ട്. ഭൗതിക വിദ്യാഭ്യാസത്തിലാണ് ശ്രദ്ധ മുഴുവൻ.

ലിബറലിസത്തിന്റെയും മതനിരാസത്തിന്റെയും ലോകം അവരെ മാടി വിളിക്കുകയാണ്. അവിടെ അവർക്ക് കേൾക്കാൻ കഴിയുന്നത് ഇസ്‌ലാമിനെ കരിവാരിത്തേക്കുന്ന കാര്യങ്ങളാണ്. ശരീഅത്തിനെതിരിലുള്ള വിമർശനങ്ങളാണ്.

ആ കോടാലിക്ക് പിടികളായിക്കൊണ്ടിരിക്കുന്നത് സമുദായത്തിലെ ചില വ്യക്തികളാണ്.

ശരീഅത്ത് വിവാദം പൊട്ടിപ്പുറപ്പെടുന്നത് ആദ്യമായിട്ടല്ല. 1984ൽ ബോപ്പാലിൽനിന്നുള്ള 60 കാരിയായ ശാബാനു ബീഗം അവരുടെ മുൻ ഭർത്താവിൽനിന്ന് പുനർവിവാഹിതയാകുന്നതുവരെ ജീവനാംശം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിലെത്തി. മധ്യപ്രദേശ് ഹൈക്കോടതിയും പിന്നീട് സുപ്രീം കോടതിയും അവരുടെ വാദം അംഗീകരിക്കുകയും അവർക്ക് അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ചെയ്തു. അത് ഇസ്‌ലാമിക വ്യക്തി നിയമത്തിന് എതിരായ ഒരു കടന്നുകയറ്റമായിരുന്നു. അത് വലിയ ചർച്ചയായി. അന്ന് രാജീവ് ഗാന്ധിയുടെ സർക്കാറാണുള്ളത്. അങ്ങനെ അവസാനം രാജീവ് ഗാന്ധി സർക്കാർThe Muslim Women (Protection of Rights on Divorce) Act 1986 നിയമം പാസ്സാക്കി. പാർലമെന്റ് സുപ്രീംകോടതി വിധിയെ മറികടക്കാനുള്ള നിയമം കൊണ്ടുവന്നു.

അന്ന് മലയാളക്കരയിലും ഈ വിഷയം കോടുങ്കാറ്റായി ആഞ്ഞടിച്ചു. ചില രാഷ്ട്രീയ നേതാക്കൾ ശരീഅത്തിനെതിരിൽ മോശം കമന്റ് പാസ്സാക്കുകയും അത് മുസ്‌ലിം സമൂഹത്തെ മൊത്തത്തിൽ പ്രയാസപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഒടുവിൽ വിവാദമുണ്ടാക്കിയവർ പത്തി മടക്കി. അത് അവർക്ക് വലിയ ക്ഷീണമുണ്ടാക്കി. ഒരുപാടു പേർക്ക് ശരീഅത്ത് പഠിക്കാൻ അത് കാരണമായി.

ഇസ്‌ലാമിക ശരീഅത്ത് നവീകരിച്ചുകൂടേ എന്നാണ് പലരും ചോദിക്കുന്നത്. ഇത് നവീകരിക്കാൻ കഴിയുന്ന ഒന്നല്ല. കാരണം അത് മനുഷ്യരിൽ ആരെങ്കിലും എഴുതിയുണ്ടാക്കിയതല്ല. അത് അല്ലാഹുവിന്റെ നിയമസംഹിതയാണ്. അല്ലാഹുവിന്റെ മതത്തെ നവീകരിക്കാനും തിരുത്താനും മാറ്റാനും ആർക്കുണ്ട് അവകാശം?

**ഇരകളിൽനിന്നുതന്നെ വേട്ടക്കാരെ പുറത്തെടുക്കുന്ന പ്രവർത്തനം ഇവിടെ നടക്കുന്നുണ്ട്. അതിന് നമ്മളാരും ഇരകളാവരുത്. വൈകുന്നേരത്തെ ചാനൽ ചർച്ചകളിൽ മുസ്‌ലിംകളെ പ്രതിനിധീകരിച്ചെന്ന പേരിൽ പങ്കെടുത്ത് ചാനലുകൾക്കനുസരിച്ച് സംസാരിക്കുന്ന ചിലരുണ്ട്. ഇത്തരക്കാർക്ക് തൽക്കാലം മീഡിയ കവറേജും കുറച്ചാളുകളുടെ സപ്പോർട്ടുമൊക്കെ കിട്ടിയേക്കാം. അതിന്റെ അനന്തരഫലം തങ്ങളെക്കൂടി ബാധിക്കുമെന്ന വസ്തുത അവർ തിരിച്ചറിയേണ്ടതുണ്ട്.**

മനുഷ്യ നിയമങ്ങളാണെങ്കിലോ? അവ തിരുത്താം, കുഴപ്പമില്ല. കാരണമെന്താണ്? മനുഷ്യർക്ക് തെറ്റ് പറ്റും. അതുകൊണ്ട് അത് മാറ്റേണ്ടി വരും. 1950 മുതൽ 2021 വരെ നമ്മുടെ ഭരണ ഘടനയിൽ തന്നെ 105 അമൻമെന്റുകളുണ്ടായിട്ടുണ്ട്. എന്തുകൊണ്ട്? ഡോ.ബി. ആർ അംബേദ്കറുടെ നേതൃത്വത്തലുള്ള സമിതി സുദീർഘമായ ചർച്ചകൾക്ക് ശേഷം രൂപീകരിച്ച ഭരണഘടനയാണ് നമ്മുടെത്. മനുഷ്യനിർമിതമായ ഏത് നിയമത്തിലും അമൻമെന്റുകളാവശ്യമായി വരും. ഇനിയും അമൻമെന്റുകളുണ്ടാവും. തർക്കമൊന്നുമില്ല.

ഇസ്‌ലാം ദൈവികമാണ്. ക്വുർആൻ ദൈവിക വചനങ്ങളാണ്. നിരക്ഷരനായ പ്രവാചകനിലൂടെയാണ് ലോകം ഈ വിശുദ്ധ ക്വുർആൻ കേട്ടത്. ക്വുർആൻ ഒരു ശാസ്ത്ര ഗ്രന്ഥമല്ല. എന്നാൽ അതിൽ എത്രയോ ശാസ്ത്രീയ പരാമർശങ്ങൾ കാണാം. ഒരു ഉദാഹരണം മാത്രം പറയാം:

നബി(സ്വ)യുടെ കാലത്ത് വൈദ്യശാസ്ത്രം പുരോഗമിച്ചിട്ടില്ല. എക്സ്റെയും സ്കാനിംഗുമില്ല. എന്നിട്ടും ഗർഭപാത്രത്തിൽവച്ച് ഒരു കുഞ്ഞിന്റെ വളർച്ചയുടെ ഘട്ടങ്ങളെക്കുറിച്ച് ക്വുർആൻ കൃത്യമായി പരാമർശിക്കുന്നു! അല്ലാഹു പറയുന്നു: "പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" ( ക്വുർആൻ 23:13,14).

ഓരോ ഘട്ടത്തിലുമുള്ള കുഞ്ഞിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് ക്വുർആൻ ഉപയോഗിച്ച പദങ്ങൾ ഏറ്റവും അനുയോജ്യവും വിസ്മയിപ്പിക്കുന്നതുമാണ്. ഒരു ഗർഭിണിയുടെ ഓരോ ആഴ്ചയിലെയും സ്കാനിങ്ങ് റിപ്പോർട്ട് എടുത്തുനോക്കിയാൽ അത് വ്യക്തമാകും. എഴുത്തും വായനയുമറിയാത്ത, വൈദ്യശാസ്ത്രം പഠിച്ചിട്ടില്ലാത്ത നബി(സ്വ)ക്ക് എങ്ങനെ ഇത്ര കൃത്യമായി ഇത് പറയാൻ കഴിഞ്ഞു? ശരീഅത്തിനെ വിമർശിക്കുന്നവർ ആലോചിക്കുക, സ്രഷ്ടാവായ അല്ലാഹുവിന്റെ കലാമാണ് ഈ വിശുദ്ധ ക്വുർആൻ. അതുകൊണ്ട് മാത്രമാണ് ഇതുപോലുള്ള കാര്യങ്ങൾ ക്വുർആനിൽ കാണാൻ സാധിക്കുന്നത്. കടലിലും കരയിലും ആകാശത്തുമൊക്കെയുള്ള ഓരോ ദൃഷ്ടാന്തങ്ങൾ ക്വുർആൻ എടുത്തു പറയുന്നത് ശ്രദ്ധിച്ചാൽ ഇത് ദൈവികമാണെന്ന് ബോധ്യപ്പെടാതിരിക്കില്ല.

അത് നിങ്ങളുടെ വിശ്വാസമ

ല്ലേ എന്നായിരിക്കും വിമർശകർക്ക് ചോദിക്കാനുള്ളത്. അതെ, നമ്മുടെ വിശ്വാസമാണ്. എല്ലാവരും ഇത് സ്വീകരിക്കണമെന്ന് ആരാണ് ഇവിടെ നിർബന്ധിക്കുന്നത്? മതത്തിൽ ബലാൽക്കാരമില്ല. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതം. ഇഷ്ടമുള്ളവർക്ക് സ്വീകരിക്കാം. അല്ലാത്തവർക്ക് തള്ളിക്കളയാം. ഇതാണ് ഇസ്‌ലാമിന്റെ നിലപാട്.

ഇവിടെ ഈ ആദർശമനുസരിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്ന വലിയൊരു സമൂഹമുണ്ട്. അവർ ജീവിക്കട്ടെ. ശരീഅത്തനുസരിച്ച് വിവാഹം നടത്തിക്കൊള്ളട്ടെ. അതനുസരിച്ച് അവരുടെ മക്കൾക്ക് സ്വത്ത് വീതിച്ച് കൊടുത്തോട്ടെ. എന്തിനാണ് അതിൽ മറ്റുള്ളവർ അസ്വസ്ഥരാകുന്നത്? ഈ അസ്വസ്ഥത നാനാത്വത്തിൽ ഏകത്വം എന്ന രാജ്യത്തിന്റെ കാഴ്ചപ്പാടിനു തന്നെ എതിരല്ലേ?

ശരീഅത്തിലെ നിയമങ്ങളോട് യോജിപ്പില്ലാത്തവർ അവരുടെ ഇഷ്ടമനുസരിച്ച് ചെയ്തോട്ടെ. പക്ഷേ, വക്കീൽ ശ്രമിച്ചത് സമൂഹമധ്യത്തിൽ ശരീഅത്തിനെ അപകീർത്തിപ്പെടുത്തുവാനാണ്. രജിസ്ട്രാഫീസിൽ വച്ച് കല്യാണം കഴിച്ച് സ്വസ്ഥമായി മന്നോട്ടു പോകുന്നതിനു പകരം മീഡിയകൾക്കു മുമ്പിൽ വന്ന് ശരീഅത്തിനെ പഴി പറഞ്ഞതിന്റെ ലക്ഷ്യമെന്താണ്?

ഇസ്‌ലാം പറഞ്ഞത് പ്രാകൃതമാണെന്ന് ആദ്യം കുറ്റപ്പെടുത്തുകയും ശേഷം അതിനെ ശരിവയ്ക്കുകയും ചെയ്തതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. ഒരു ഉദാഹരണം പറയാം:

ജനസംഖ്യാവർധനവുമായി ബന്ധപ്പെട്ട് തോമസ് മാൽത്യൂസ് 13ാം നൂറ്റാണ്ടിൽ പറഞ്ഞുവച്ച ഒരു ആശയമുണ്ട്. ജനങ്ങൾ വർധിച്ചുവന്നാൽ ആകെ പ്രശ്നമാകും, പട്ടിണിയാകും, ജീവിതമാകെ ബുദ്ധിമുട്ടിലാകും, വിഭവങ്ങൾ കുറഞ്ഞുപോകും...എന്നൊക്കെയുള്ള ഭയപ്പെടുത്തുന്ന തിയറിയാണ് അദ്ദേഹം അവതരിപ്പിച്ചത്. അത് ലോകം അംഗീകരിച്ചു. ലോകത്താകമാനം ജനസംഖ്യാവർധനവ് നിയന്ത്രിക്കാനുള്ള ആഹ്വാനമുണ്ടായി. അങ്ങനെ ചൈനയെ പോലുള്ള രാജ്യങ്ങൾ അതിനെ പുരോഗമനമായി വാഴ്ത്തിക്കൊണ്ട് അത് നടപ്പാക്കാൻ കർശനമായ വ്യവസ്ഥകൾവച്ചു. കാലം കുറെ പിന്നിട്ടപ്പോൾ ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ, റഷ്യ, ഇറാൻ, ഇറ്റലി, സ്പെയിൻ, ഫിൻലാന്റ്, ഹംഗറി പോലുള്ള രാജ്യങ്ങളൊക്കെ എടുത്ത തീരുമാനമെന്താണെന്നറിയാമോ? ഇനി അങ്ങനെ ജനസംഖ്യ കുറക്കാൻ പറ്റില്ല! ജനസംഖ്യ വർധിപ്പിച്ചേ തിരൂ. കുട്ടികളുണ്ടായേ പറ്റുകയുള്ളൂ. കുട്ടികളുടെ എണ്ണം വർധിപ്പിക്കാൻ പ്രോൽസാഹനം നൽകുകയാണ് അവരിപ്പോൾ!

ചൈന 1979 മുതൽ 2015 വരെ ഒരു കുട്ടി മാത്രം എന്ന നയമാണ് നടപ്പാക്കിയത്. 2016-2021 വരെ രണ്ട് കുട്ടി നയമായി. 2021ന് ശേഷം മൂന്ന് കുട്ടി നയത്തിലേക്ക് അവർ വന്നു. ഇപ്പോൾ കൂടുതൽ കുട്ടികളുണ്ടാകുവാൻ ഓഫർ കൊടുക്കുകയാണ്.

**ഇവിടെ ഈ ആദർശമനുസരിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്ന വലിയൊരു സമൂഹമുണ്ട്. അവർ ജീവിക്കട്ടെ. ശരീഅത്തനുസരിച്ച് വിവാഹം നടത്തിക്കൊള്ളട്ടെ. അതനുസരിച്ച് അവരുടെ മക്കൾക്ക് സ്വത്ത് വീതിച്ച് കൊടുത്തോട്ടെ. എന്തിനാണ് അതിൽ മറ്റുള്ളവർ അസ്വസ്ഥരാകുന്നത്? ഈ അസ്വസ്ഥത നാനാത്വത്തിൽ ഏകത്വം എന്ന രാജ്യത്തിന്റെ കാഴ്ചപ്പാടിനുതന്നെ എതിരല്ലേ? ശരീഅത്തിലെ നിയമങ്ങളോട് യോജിപ്പില്ലാത്തവർ അവരുടെ ഇഷ്ടമനുസരിച്ച് ചെയ്തോട്ടെ. പക്ഷേ, വക്കീൽ ശ്രമിച്ചത് സമൂഹമധ്യത്തിൽ ശരീഅത്തിനെ അപകീർത്തിപ്പെടുത്തുവാനാണ്.**

ഇസ്‌ലാമിന്റെ കാഴ്ചപ്പാടെന്താണ്? ദാരിദ്ര്യം ഭയന്ന് കുട്ടികളെ കൊല്ലാൻ പാടില്ല. ഗർഭഛിദ്രം നടത്താൻ പാടില്ല. ജനസംഖ്യ നിയന്ത്രിക്കുകയല്ല വേണ്ടത്. ഒരു കുഞ്ഞ് ഭൂമി ലോകത്ത് ജനിച്ച് വരുമ്പോൾ, അവന്/അവൾക്ക് വായ മാത്രമല്ല ഉള്ളത്, കൈകളും കാലുകളുമുണ്ട്. സംസാരിക്കാൻ നാവുണ്ട്. ചിന്തിക്കാൻ സൂപ്പർ കമ്പ്യൂട്ടറുകളെ പോലും വെല്ലുന്ന മസ്തിഷ്ക്കമുണ്ട്. രാജ്യത്തിന്റെ വിഭവശേഷിയെ സക്രിയമാക്കാവുന്ന പ്രതിഭയാണ് ഓരോ കുഞ്ഞും. മാൻപവറാണ് ഓരോ രാജ്യത്തിന്റെയും സ്വത്ത്. ആ സ്വത്തിനെ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിലാണ് ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടത്. അതല്ലാതെ, മനുഷ്യവിഭവശേഷി വർധിക്കുന്നതിന് തടയിടുകയല്ല. ഇസ്‌ലാം ഇത് അന്നേ പറഞ്ഞു. അതിനെ പലരും പ്രാകൃതമാണെന്ന് പറഞ്ഞു പരിഹസിച്ചു. പന്നികൾ പ്രസവിക്കുന്നത് പോലെ പ്രസവിക്കാൻ ആഹ്വാനം ചെയ്യുന്നവരാണെന്ന് പറഞ്ഞു കളിയാക്കി.

ഇന്ത്യയാണ് ഇനി ലോകത്ത് ജനസംഖ്യ കൂടുതലുള്ള രാഷ്ട്രമാകാൻ പോകുന്നത്. അത് ഇന്ത്യയിൽ ആളു കൂടിയിട്ടല്ല. ചൈനയിൽ കുറഞ്ഞതുകൊണ്ടാണ്. ആദ്യം ചൈനയായിരുന്നു മുന്നിൽ. ചൈനയിൽ ഇപ്പോൾ ജോലി ചെയ്യുന്നത് 95 കോടി ആളുകളാണ് എന്നാണ് കണക്ക്. ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ 35 കോടിയായി അവിടെ ജോലിയെടുക്കുന്ന ആളുകൾ കുറയുമെന്നാണ് കണക്കുകൾ പറയുന്നത്. 2100ൽ ഇന്ത്യയടക്കം 20 രാജ്യങ്ങളിൽ ജനസംഖ്യ നേർപകുതിയായി കുറയുമെന്നാണ് കണക്ക്. നിലവിൽ 80 വയസ്സിന് മുകളിലുള്ളവർ ഇപ്പോൾ 14 കോടിയാണ്. 2100 ആകുമ്പോഴേക്കും 86 കോടിയായി അത് വളർന്ന് വരും. എന്നാൽ ചെറുപ്പക്കാരും കുട്ടികളും കുറവാണ്. മുതിർന്ന

**ശരീഅത്ത് നിത്യ നൂതനമാണ്. അല്ലാഹുവിന്റെ നിയമത്തിൽ കൈകടത്താൻ ആർക്കും അവകാശമില്ല. അല്ലാഹുവിന്റെ ദീനിലേക്ക് നമ്മൾ അങ്ങോട്ട് പോവുക. അത് സാർവകാലികമാണ്. ഇസ്‌ലാം നൻമയാണ് എന്നു പറഞ്ഞത് ഇന്നും നൻമയാണ്. തിൻമയാണെന്നു പറഞ്ഞത് ഇന്നും തിൻമയാണ്. ഒരാൾക്കും അത് അങ്ങനെയല്ല എന്ന് വസ്തുനിഷ്ഠമായി പറയാൻ കഴിയില്ല. അത് തെറ്റിച്ച് പോയവരൊക്കെ കിതച്ചിട്ടുണ്ട്. ആ കിതപ്പ് ഇന്ന് ലോകം കണ്ടുകൊണ്ടിരിക്കുകയാണ്.**

വരെ പരിപാലിക്കാനും അവരെ ഹോസ്പിറ്റലിൽ കൊണ്ടുപോകാനും യുവാക്കളില്ലാത്ത അവസ്ഥ വരും. എന്തായിരിക്കും നാടിന്റെ അവസ്ഥ! ഓരോരുത്തർ തട്ടിപ്പടക്കുന്ന തത്വശാസ്ത്രങ്ങളുടെ തിക്തഫലമാണ് ഇതെല്ലാം.

ഇന്ന് ഏത് ഹോസ്പിറ്റലിൽ പോയാലും എഴുതി വെച്ചിട്ടുണ്ടാകും, ആദ്യത്തെ രണ്ട് വർഷം നിർബന്ധമായും കുട്ടികൾക്ക് മുലപ്പാൽ നൽകണമെന്ന്. വിശുദ്ധ ഖുർആൻ 1400 വർഷങ്ങൾക്ക് മുമ്പ് പറഞ്ഞതാണത് 2 വർഷം കുട്ടികൾക്ക് മുലയൂട്ടണമെന്ന്. ഇപ്പോൾ പണ്ടത്തെ പോലെ 6 മാസത്തെ മുലയൂട്ടലിന്റെ മഹത്വം പറയുന്ന പോസ്റ്റർ എവിടെയാണ് നമുക്ക് കാണാൻ സാധിക്കുക?

ഗർഭഛിദ്രം പാടില്ലെന്ന് ഇസ്‌ലാം പറഞ്ഞു. പക്ഷേ, ലോകത്ത് പല രാജ്യങ്ങളും അത് അനുവദിച്ച് കൊടുത്തു. അനുവദിച്ച രാജ്യങ്ങളൊക്കെ അതിൽനിന്ന് തിരിഞ്ഞ് നടക്കാൻ തുടങ്ങിയിട്ടുണ്ട്. ആണ് ആണിന്റെയും പെണ്ണ് പെണ്ണിന്റെയും സ്വത്വവുമായാണ് ജീവിക്കേണ്ടതെന്ന് ഇസ്‌ലാം കൽപിക്കുന്നു. എന്നാൽ ജെൻഡർ ന്യൂട്രാലിറ്റി എന്ന തലതിരിഞ്ഞ ആശയം ചില യൂറോപ്യൻ രാജ്യങ്ങൾ നടപ്പിലാക്കിത്തുടങ്ങി. അതിന്റെ തിക്തഫലം അവർ അനുഭവിച്ചു. പലരും ഞാൻ മൃഗമാണെന്ന് പറഞ്ഞ് ജെൻഡൽ പ്രഖ്യാപിക്കുന്ന അവസ്ഥയുണ്ടായി. അതുപോലെ തന്നെ ഒട്ടേറെ കുട്ടികൾ ഞാൻ ആണാണോ പെണ്ണാണോ എന്നറിയാത്ത ജെൻഡർ കൺഫ്യൂഷനിൽ അകപ്പെട്ടു. ഇപ്പോൾ അവർ തിരിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയാണ്.

ഖേദകരമെന്നു പറയട്ടെ, നമ്മുടെ നാട്ടിൽ ജെൻഡർ ന്യൂട്രാലിറ്റി പാഠ്യപദ്ധതിയിൽ കൊണ്ടുവരാൻ ചിന്തിച്ചുകൊണ്ടിരിക്കുകയാണ് സർക്കാർ! കുളത്തിലെ തവളയാണോ മലയാളി? ലോകത്ത് നടക്കുന്നതൊന്നും നമുക്ക് ബാധകമല്ലേ? എന്തൊക്കെയാണ് ഇവിടെ നടക്കുന്നത്! താൻ ആണാണെന്ന് പറയാൻ വേണ്ടി ഒരു പെണ്ണ് തന്റെ സ്തനം മുറിക്കുന്നു. എന്നിട്ട് ആണായി അഭിനയിച്ച് നടക്കുന്നു. പക്ഷേ, അവർ ഗർഭിണിയായി. പ്രസവിച്ചു. ആണ് പ്രസവിച്ചു എന്ന അത്ഭുത വാർത്ത മാധ്യമങ്ങൾ ആഘോഷിക്കുന്നു! പുരുഷനല്ല, സ്ത്രീയാണ് പ്രസവിച്ചത് എന്ന സത്യം വിളിച്ചു പറഞ്ഞവരെ പ്രാകൃതരായി ചിത്രീകരിക്കുവാൻ പോലും ചിലർ മടിച്ചില്ല. നമ്മുടെ നാട് പോകുന്ന പോക്ക് നോക്കൂ! ആരാണ് മലയാളികൾ? പ്രബുദ്ധൻമാർ, പുരോഗമനക്കാർ! ഈ പുരോഗമനം നമുക്ക് മനസ്സിലാകുന്നില്ല. ആണ് ആണായിട്ടും പെണ്ണ് പെണ്ണായിട്ടും നിൽക്കണം. ലിംഗ സമത്വമല്ല, ലിംഗ നീതിയാണാവശ്യം. ആ കാഴ്ചപ്പാടിലേക്ക് വന്നാൽ മാത്രമെ ഈ പ്രതിസന്ധി മറികടക്കാൻ പറ്റുകയുള്ളൂ.

സ്ത്രീ മാന്യമായി വസ്ത്രം ധരിക്കുന്നതിനെതിരെയാണ് ഇവിടെ പലരും ക്യാമ്പയിൻ നടത്തുന്നത്. അതിന്റെ കെടുതി അനുഭവിച്ചവർ ഇപ്പോഴെന്താണ് ചെയ്യുന്നത്? ജപ്പാനും ജർമനിയുമൊക്കെ ബിക്കിനി മാത്രം ഇട്ട് അങ്ങാടിയിലൂടെ നടന്നാൽ 450 പൗണ്ടാണ് പിഴ ചുമത്തുന്നത്. മാന്യമായി വസ്ത്രം ധരിക്കാൻ വേണ്ടി അവർ ഉൽബോധനം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ മറിച്ചും!

പലിശയിൽ അധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥയാണ് ലോകത്തുള്ളത്. ഇസ്‌ലാം പണ്ടേ പറഞ്ഞു: പലിശ ഹറാമാണ്, അത് പാടില്ല. മുൻ മന്ത്രി തോമസ് ഐസക്ക് കേരളത്തിൽ ഇസ്‌ലാമിക് ബാങ്കിങ്ങ് അഥവാ പലിശ രഹിത ബാങ്ക് നടത്താൻ വേണ്ടി പദ്ധതിയുണ്ടാക്കി. പക്ഷേ, അതിൽ ഇസ്‌ലാം എന്ന പേരുള്ളുകൊണ്ട് അത് നടപ്പാക്കാൻ പറ്റിയില്ല. ഇതാണ് നമ്മുടെ നാട്ടിലെ അവസ്ഥ!

ലൈംഗിക കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ ഇസ്‌ലാമിൽ വളരെ കർശനമാണ്. അത് ചൂണ്ടിക്കാട്ടി ഇസ്‌ലാം പ്രാകൃതമാണ്, കാരുണ്യമില്ലാത്ത നിയമമാണെന്ന് പലരും വിമർശിച്ചു. ഡൽഹിയിൽ ഒരു ബസ്സിൽ കൂട്ടബലാൽസംഗം നടന്നു. തുടർന്ന് ദിവസവും പീഡനങ്ങൾ. ചെറിയ കുട്ടികൾ പോലും ഇരകളാകുന്നു. പ്രതികൾക്ക് അർഹമായ ശിക്ഷ കിട്ടുന്നില്ലെന്നും ഇസ്‌ലാമിക രാജ്യത്ത് കാണുന്ന നിയമം നമ്മുടെ രാജ്യത്തും നടപ്പിലാക്കണമെന്നും മുസ്‌ലിംകളല്ലാത്തവർതന്നെ സാമൂഹ്യ മാധ്യമങ്ങളിലൂടെ വിളിച്ചുപറയുന്നത് നാം കണ്ടു.

ശരീഅത്ത് നവീകരിക്കേണ്ട ആവശ്യമില്ല എന്ന് വ്യക്തമാക്കാനാണ് ഇത്രയും പറഞ്ഞത്. അത് നിത്യ നൂതനമാണ്. അല്ലാഹുവിന്റെ നിയമത്തിൽ കൈകടത്താൻ ആർക്കും അവകാശമില്ല. അല്ലാഹുവിന്റെ ദീനിലേക്ക് നമ്മൾ അങ്ങോട്ട് പോവുക. അത് സാർവകാലികമാണ്. ഇസ്‌ലാം നൻമയാണ് എന്നു പറഞ്ഞത് ഇന്നും നൻമയാണ്. തിൻമയാണെന്നു പറഞ്ഞത് ഇന്നും തിൻമയാണ്. ഒരാൾക്കും അത് അങ്ങനെയല്ല എന്ന് വസ്തുനിഷ്ഠമായി പറയാൻ കഴിയില്ല. അത് തെറ്റിച്ച് പോയവരൊക്കെ കിതച്ചിട്ടുണ്ട്. ആ കിതപ്പ് ഇന്ന് ലോകം കണ്ടുകൊണ്ടിരിക്കുകയാണ്. ■

ലേഖനം



സമ്പത്തും സത്യവിശ്വാസിയും 02

# സകാത്തും നിലനിൽക്കുന്ന ദാനധർമവും

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

: 98467 97157

**മരണശേഷവും ഒഴുകുന്ന ദാനധർമങ്ങൾ**

നബി(സ്വ) പറഞ്ഞു: "മനുഷ്യൻ മരണപ്പെട്ടാൽ അവന്റെ കർമങ്ങൾ മുറിഞ്ഞുപോയി; മൂന്ന് കാര്യങ്ങളൊഴിച്ച്. നിലനിൽക്കുന്ന ദാനധർമം, ഉപകാരപ്പെടുന്ന അറിവ്, അവനുവേണ്ടി പ്രാർഥിക്കുന്ന സദ്വൃത്തനായ മകൻ" (മുസ്‌ലിം).

മരണപ്പെട്ടാൽ കർമങ്ങൾ മുറിഞ്ഞുപോകും. താനും തന്റെ കർമങ്ങളും ക്വബ്റിൽ അവശേഷിക്കും. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ, മരണപ്പെട്ടാലും മുറിഞ്ഞുപോകാത്ത ചില കർമങ്ങൾ നമുക്ക് പ്രവാചകനിലൂടെ പഠിപ്പിച്ച് തന്നിരിക്കുന്നു. ഐഹിക ജീവിതകാലത്ത് ചെയ്ത ആ സൽകർമങ്ങളുടെ ഫലം പ്രതിഫലത്തിന്റെ ലോകത്തേക്ക് അണമുറിയാതെ ഒഴുകിക്കൊണ്ടിരിക്കും, അതാണ് അല്ലാഹു പറയുന്നത്: "തീർച്ചയായും നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ ചെയ്തുവച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തരഫലങ്ങളും നാം എഴുതിവയ്ക്കുകയും ചെയ്യുന്നു. എല്ലാകാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തിവച്ചിരിക്കുന്നു" (ക്വുർആൻ 36: 12).

അനസ്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "മരണശേഷവും തന്റെ

> **മരണശേഷവും തന്റെ ക്വബ്റിലേക്ക് പ്രതിഫലം ഒഴുകി ക്കൊണ്ടിരിക്കുന്ന ഏഴ് കാര്യങ്ങളുണ്ട്. ആരെങ്കിലും ഒരു അറിവ് പഠിപ്പിച്ചുകൊടുത്താൽ, അല്ലെങ്കിൽ ഒരു നദി ഒഴുക്കിയാൽ, അല്ലെങ്കിൽ ഒരു കിണർ കുഴിച്ച് കൊടുത്താൽ, അല്ലെങ്കിൽ ഒരു ചെടി നട്ടാൽ, അല്ലെങ്കിൽ ഒരു പള്ളി നിർമിക്കുകയോ ഒരു മുസ്വ്ഹഫ്അനന്തരമായി നൽകുകയോ തന്റെ മരണശേഷം തനിക്ക് വേണ്ടി ഇസ്തിഗ്ഫാർ നടത്തുന്ന ഒരു സന്താനത്തെ വിട്ടേച്ച് പോവുകയോ ചെയ്താൽ.**

ക്വബ്റിലേക്ക് പ്രതിഫലം ഒഴുകിക്കൊണ്ടിരിക്കുന്ന ഏഴ് കാര്യങ്ങളുണ്ട്. ആരെങ്കിലും ഒരു അറിവ് പഠിപ്പിച്ചുകൊടുത്താൽ, അല്ലെങ്കിൽ ഒരു നദി ഒഴുക്കിയാൽ, അല്ലെങ്കിൽ ഒരു കിണർ കുഴിച്ച് കൊടുത്താൽ, അല്ലെങ്കിൽ ഒരു ചെടി നട്ടാൽ, അല്ലെങ്കിൽ ഒരു പള്ളി നിർമിക്കുകയോ ഒരു മുസ്ഹഫ്അനന്തരമായി നൽകുകയോ തന്റെ മരണശേഷം തനിക്ക് വേണ്ടി ഇസ്തിഗ്ഫാർ നടത്തുന്ന ഒരു സന്താനത്തെ വിട്ടേച്ച് പോവുകയോ ചെയ്താൽ (ഇവയുടെ പ്രതിഫലം തന്റെ ക്വബ്റിലേക്ക് ഒഴുകിക്കൊണ്ടിരിക്കും).”

ഇവയിൽ സാധിക്കുന്ന കാര്യം ചെയ്യാൻ നാം സന്നദ്ധമാവുക, എങ്കിൽ മരണശേഷം ക്വബ്റിൽ ഇവയുടെ പ്രതിഫലം നമുക്ക് കൂട്ടിനുണ്ടാവും. മരണം തേടിയെത്തുന്നതിനു മുന്നേ അവസരങ്ങൾ പ്രയാജനപ്പെടുത്തുക.

മനുഷ്യർക്ക് ഇരുലോകത്തും രക്ഷ ലഭിക്കുന്ന വിജ്ഞാനം പഠിപ്പിച്ചുകൊടുക്കുക, പഠിപ്പിക്കാനാവശ്യമായ സഹായ സഹകരണങ്ങൾ ചെയ്യുക; പുസ്തകങ്ങൾ, ലഘുലേഖകൾ തുടങ്ങിയവയുടെ രചന നടത്തുക, പ്രിന്റ് ചെയ്യുക, അതിന് സാമ്പത്തിക സഹായം നൽകുക, വിതരണം നടത്തുക പോലെയുള്ളവയെല്ലാം ഇതിൽ പെടും. ആധുനിക കാലത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ പ്രചരിപ്പിക്കലും ഇതിൽ ഉൾപ്പെടും. ഒരു പ്രദേശത്ത് ജനങ്ങൾക്ക് ഉപകാരപ്രദമായ രൂപത്തിൽ ലൈബ്രറി സ്ഥാപിക്കുക, അതിന് വേണ്ട സഹായസഹകരണങ്ങൾ നൽകുക തുടങ്ങിയവയെല്ലാം അറിവ് പകർന്നുകൊടുക്കുക എന്നതിൽ പെടും.

ജനങ്ങൾക്ക് കുടിക്കാനും ജലസേചനത്തിനും മറ്റും ഉപകാരപ്രദമായ രൂപത്തിൽ ഒരു നദി ഒഴുക്കിയാൽ, അതിൽനിന്ന് ഒരു പക്ഷിയോ മൃഗമോ വെള്ളം കുടിച്ചാൽ പോലും അതിനെല്ലാം പ്രതിഫലം ലഭിക്കും. അതുണ്ടാക്കിയവനും സഹായിച്ചവർക്കും സഹകരിച്ചവർക്കും പ്രേരണ നൽകിയവർക്കുമെല്ലാം അവരുടെ മരണശേഷവും പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും. ഇതുപോലെയാണ് കിണർ കുഴിച്ച് കൊടുക്കുന്നതും. ഇതിന്റെ പ്രതിഫലം എത്രമാത്രമുണ്ടെന്ന് തെളിയിക്കുന്ന ഒരു ഹദീസ് കാണുക:

അബൂഹുറയ്‌റ (റ) നിവേദനം, നബി (സ്വ) പറഞ്ഞു: “ഒരാൾ യാത്രയിലായിരിക്കെ കഠിനമായ ദാഹം വന്നു, അദ്ദേഹം ഒരു കിണർ കണ്ടു. അതിലിറങ്ങി വെള്ളം കുടിച്ച് ദാഹം ശമിപ്പിച്ചു പുറത്ത് കടന്നപ്പോൾ ഒരു നായ കഠിനമായ ദാഹംകൊണ്ട് മണ്ണ് കപ്പുന്നതായി കണ്ടു. അപ്പോൾ ആ മനുഷ്യൻ പറഞ്ഞു: ‘എനിക്ക് അനുഭവപ്പെട്ട ദാഹംപോലെ ഈ നായക്കും ദാഹിക്കുന്നുവല്ലോ.’ അങ്ങനെ അദ്ദേഹം വീണ്ടും കിണറ്റിലിറങ്ങി തന്റെ ഷൂ അഴിച്ച് അതിൽ വെള്ളം നിറച്ച് നായയെ കുടിപ്പിച്ചു. അദ്ദേഹത്തിന് അല്ലാഹു നന്ദി കാണിക്കുകയും പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്തു. സ്വ



**ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള സ്ഥലമായ പള്ളി ആരെങ്കിലും നിർമിച്ചാൽ സ്വർഗത്തിൽ ഒരു വീട് ലഭിക്കുന്നതോടൊപ്പം അതിൽ നിസ്കാരം നിർവഹിക്കപ്പെടുന്ന കാലമത്രയും ഓരോ വ്യക്തിയുടെയും നിസ്കാരത്തിന്റെയും ക്വുർആൻ പാരായണത്തിന്റെയും ദിക്റിന്റെയും ദുആഇന്റെയുമെല്ലാം പ്രതിഫലം ക്വബ്റിലേക്ക് ഒഴുകിക്കൊണ്ടിരിക്കും. ഇതുപോലെ തന്നെയാണ് ഒരാൾ ഒരു മുസ്വ്ഹഫ് വക്വ്ഫ് ചെയ്താലും. അതുപയോഗിച്ച് ആരൊക്കെ പാരായണം ചെയ്യുന്നുവോ അതിനൊക്കെ വക്വ്ഫ് ചെയ്തയാൾക്ക് പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും. മക്കളെ നമ്മൾ സ്വാലിഹുകളായി വളർത്തിയാൽ അവർ ഉപകാരപ്പെടും. അവരുടെ പാപമോചന തേട്ടത്തിന്റെ സ്വാധീനം നമുക്ക് ക്വബ്റിൽ ഉപകാരപ്പെടും.**

ഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, മൃഗങ്ങളിലും നമുക്ക് പ്രതിഫലം ലഭിക്കുമോ?' അവിടുന്ന് പറഞ്ഞു: 'പച്ചക്കരളുള്ള ഓരോന്നിലും നമുക്ക് പ്രതിഫലമുണ്ട്."

ഇത് ഒരു നായയെ വെള്ളം കുടിപ്പിച്ചതിന്റെ പ്രതിഫലമാണെങ്കിൽ വെള്ളം ലഭിക്കാനുള്ള കിണർ കുഴിച്ചവന് എന്തുമാത്രം പ്രതിഫലമുണ്ടാകും!

വൃക്ഷങ്ങളുടെ നേതാവാണ് ഈത്തപ്പന. അതിന് മഹത്ത്വമുണ്ട്, ജനങ്ങൾക്ക് ഏറെ പ്രയോജന പ്രദവുമാണ് ആ മരം. ആരെങ്കിലും ഒരു ഈത്തപ്പന പൊതുജനങ്ങൾക്കായി വച്ചുപിടിപ്പിച്ചാൽ അതിൽ നിന്ന് ആരൊക്കെ ഭക്ഷിച്ചാലും, ഏതൊക്കെ പക്ഷികൾ തിന്നാലും അത് നിലനിൽക്കുന്ന കാലമത്രയും പ്രതിഫലം ക്വബ്റിലേക്ക് ഒഴുകിക്കൊണ്ടിരിക്കും.

ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള സ്ഥലമായ പള്ളി ആരെങ്കിലും നിർമിച്ചാൽ സ്വർഗത്തിൽ ഒരു വീട് ലഭിക്കുന്നതോടൊപ്പം അതിൽ നിസ്കാരം നിർവഹിക്കപ്പെടുന്ന കാലമത്രയും ഓരോ വ്യക്തിയുടെയും നിസ്കാരത്തിന്റെയും ക്വുർആൻ പാരായണത്തിന്റെയും ദിക്റിന്റെയും ദുആഇന്റെയുമെല്ലാം പ്രതിഫലം ക്വബ്റിലേക്ക് ഒഴുകിക്കൊണ്ടിരിക്കും. ഇതുപോലെ തന്നെയാണ് ഒരാൾ ഒരു മുസ്ഹഫ് വക്ഫ് ചെയ്താലും. അതുപയോഗിച്ച് ആരൊക്കെ പാരായണം ചെയ്യുന്നുവോ അതിനൊക്കെ വക്ഫ് ചെയ്തയാൾക്ക് പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും. മക്കളെ നമ്മൾ സ്വാലിഹുകളായി വളർത്തിയാൽ അവർ ഉപകാരപ്പെടും. അവരുടെ പാപമോചന തേട്ടത്തിന്റെ സ്വാധീനം നമുക്ക് ക്വബ്റിൽ ഉപകാരപ്പെടും. ഒരു ഹദീസ് കൂടി കാണുക:

അബൂഹുറയ്റ(റ) നിവേദനം, അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ഒരു വിശ്വാസിയുടെ മരണ ശേഷം അവന്റെ പ്രവർത്തനങ്ങളിൽനിന്നും നന്മകളിൽനിന്നും അവന്റെ കൂടെ ചേരുന്നത്; പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത അറിവ്, വിട്ടേച്ചുപോയ സ്വാലിഹായ സന്താനം, അനന്തരമായി വിട്ടേച്ച മുസ്ഹഫ്, നിർമിച്ച പള്ളി, വഴിയാത്രക്കാർക്കായി നിർമിച്ച സത്രം, ഒഴുക്കപ്പെട്ട നദി, ജീവിത കാലത്ത് ആരോഗ്യമുള്ള സമയത്ത് നൽകിയ ദാനധർമങ്ങൾ തുടങ്ങിയവയായിരിക്കും."

സ്വഹാബികളുടെ അവസ്ഥ കാണുക; ഉമറുബ്നുൽ ഖത്വാബ്(റ) പറഞ്ഞു: "ഒരു ദിവസം ഞങ്ങളോട് ദാനം ചെയ്യാനായി നബി(സ്വ) കൽപിച്ചു. ആ സമയം എന്റെയടുത്ത് അൽപം സമ്പത്തുണ്ടായിരുന്നു. ഞാൻ സ്വയം പറഞ്ഞു: 'ഇന്ന് അബൂബക്റി(റ)നെ ഞാൻ മുൻകടക്കും.' അങ്ങനെ ഞാൻ എന്റെ സമ്പത്തിന്റെ പകുതിയുമായി ചെന്നു. അപ്പോൾനബി (സ്വ) ചോദിച്ചു: 'നീ കുടുംബത്തിന് വേണ്ടി എന്താണ് അവശേഷിപ്പിച്ചത്?' ഞാൻ പറഞ്ഞു: 'ഇത്ര സമ്പത്ത്.' അപ്പോൾ അബൂബക്ർ(റ) തന്റെ മുഴുവൻ സമ്പത്തുമായി വന്നു, അവിടുന്ന് അബുബക്റി(റ)നോട് ചോദിച്ചു: 'കുടുംബത്തിനു വേണ്ടി എന്താണ് അവശേഷിപ്പിച്ചത്?' അദ്ദേഹം പറഞ്ഞു: 'കുടുംബത്തിന് വേണ്ടി അല്ലാഹുവിനെയും അവന്റെ റസൂലിനെയുമാണ് അവശേഷിപ്പിച്ചത്.' ഞാൻ പറഞ്ഞു: 'ഒരു കാര്യത്തിലും താങ്കളെ മുൻകടക്കാൻ എനിക്ക് സാധ്യമല്ല" (അബൂദാവൂദ്, തിർമിദി).

**സകാത്ത്**

സകാത്തുമായി ബന്ധപ്പട്ട ചില കാര്യങ്ങൾ കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി.

*സകാത്ത് നിയമമാക്കിയതിലുള്ള തത്ത്വം:*

1. **സകാത്തും നിസ്വാബും**

സകാത്ത് നിർബന്ധമാകാനുള്ള നിശ്ചിത തോതാണ് നിസ്വാബ്. നിസ്വാബ് എത്തിയ ധനത്തിൽ നിന്നും നൽകേണ്ടതാണ് സകാത്ത്.

*നിർബന്ധമാകാനുള്ള നിബന്ധന:*

1. മുസ്‌ലിമാവുക.
2. സ്വതന്ത്രനാവുക.
3. നിസ്വാബ് എത്തുക. (സകാത്ത് നിർബന്ധമാകാനുള്ളത്ര സമ്പത്ത് ഉടമപ്പെടുത്തുക).
4. പൂർണമായി ഉടമപ്പെടുത്തുക

(സ്വതന്ത്രമായി കൈകാര്യം ചെയ്യാവുന്ന രൂപത്തിൽ).

5. വർഷം തികയുക (ഭൂമിയിൽനിന്ന് ലഭിക്കുന്നതിന് ഈ നിബന്ധന ബാധകമല്ല).

*സകാത്ത് നിർബന്ധമാകുന്ന സമ്പത്തുക്കൾ*

1. കാലികൾ.
2. ഭൂമിയിൽനിന്ന് ലഭിക്കുന്നവ.
3. സ്വർണവും വെള്ളിയും.
4. കച്ചവട ചരക്കുകൾ.

മേൽ പറഞ്ഞവയ്ക്ക് സകാത്ത് നിർബന്ധമാകണമെങ്കിൽ അതിനോട് യോജിച്ച് വരുന്ന നിബന്ധനകൾ മുഴുവനും പൂർണമാവേണ്ടതുണ്ട്.

അല്ലാഹു സമ്പത്തിന് സകാത്ത് നിർബന്ധമാക്കിയിട്ടുള്ളത് അത് ലഭിക്കുവാൻ ചെലവഴിക്കുന്ന അധ്വാനത്തിനും ചെലവിനും അനുസരിച്ചാണ്. നിധികൾക്ക് അല്ലാഹു അതിന്റെ അഞ്ചിലൊന്ന് (ഇരുപത് ശതമാനം) സകാത്ത് നൽകണമെന്ന് നിയമമാക്കിയിട്ടുണ്ട്. കാരണം അതിന് യാതൊരു ചെലവുമില്ല. മഴവെള്ളമുപയോഗിച്ചാണ് കൃഷി ചെയ്യുന്നതെങ്കിൽ അതിന് ചെലവ് കുറച്ച് മാത്രമേയുള്ളൂ. ആയതിനാൽ അതിന് അഞ്ചിലൊന്നിന്റെ പകുതി (പത്ത് ശതമാനം) സകാത്ത് നൽകണം. എന്നാൽ നനച്ചുകൊണ്ടാണ് ഉണ്ടാക്കുന്നതെങ്കിൽ അതിന് അഞ്ചിലൊന്നിന്റെ നാലിലൊന്ന് (അഞ്ച് ശതമാനം) സകാത്ത് നൽകിയാൽ മതി. ചെലവും അധ്വാനവും കൂടിയ കച്ചവടത്തിനും സമ്പത്തിനും നൽകേണ്ട സകാത്ത് അഞ്ചിലൊന്നിന്റെ എട്ടിലൊന്നാണ്. (രണ്ടര ശതമാനം). കാരണം അതിന് വളരെയധികം അധ്വാനിക്കേണ്ടതുണ്ട്.

**സ്വർണത്തിന്റെ നിസ്വാബ്**

സ്വർത്തിന്റെ നിസ്വാബ് 20 മിസ്കാൽ ആണ്. കർമശാസ്ത്ര പണ്ഡിതൻമാരുടെ അഭിപ്രായ പ്രകാരം മിസ്കാൽ 72 ഗോതമ്പുമണിയുടെ തൂക്കം വരും. 41/4 ഗ്രാമിന് തുല്യമാണത്. 20 മിസ്കാൽ 85 ഗ്രാം വരും.



**വെള്ളിയുടെ നിസ്വാബ്**

വെള്ളിയുടെ നിസ്വാബ് അഞ്ച് അവാക് ആണ്. ഇത് 140 മിസ്കാൽ വെള്ളിക്ക് തുല്യമാണ്. 200 ദിർഹമിന് തുല്യവുമാണിത്. അതായത് 595 ഗ്രാം. നബി(സ്വ) പറയുന്നു: "അഞ്ച് അവാകിന് താഴെയുള്ളതിന് സകാത്ത് ഇല്ല" (ബുഖാരി, മുസ്‌ലിം)

> **കച്ചവടവസ്തുവും ഒരു ധന മാണ്. ഹദീസിൽ പ്രതിപാദിക്കപ്പെട്ട ധനത്തിൽ നിന്നും അവ ഒഴിവാണ് എന്നതിന് തെളിവില്ല. സകാത്ത് ബാധകമാകുന്ന ഇനങ്ങളിൽ വെച്ച് ഏറ്റവും വ്യാപ്തിയുള്ള ഒന്നാണ് കച്ചവട വസ്തുക്കൾ. കാരണം സാധാരണ നിലയ്ക്ക് സകാത്ത് ബാധകമാകാത്ത ഒരു വസ്തു പോലും കച്ചവട വസ്തുവായിത്തീരുമ്പോൾ അതിന് സകാത്ത് ബാധകമായിത്തീരുന്നു.**

**കറൻസിയുടെ നിസ്വാബ്**

ഓരോ രാജ്യവും ക്രയവിക്രയം ചെയ്തുകൊണ്ടിരിക്കുന്ന കറൻസി ധനമായതിനാലും, നമ്മുടെ കാലഘട്ടത്തിൽ സ്വർണനാണയങ്ങൾക്കും വെള്ളിനാണയങ്ങൾക്കും പകരമായി ഉപയോഗിക്കപ്പെടുന്നതായതിനാലും കറൻസിക്ക് സകാത്ത് നിർബന്ധമാണ്. പ്രവാചകന്റെ കാലത്ത് കറൻസി സമ്പ്രദായം നിലവിലില്ലാത്തത് കൊണ്ടുതന്നെ അത് പ്രത്യേകം പ്രതിപാദിക്കുന്ന തെളിവുകൾ നമുക്ക് ലഭിക്കുകയില്ല. എന്നാൽ ക്വിയാസ് മുഖേന കറൻസിയിൽ സകാത്ത് ബാധകമാണ് എന്നത് സുവ്യക്തമാണ്.

"അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽ നിന്ന് നീ വാങ്ങുക" (ക്വുർആൻ 9: 103).

അതുപോലെ മുആദി(റ) നോട് പ്രവാചകൻ(സ്വ) പറഞ്ഞു: "അവരുടെ സമ്പത്തിൽ അല്ലാഹു ഒരു ദാനധർമത്തെ നിർബന്ധമാക്കിയിരിക്കുന്നു എന്ന് നീ അവരെ അറിയിക്കുക" (ബുഖാരി).

**കറൻസിയുടെ നിസ്വാബ്**

വെള്ളിയുടെയും സ്വർണ



ത്തിന്റെയും നിസ്വാബ് പരസ്പരം താരതമ്യം ചെയ്തുനോക്കുമ്പോൾ ഏതിനാണോ ഏറ്റവും കുറവ് മൂല്യമുള്ളത് അതിനെയാണ് കറൻസിയുടെ നിസ്വാബായി പരിഗണിക്കുക. നമ്മുടെ കാലഘട്ടത്തിൽ 595ഗ്രാം വെള്ളിക്ക് 85ഗ്രാം സ്വർണത്തെക്കാൾ മൂല്യം കുറവാണ്. അതിനാൽ തന്നെ വെള്ളിയുടെ നിസ്വാബാണ് കറൻസിയുടെ നിസ്വാബായി പരിഗണിക്കുക. കാരണം ഖിയാസ് ചെയ്യുമ്പോൾ സകാത്തിന്റെ അവകാശികൾക്ക് ഏറ്റവും ഉചിതമേത് എന്നതാണ് ഇവിടെ പരിഗണിക്കുന്നത്.

സ്വർണവുമായും വെള്ളിയുമായും ഖിയാസ് ചെയ്യാമെന്നിരിക്കെ ഏതാണോ ആദ്യം നിസ്വാബ് എത്തുന്നത് ആ നിസ്വാബ് പരിഗണിക്കൽ നിർബന്ധമാകുന്നു. മാത്രമല്ല ദരിദ്രന് ഏറ്റവും ഉചിതമായതും അതാണ്. ഇപ്രകാരമാണ് ശൈഖ് ഇബ്നുബാസ്(റഹ്), ഇബ്നു ഉസൈമീൻ(റഹ്) പോലുള്ള പണ്ഡിതന്മാരും ലജ്നതുദ്ദാഇമയുമെല്ലാം അഭിപ്രായപ്പെട്ടിട്ടുള്ളത്.

എത്രയാണ് കൊടുക്കേണ്ടത്? നബി(സ്വ) പറഞ്ഞു: "വെള്ളിനാണയങ്ങൾക്ക് പത്തിലൊന്നിന്റെ നാലിലൊന്നാണ് (രണ്ടര ശതമാനം)"(ബുഖാരി, മുസ്‌ലിം).

**കച്ചവടവസ്തുക്കളുടെ സകാത്ത്**

വസ്തുക്കളെ രണ്ടായി തരംതിരിക്കാം:

*ഒന്ന്) ഉപയോഗ വസ്തുക്കൾ:*

തന്റെ ഉടമസ്ഥതയിൽത്തന്നെ നിലനിർത്തുന്നതും തന്റെ ആവശ്യങ്ങൾക്കുള്ളതുമായ വസ്തുക്കൾ. ഇതിന് സകാത്ത് ബാധകമല്ല. തെളിവ്: പ്രവാചകൻ (സ്വ) പറഞ്ഞു: "ഒരു മുസ്‌ലിമിന് അവന്റെ അടിമയിലോ കുതിരയിലോ സകാത്ത് നൽകേണ്ടതില്ല" (ബുഖാരി). ഉപയോഗ വസ്തുക്കൾക്ക് സകാത്ത് ബാധകമല്ല എന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാക്കാം.

*രണ്ട്: കച്ചവട വസ്തുക്കൾ:*

തന്റെ ഉടമസ്ഥതയിലുള്ള വിൽപന ഉദ്ദേശിക്കുന്ന വസ്തുക്കൾ. അവയ്ക്ക് സകാത്ത് ബാധകമാണ്. അതിനുള്ള തെളിവ്:

സമുറതുബ്നു ജുൻദുബ്(റ) പറയുന്നു: "...അതിന് ശേഷം തീർച്ചയായും പ്രവാചകൻ(സ്വ) കച്ചവടസാധനങ്ങൾക്ക് സകാത്ത് നൽകാനായി ഞങ്ങളോട് കൽപിക്കുമായിരുന്നു" (അബൂദാവൂദ്, ബൈഹഖി).

മുആദി(റ)നോട് പ്രവാചകൻ (സ്വ) പറഞ്ഞു: "അവരുടെ സമ്പത്തിൽ അല്ലാഹു ഒരു ദാനധർമത്തെ നിർബന്ധമാക്കിയിരിക്കുന്നു എന്ന് നീ അവരെ അറിയിക്കുക" (ബുഖാരി).

കച്ചവടവസ്തുവും ഒരു ധനമാണ്. ഹദീസിൽ പ്രതിപാദിക്കപ്പെട്ട ധനത്തിൽനിന്നും അവ ഒഴിവാണ് എന്നതിന് തെളിവില്ല. സകാത്ത് ബാധകമാകുന്ന ഇനങ്ങളിൽ വെച്ച് ഏറ്റവും വ്യാപ്തിയുള്ള ഒന്നാണ് കച്ചവട വസ്തുക്കൾ. കാരണം സാധാരണ നിലയ്ക്ക് സകാത്ത് ബാധകമാകാത്ത ഒരു വസ്തു പോലും കച്ചവട വസ്തുവായിത്തീരുമ്പോൾ അതിന് സകാത്ത് ബാധകമായിത്തീരുന്നു. ഉദാ: ഭൂമി. സാധാരണ നിലയ്ക്ക് ഭൂമിക്ക് സകാത്തില്ല. എന്നാൽ കച്ചവട വസ്തുവാകുമ്പോൾ അതിന് സകാത്തുണ്ടാകും. അതുപോലെ കോഴി, ചെമ്മീൻ തുടങ്ങി കർഷകന്റെ

**അല്ലാഹു സമ്പത്തിന് സകാത്ത് നിർബന്ധമാക്കിയിട്ടുള്ളത് അത് ലഭിക്കുവാൻ ചെലവഴിക്കുന്ന അധ്വാനത്തിനും ചെലവിനും അനുസരിച്ചാണ്. നിധികൾക്ക് അല്ലാഹു അതിന്റെ അഞ്ചിലൊന്ന് (ഇരുപത് ശതമാനം) സകാത്ത് നൽകണമെന്ന് നിയമമാക്കിയിട്ടുണ്ട്. കാരണം അതിന് യാതൊരു ചെലവുമില്ല. മഴവെള്ളമുപയോഗിച്ചാണ് കൃഷി ചെയ്യുന്നതെങ്കിൽ അതിന് ചെലവ് കുറച്ച് മാത്രമേയുള്ളൂ. ആയതിനാൽ അതിന് അഞ്ചിലൊന്നിന്റെ പകുതി (പത്ത് ശതമാനം) സകാത്ത് നൽകണം. എന്നാൽ നനച്ചുകൊണ്ടാണ് ഉണ്ടാക്കുന്നതെങ്കിൽ അതിന് അഞ്ചിലൊന്നിന്റെ നാലിലൊന്ന് (അഞ്ച് ശതമാനം) സകാത്ത് നൽകിയാൽ മതി. ചെലവും അധ്വാനവും കൂടിയ കച്ചവടത്തിനും സമ്പത്തിനും നൽകേണ്ട സകാത്ത് അഞ്ചിലൊന്നിന്റെ എട്ടിലൊന്നാണ്. (രണ്ടര ശതമാനം). കാരണം അതിന് വളരെയധികം അധ്വാനിക്കേണ്ടതുണ്ട്.**

> **ചിലപ്പോഴെല്ലാം കച്ചവടക്കാരുടെ കൈയിൽ സകാത്തായി പണം നൽകാനില്ലാതെ വരികയും അവരുടെ പക്കലുള്ള കച്ചവട വസ്തുക്കൾ തന്നെ സകാത്തിന്റെ അവകാശികൾക്ക് ആവശ്യമായി വരികയും ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. ഇവിടെ അത് രണ്ടുകൂട്ടർക്കും ഉപകാരപ്രദമാണ്. എന്നാൽ കച്ചവടക്കാർ തങ്ങളുടെ കൈവശം ചെലവാകാതെ കിടക്കുന്ന മോശം വസ്തുക്കളെല്ലാം സകാത്തിന്റെ ഗണത്തിൽപ്പെടുത്തി സകാത്തിന്റെ അവകാശികളുടെ മേൽ അടിച്ചേൽപിക്കുന്നത് സകാത്തിന്റെ ഉദ്ദേശ്യവുമായി പൊരുത്തപ്പെടുന്നില്ല എന്നുതന്നെ മനസ്സിലാക്കാം.**

കൈവശമുള്ള ലൈവ് സ്റ്റോക്കുകൾ. കോഴിക്കോ ചെമ്മീനോ സകാത്തില്ല. എന്നാൽ അത് കച്ചവട വസ്തുവാകുമ്പോൾ അവയുടെ മാർക്കറ്റ് മൂല്യമനുസരിച്ച് സകാത്ത് ബാധകമാകുന്നു.

**കച്ചവട വസ്തുവിന്റെ സകാത്ത് കണക്കു കൂട്ടുന്ന രീതി**

ഹൗൽ (ഒരു വർഷം) തികയുമ്പോൾ കച്ചവടവസ്തുവിന്റെ മാർക്കറ്റ് വില എത്രയാണോ അത് കണക്കാക്കി അതിന്റെ 2.5% സകാത്തായി നൽകണം.

കച്ചവടവസ്തുവിന്റെ മാർക്കറ്റ് വില നിസ്വാബിന്റെയും ഹൗലിന്റെയും വിഷയത്തിൽ തന്റെ കൈവശമുള്ള കറൻസിയെപ്പോലെ പരിഗണിക്കപ്പെടും. അഥവാ കച്ചവടവസ്തുവിന്റെ മാർക്കറ്റ് വില കണക്കാക്കി ആ വില തന്റെ കൈവശമുള്ള കറൻസിയിലേക്ക് കൂട്ടി ഒരുമിച്ച് സകാത്ത് നൽകിയാൽ മതി. രണ്ടു ധനവും ഒരുപോലെയാണ്. കച്ചവടവസ്തു വാങ്ങിക്കുമ്പോഴുള്ള വിലയല്ല, മറിച്ച് കൂടിയാലും കുറഞ്ഞാലും ഹൗൽ തികയുന്ന സന്ദർഭത്തിൽ അതിനുള്ള മാർക്കറ്റ് വിലയാണ് സകാത്ത് കണക്കുകൂട്ടാൻ പരിഗണിക്കേണ്ടത്.

ഒരു വസ്തു വിൽപനക്കുള്ളതാണ് എന്ന് ഒരാൾ എപ്പോൾ തീരുമാനമെടുക്കുന്നുവോ ആ നിമിഷം മുതൽ അത് കച്ചവടവസ്തുവാണ്; തിരിച്ച് വിൽക്കുന്നില്ല എന്ന തീരുമാനമെടുക്കുന്നതുവരെ. ഇതോടൊപ്പം മനസ്സിലാക്കേണ്ട ഒരു കാര്യം, സകാത്തിൽനിന്നും രക്ഷപ്പെടാൻ സാങ്കേതികമായ പദമാറ്റങ്ങൾകൊണ്ട് കഴിയില്ല. അല്ലാഹു കണ്ണിന്റെ കട്ടുനോട്ടവും ഹൃദയങ്ങളിൽ ഒളിച്ചുവെക്കുന്നതും നമ്മുടെ ഉദ്ദേശ്യവും അറിയുന്നവനാണ്. അതുപോലെ വിൽക്കണോ വേണ്ടയോ എന്ന് തീരുമാനിച്ചിട്ടില്ലാത്തവക്കും സകാത്ത് ബാധകമാകുകയില്ല.

*കച്ചവടവസ്തുവിന്റെ സകാത്തായി കച്ചവടവസ്തുക്കൾ തന്നെ നൽകാമോ അതല്ല പണം തന്നെ നൽകണോ?*

ഇബ്നു ഉസൈമീന്റെ(റഹ്) അഭിപ്രായപ്രകാരം കച്ചവടവസ്തുവിന്റെ സകാത്തായി പണം മാത്രമെ നൽകാവൂ. മാലികീ, ശാഫിഈ, ഹമ്പലീ മദ്ഹബുകളിലെ പ്രബലമായ അഭിപ്രായം ഇതാണ്. എന്നാൽ ആവശ്യമായി വരികയോ, അവകാശികൾക്ക് കൂടുതൽ ഉപകാരപ്രദമായിവരികയോ ചെയ്യുന്ന സന്ദർഭങ്ങളിൽ കച്ചവടവസ്തുക്കളുടെ സകാത്തായി കച്ചവടവസ്തുക്കൾതന്നെ നൽകുന്നത് അനുവദനീയമാണ് എന്നതാണ് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയും ശൈഖ് ഇബ്നു ബാസുമെല്ലാം അഭിപ്രായപ്പെടുന്നത്. രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ പ്രായോഗികവും ശരിയുമായി തോന്നുന്നത്. ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ഇമാം അബൂ ഉബൈദ് ക്വാസിം ഇബ്നു സല്ലാം(റഹ്) തന്റെ കിതാബുൽ അംവാൽ എന്ന ഗ്രന്ഥത്തിലും ഈ അഭിപ്രായത്തെ ശരിവെക്കുന്നുണ്ട്. ചിലപ്പോഴെല്ലാം കച്ചവടക്കാരുടെ കൈയിൽ സകാത്തായി പണം നൽകാനില്ലാതെ വരികയും അവരുടെ പക്കലുള്ള കച്ചവട വസ്തുക്കൾ തന്നെ സകാത്തിന്റെ അവകാശികൾക്ക് ആവശ്യമായി വരികയും ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. ഇവിടെ അത് രണ്ടുകൂട്ടർക്കും ഉപകാരപ്രദമാണ്. എന്നാൽ കച്ചവടക്കാർ തങ്ങളുടെ കൈവശം ചെലവാകാതെ കിടക്കുന്ന മോശം വസ്തുക്കളെല്ലാം സകാത്തിന്റെ ഗണത്തിൽപ്പെടുത്തി സകാത്തിന്റെ അവകാശികളുടെ മേൽ അടിച്ചേൽപിക്കുന്നത് സകാത്തിന്റെ ഉദ്ദേശ്യവുമായി പൊരുത്തപ്പെടുന്നില്ല എന്നുതന്നെ മനസ്സിലാക്കാം. അല്ലാഹുവാകുന്നു ഏറ്റവും അറിയുന്നവൻ.

കച്ചവട സാധനങ്ങൾക്ക് സകാത്ത് നിർബന്ധമാവാനുള്ള നിബന്ധന കച്ചവടത്തിനുള്ളതായിരിക്കുക എന്നതാണ്. കച്ചവട ചരക്കുകളുടെ നിസ്വാബ് എത്തി ഒരു വർഷം തികഞ്ഞാൽ അതിന്റെ നിലവിലെ വിലയുടെ രണ്ടര ശതമാനമാണ് സകാത്ത് നൽകേണ്ടത്.

*(അവസാനിച്ചില്ല)*



# ജെൻഡർ ന്യൂട്രാലിറ്റി

സുലൈമാൻ

ഇന്നലത്തെ
ഇടിവെട്ടിൽ
കൂൺപോലെ
പൊട്ടിമുളച്ചതല്ല,
പണ്ടു പണ്ടേ
തുണിയുടുക്കാത്ത
ചിന്തയിലെ
പടുമുളയാണ്!
എന്നും
കന്നിമാസമായെങ്കിലെന്ന
വ്യാമോഹദാഹികൾക്ക്
മുക്കുമൂലകളിലെ
പടുമുളകളെ
ഒന്നിച്ചു നട്ടുനനച്ച്
കുത്തഴിഞ്ഞ
കൊയ്ത്തുത്സവം
കൊണ്ടാടാനാണ് പൂതി.!
മൂല്യങ്ങളെ
മുക്കാലിയിൽ കെട്ടിയിട്ട്
അറപ്പ്, വെറുപ്പ്, നാണം
പോലുള്ളതിനെ
ആറ്റിലെറിയാനാണ്
പുതിയ പഠിപ്പ്!
അതെ,
ജെൻഡർ ന്യൂട്രാലിറ്റി
മാടിവിളിക്കുന്നത്
കാട്ടിലേക്കാണ്.
ചിന്തിച്ചു
നടക്കാനറിയുന്നവർക്ക്
മുറ്റത്തുള്ള
തൊഴുത്തിൽ
കണ്ണയച്ചാൽ കാണാം!
ബന്ധങ്ങളുടെ
വേരറുത്ത്
ചവച്ചുതുപ്പിക്കൊണ്ട്
അവരൊക്കെ
എന്നോ അതിരുകളില്ലാത്ത
സ്വാതന്ത്ര്യത്തിന്റെ
ലോകത്തെത്തി!
അക്കരപ്പച്ച തേടി
കൂട്ടയോട്ടം നടത്തിയവർ
മരീചികയെ ശപിച്ച്
ഒറ്റയ്ക്കൊറ്റയ്ക്കു
മടങ്ങിവരുന്നത്
പൊട്ടിപ്പൊളിഞ്ഞ
മൗനവാഹനത്തിലാണ്.
ഒരേ റേഷനരിയാണ്
തിന്നുന്നതെങ്കിലും
ചിലർ കണ്ടറിയുമ്പോൾ
ചിലർ കൊണ്ടേ
അറിയുന്നുള്ളു!




# പള്ളിയിൽ കുട്ടികളും വരട്ടെ

ഇബ്നു അലി

വിശുദ്ധ റമദാൻ സാന്ത്വനമാണ്. ആശ്വാസമാണ്. പ്രതീക്ഷയാണ്. പലരും ലീവെടുക്കുന്നു. കൂലിപ്പണിക്കാർ ജോലിസമയം മാറ്റുന്നു. സ്കൂളും കോളേജും പരീക്ഷച്ചൂട് കഴിഞ്ഞ് അവധിയിലേക്ക് നീങ്ങുന്നു. ഭക്തിയുടെ നനവ് കൂടിക്കൊണ്ടിരിക്കുന്നു.

ജമാഅത്ത് നമസ്കാരത്തിന് ആളുകളുടെ എണ്ണം കൂടുന്നു. പള്ളിയുടെ തിരക്കൊഴിഞ്ഞ ഭാഗത്ത് മാറിയിരുന്ന് ക്വുർആൻ പാരായണം ചെയ്യുന്നവരുടെയും എണ്ണം കൂടുന്നു. മതപരമായ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്നു. ക്ലാസ്സുകളും മറ്റുമായി പള്ളികൾ കൂടുതൽ സജീവമാകുന്നു.

ചില പള്ളികളിൽ ചിലരുണ്ട്; അവരുടെ നിയന്ത്രണത്തിലാണ് പള്ളികൾ എന്നപോലെയാണ് പെരുമാറ്റം. അവർ പതിവായി വരുന്നവരാണ്. ഒരുപക്ഷേ, പ്രായം കൂടുതലുള്ളവർ. അല്ലെങ്കിൽ സാമ്പത്തികമായോ സംഘടനാപരമായോ കുടുംബപരമായോ പേരുകേട്ടവർ.

അവരിൽ ചിലരെങ്കിലും ഈ പുതിയ ആളുകളുടെ തള്ളിക്കയറ്റത്തിൽ അസ്വസ്ഥരാണെന്ന് തോന്നാറുണ്ട്. പലതരത്തിൽ അവരത് പ്രകടിപ്പിക്കും. 'ഇവിടെ ഇരിക്കരുത്, അങ്ങനെ പറയരുത്, ഇങ്ങനെ പറയരുത്, ഫാനിടരുത്, കസേര വലിക്കരുത്. ബഹളം ഉണ്ടാക്കരുത്, ഉറക്കെ ഓതരുത് എന്നിങ്ങനെ അവർ പറഞ്ഞുകൊണ്ടിരിക്കും.

നോമ്പിന് പൊതുവെ പള്ളികളിൽ വിദ്യാർഥികളുടെയും മറ്റു കുട്ടികളുടെയും എണ്ണം കൂടും. മുതിർന്നവരുടെ കൂടെ കൊച്ചുകുട്ടികളുമെത്തും. നമസ്കരിക്കാൻ പ്രായമാകാത്ത, നമസ്കാരം എന്തെന്നറിയാത്ത കുട്ടികൾ. അവർ ഒരുപക്ഷേ, ഇടക്ക് ശബ്ദമുണ്ടാക്കി എന്ന് വരാം. നമസ്കരിക്കുന്നവരുടെ ഇടയിലൂടെ പോലും അവർ ഓടിക്കളിച്ചെന്നു വരാം. എന്നാൽ രൂക്ഷമായ നോട്ടം കൊണ്ടും ഉച്ചത്തിലുള്ള വാക്കുകൊണ്ടും അവരെ പേടിപ്പിക്കുന്നവരെ കാണാം.

കുട്ടികളെ സാന്ത്വനിപ്പിക്കുകയല്ലേ വേണ്ടത്? പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടത്? അവരല്ലേ നാളത്തെ തലമുറ? ഭാവിയിൽ പള്ളി പരിപാലകരായി വരേണ്ടത് അവരല്ലേ?

അവരെയും കൂടെ നിറുത്താം. ഒരിക്കലും ഒരു നോട്ടം കൊണ്ടോ, ആംഗ്യം കൊണ്ടോ, ശരീര ഭാഷകൊണ്ടുപോലുമോ ഈ കുഞ്ഞുങ്ങളെ, വിദ്യാർഥികളെ നിരുത്സാഹപ്പെടുത്തരുത്. 'ഇനി അടുത്ത നോമ്പിനേ കാണൂ' എന്ന് പരിഹസിക്കരുത്.

പുഞ്ചിരിക്കാം. തലോടാം. ഹസ്തദാനം ചെയ്യാം. തോളിൽ തട്ടി പ്രോത്സാഹിപ്പിക്കാം. അവരെ നിരുത്സാഹപ്പെടുത്തുന്നതൊന്നും നമ്മിൽനിന്ന് വരാതെ സൂക്ഷിക്കാം. നമുക്ക് ശേഷം പ്രളയം എന്നതല്ലല്ലോ നമ്മുടെ ലൈൻ.




വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 22

# സർക്കാർ സർക്കുലർ ഭരണഘടനാ വിരുദ്ധം

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

ദുഷ്യന്ത് ദവെയും സൽമാൻ ഖുർഷിദും തുടർവാദങ്ങൾ പൂർത്തിയാക്കിയപ്പോൾ പിന്നീട് കളത്തിലിറങ്ങിയത് ഹുസേഫ അഹ്മദി ആയിരുന്നു. പ്രാഥമിക ഘട്ടത്തിൽ ശബരിമല വിധി, ഭരണഘടന ഉദ്ഘോഷിക്കുന്ന ഫ്രറ്റേർണിറ്റി, സാമൂഹികസ്വത്വം (Group Identtiy), മതേതര വിദ്യാഭ്യാസം, സർക്കാർ സ്കൂളുകളിൽനിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തുടങ്ങിയ സുപ്രധാന പോയിന്റുകൾ കോടതിക്ക് മുമ്പിൽ കൊണ്ടുവന്നത് അഹ്മദി ആയിരുന്നു. പോപ്പുലർ ഫ്രണ്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ കോടതിയിൽ കൊണ്ടുവന്ന് വിഷയത്തിന് മറ്റൊരു ചിത്രം നൽകാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം രണ്ടാംഘട്ട വാദം ആരംഭിച്ചത്. പോപ്പുലർ ഫ്രണ്ടാണ് കുഴപ്പങ്ങൾക്ക് മുമ്പിൽ എന്ന പരാതി സർക്കാർ മുദ്ര വെച്ച കവറിൽ നൽകിയതിൽ നിന്ന് തന്നെ സർക്കാരിന്റെ ഇക്കാര്യത്തിലുള്ള ഒളിച്ചോട്ടം വ്യക്തമാണെന്ന് അദ്ദേഹം പറഞ്ഞു. വാമൊഴിയായി കോടതിക്ക് മുമ്പാകെ നേരിട്ട് പ്രസ്തുത വിഷയം കൊണ്ടുവരാൻ ധൈര്യപ്പെടാത്ത സർക്കാരിന്റെ നിലപാടിൽ നിന്നുതന്നെ ശിരോവസ്ത്ര വിഷയത്തിന് പോപ്പുലർ ഫ്രണ്ടുമായി ബന്ധമില്ല എന്ന കാര്യം വ്യക്തമാണെന്ന് അഹ്മദി പറഞ്ഞപ്പോൾ മുദ്രവെച്ച കവറിൽ സമർപ്പിക്കുന്നത് സ്വീകരിക്കേണ്ടതില്ലെന്ന് കോടതി നിലപാട് സ്വീകരിച്ചതായി ജസ്റ്റിസ് ഗുപ്ത പറഞ്ഞു.

**വിഷയം വഴിമാറ്റാനുള്ള സർക്കാർ ശ്രമം**

അഹ്മദി: "എനിക്ക് പി.എഫ്.ഐയുടെ ബന്ധപ്പെട്ട ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്. പ്രശ്നത്തിന് ഒരു പി.എഫ്.ഐ മുഖമുണ്ടാക്കി മുൻധാരണ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിച്ചത്. എന്നാൽ രേഖകൾ

ഉദ്ധരിച്ചുകൊണ്ട് തെളിയിക്കാൻ സർക്കാരിന് സാധിക്കില്ല. ആശയക്കുഴപ്പമുണ്ടാക്കുന്നതിന് വേണ്ടി മാത്രം കൊണ്ടുവന്ന വാദമാണത്. മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചതിനെ തുടർന്ന് മറ്റു ചില വിദ്യാർഥികൾ വേറെ ചില വസ്ത്രങ്ങളുമായി കടന്നുവന്നപ്പോളാണ് സർക്കുലർ ഇറക്കിയത് എന്നാണ് സർക്കാർ പറയുന്നത്. എന്നാൽ മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചത് മൂലം മറ്റു കുട്ടികളുടെ ഏത് മൗലികാവകാശമാണ് ലംഘിക്കപ്പെട്ടത് എന്ന് സർക്കാർ വ്യക്തമാക്കണം. മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ മാത്രമാണ് സർക്കാരിന് ഇത്തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാരമുള്ളത് എന്ന കാര്യം വിസ്മരിക്കരുത്."

### സർക്കുലറിന്റെ പിന്നിലെ ഗൂഢലക്ഷ്യം വ്യക്തം

അഹ്മദി: "ഒരു കുട്ടി ശിരോവസ്ത്രം ധരിക്കുമ്പോൾ മറ്റുള്ളവർ എന്തിന് പ്രകോപിതരായി എന്നത് സർക്കുലർ വ്യക്തമാക്കുന്നില്ല. അവിടെ ഒരു പൊതു ക്രമസമാധാന പ്രശ്നം ഉണ്ടായി എന്ന് പറയുന്നത് തീർത്തും പരിഹാസ്യമാണ്. സമ്മർദ ഗ്രൂപ്പുകളു



**മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചതിനെ തുടർന്ന് മറ്റു ചില വിദ്യാർഥികൾ വേറെ ചില വസ്ത്രങ്ങളുമായി കടന്നുവന്നപ്പോളാണ് സർക്കുലർ ഇറക്കിയത് എന്നാണ് സർക്കാർ പറയുന്നത്. എന്നാൽ മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചത് മൂലം മറ്റു കുട്ടികളുടെ ഏത് മൗലികാവകാശമാണ് ലംഘിക്കപ്പെട്ടത് എന്ന് സർക്കാർ വ്യക്തമാക്കണം. മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ മാത്രമാണ് സർക്കാരിന് ഇത്തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാരമുള്ളത് എന്ന കാര്യം വിസ്മരിക്കരുത്.**

ടെ ഭീഷണിപ്പെടുത്തലിന് വഴങ്ങുന്നത് നല്ലഭരണത്തിന്റെ ലക്ഷണമല്ല. ശിരോവസ്ത്രം ധരിക്കുക എന്നത് മൗലികാവകാശമാണ് എന്നിരിക്കെ മറ്റുള്ളവരുടെ എതിർപ്പിന് എന്ത് പ്രസക്തിയാണുള്ളത്? സർക്കുലർ പ്രത്യക്ഷത്തിൽ മതേതരമാണെന്ന് തോന്നിക്കാൻ 'സെക്കുലറിസം' ഉപയോഗിച്ചിട്ടുണ്ടെങ്കിലും കൃത്യമായി നിരീക്ഷിച്ചാൽ അത് മുസ്‌ലിം വിദ്യാർഥിനികളെ മാത്രം ലക്ഷ്യം വെച്ചുള്ളതാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല."

### പ്രത്യക്ഷത്തിൽ നിഷ്പക്ഷം; പ്രയോഗത്തിൽ വിവേചനപരം

അഹ്മദി: "സ്കൂൾ തുറക്കുമ്പോൾ മതപരമായ ചടങ്ങുകൾ ഉണ്ടാകില്ലെന്ന് സർക്കുലറിൽ പറഞ്ഞാൽ അത് പൊതുവാണെന്ന് മനസ്സിലാക്കാം. എന്നാൽ സർക്കുലർ ശിരോവസ്ത്രത്തെ കുറിച്ച് മാത്രം പറയുന്നത് എന്തുകൊണ്ടാണ്? ഒരു സമുദായം മാത്രമാണ് അത് ധരിക്കുന്നത് എന്ന് ആർക്കാണ് മനസ്സിലാവാത്തത്? എന്തുകൊണ്ട് കുരിശോ രുദ്രാക്ഷമോ ധരിക്കാൻ പാടില്ലെന്ന് സർക്കുലർ പറയുന്നില്ല? തലപ്പാവ് ധരിക്കരുതെന്നാണ് സർക്കുലർ പറയുന്നതെങ്കിൽ അത് സിഖുകാരെ ഉദ്ദേശിച്ചാണെന്ന് മനസ്സിലാക്കാൻ സാധിക്കും. പ്രത്യക്ഷത്തിൽ നിഷ്പക്ഷമാണെന്ന് തോന്നുമെങ്കിലും പ്രായോഗികമായി അത് വിവേചനപരമാണ്. സർക്കുലറിന്റെ ഓരോ അക്ഷരങ്ങൾ പെറുക്കിയെടുത്ത് വായിക്കുന്നതിന് പകരം അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാകുന്ന അതിന്റെ ആശയങ്ങളെ മനസ്സിലാക്കിയാണ് വായിക്കേണ്ടത്. സർക്കുലറിന്റെ പശ്ചാത്തലമെന്താണ് എന്ന് നോക്കേണ്ടതില്ലെന്നും സർക്കുലർ നേരെ വായിച്ചാൽ മതിയെന്നുമാണ് എ.ജി. ഇവിടെ പറഞ്ഞത്."

### പിത്ത് & സബ്സ്റ്റൻസ്

അഹ്മദി: "ഉദ്ദേശ്യമാണ് പ്രധാനമെന്ന് പഠിപ്പിക്കുന്ന നിയമപഠനങ്ങളിലെ സുപ്രധാന ആശയമായ പിത്ത് ആൻഡ് സബ്സ്റ്റൻസ് (pith and substance) ഇവിടെ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു. ഉദ്ദേശ്യങ്ങൾ എത്ര മഹത്തരമായിരുന്നാലും മൗലികാവകാശങ്ങളെ ലംഘിച്ചുകൊണ്ട് അത് നടപ്പാക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട പരിശോധനകൾ മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്ന പ്രശ്നങ്ങളിൽ സാധ്യമാവില്ല."

അഹ്മദി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കർണാടക എ.ജി Pith and Substance ബച്ചൻ സിംഗ് കേസിൽ പരിഗണിച്ചിട്ടുണ്ടെന്ന് പറഞ്ഞുനോക്കിയെങ്കിലും ഹുസേഫ അഹ്മദി അത് ഖണ്ഡിച്ചു. വധശിക്ഷയുമായി ബന്ധപ്പെട്ട ബച്ചൻ സിംഗ് കേസിൽ ഏത് മൗലികാവകാശത്തെ ലംഘിച്ചുകൊണ്ടാണ് വിധി പറഞ്ഞതെന്ന് വ്യക്തമാക്കാൻ അദ്ദേഹം എ.ജിയെ വെല്ലുവിളിച്ചു. കൊലപാതകം ചെയ്തതുകൊണ്ടാണ് ബച്ചൻസിംഗിനെ വധശിക്ഷക്ക് വിധിച്ചത്. കൊലപാതകം ഒരാളുടെയും മൗലികാവകാശമല്ലല്ലോ.

**യൂണിഫോം മൗലികധർമമല്ല**

അഹ്മദി: "ഇവിടെ സർക്കാർ അഭിഭാഷകർ പറഞ്ഞത് അനുച്ഛേദം 25 അനുച്ഛേദം 14 നു വിധേയമാണ് എന്നാണ്. അതാണ് നിങ്ങളുടെ വാദമെങ്കിൽ ശിരോവസ്ത്രം അണിഞ്ഞ പെൺകുട്ടികൾ ആരുടെ മൗലികാവകാശത്തെയാണ് ലംഘിച്ചതെന്ന് നിങ്ങൾ വ്യക്തമാക്കണം. ഏകവസ്ത്രരൂപം (Uniformtiy) ഒരു മൗലികധർമം (Fundamental Dtuy) ആയി ഇവിടെ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ കോടതി നിരവധി തവണ വൈവിധ്യത്തെ ചൂണ്ടിക്കാണിച്ചാണ് വിധികൾ പറഞ്ഞിട്ടുള്ളത്. ശിരോവസ്ത്രം എന്ന തുണി വിദ്യാഭ്യാസത്തെയോ അച്ചടക്കത്തെയോ ഇല്ലാതാക്കുന്നില്ല. ആരാധനക്ക് വേണ്ടി ക്ലാസ് നിർത്തിവെക്കണം എന്നാണ് ആവശ്യമെങ്കിൽ അത് വിദ്യാഭ്യാസത്തെ ബാധിക്കുന്നു എന്ന് മനസ്സിലാക്കാം. എന്നാൽ ശിരോവസ്ത്രം ധരിക്കുക എന്ന കർമം അത്തരത്തിലുള്ള പ്രശ്നങ്ങളൊന്നും സൃഷ്ടിക്കുന്നില്ല."

**വിദ്യാഭ്യാസമാണ് പ്രധാനം; യൂണിഫോമല്ല**

അഹ്മദി: "വിദ്യാർഥിനികളുടെ വിദ്യാഭ്യാസം നഷ്ടപ്പെടുന്നതിനെ കുറിച്ച് ആശങ്കപ്പെടേണ്ട സർക്കാർ എന്തുകൊണ്ടാണ് കേവലം ഏകവസ്ത്രരൂപത്തിന്റെ പേരിൽ അവരുടെ വിദ്യാഭ്യാസത്തിന് ഒരു പരിഗണനയും നൽകാത്തത് എന്ന് എനിക്ക് മനസ്സിലാവുന്നില്ല. 'ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ' (പെണ്മക്കളെ പഠിപ്പിക്കൂ, പെണ്മക്കളെ രക്ഷിക്കൂ) എന്ന മുദ്രാവാക്യം നാം മുഴക്കിക്കൊണ്ടിരിക്കുന്നു. സ്കൂളുകളുടെ സ്വയംഭരണാവകാശത്തെ ഉയർത്തിപ്പിടിച്ച് ഒടുവിൽ വിദ്യാഭ്യാസ നിഷേധത്തിൽ കലാശിക്കുന്ന ഏകവസ്ത്രരൂപം എന്നതിന് തെറ്റായ മുൻഗണന നൽകുന്നതിനെക്കാൾ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതിനല്ലേ ഉത്തരവാദപ്പെട്ട ഒരു സംസ്ഥാന സർക്കാർ മുൻഗണന നൽകേണ്ടത്? ഈ വിദ്യാർഥിനികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽനിന്നും അവരെ മോചിപ്പിക്കുന്നതിന് എന്ത് തടസ്സമാണ് സർക്കാറിനുള്ളത്? ഈ പെൺകുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ലഭിച്ചാൽ നാളെ അവർക്ക് എങ്ങനെ വസ്ത്രം ധരിക്കണമെന്ന് തീരുമാനിക്കാൻ സാധിക്കും? വിദ്യാഭ്യാസം അവരെ ശാക്തീകരിക്കും. എന്നാൽ അവർ മതേതരമല്ലാത്ത മറ്റു വിദ്യാഭ്യാസങ്ങളിലേക്ക് മടങ്ങാൻ നിർബന്ധിതരായാൽ അവർ കൂടുതൽ ദുർബലരായിത്തീരുക മാത്രമാണ് ചെയ്യുക."

> **നിയമങ്ങളുണ്ടാക്കാൻ ഒട്ടേറെ വകുപ്പുകളുണ്ടെങ്കിലും പൗരന്റെ മൗലികാവകാശത്തിന്റെ പരിധിയിലേക്കെത്തുമ്പോൾ നിയമങ്ങളുണ്ടാക്കാനും പരിധികളുണ്ട്. സർക്കാർ കൊണ്ടുവന്നിട്ടുള്ള സർക്കുലർ ഏതുവിധത്തിൽ പരിശോധിച്ചാലും അത് നിയമപരമായി നിലനിൽക്കില്ലെന്നും അത് ഭരണഘടനയുടെ നിരവധി അനുച്ഛേദങ്ങൾക്ക് എതിരാണെന്നും ഭരണഘടനാവിരുദ്ധമാണെന്നുമായിരുന്നു ഹുസേഫ അഹ്മദിയുടെ പ്രൗഢമായ വിശദീകരണം.**

**സർക്കുലർ ബാലാവകാശത്തിനെതിര്**

വിദ്യാർഥിനികൾ സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോയതിന്റെ തെളിവുകളെ കുറിച്ച് കോടതി ചോദിക്കുകയുണ്ടായി. സർക്കാരിന്റെ പുതിയ തീരുമാനം വിദ്യാർഥിനികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുമെന്ന് 2022 മാർച്ച് 15ന് കർണാടക സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സർക്കാറിന് കത്തെഴുതിയതിനെ സൂചിപ്പിക്കുന്ന ചില രേഖകൾ വിവരാവകാശം വഴി ലഭിച്ചിട്ടുണ്ട്. പരീക്ഷ എഴുതാൻ പോലും സമ്മതിക്കുന്നില്ലെന്ന് പരാതിപ്പെട്ടുകൊണ്ടുള്ള നിരവധി വിദ്യാർഥികളുടെ കത്തുകൾ ലഭിച്ചിട്ടുണ്ട്. കർണാടക സംസ്ഥാനം പുറപ്പെടുവിച്ച സംസ്ഥാന ബാലാവകാശ നിയമങ്ങൾ അഹ്മദി ഉച്ചത്തിൽ വായിച്ചുതുടങ്ങിയപ്പോൾ പുതിയ കാര്യങ്ങൾ ഈ ഘട്ടത്തിൽ അവതരിപ്പിക്കാൻ സാധിക്കില്ലെന്ന് പറഞ്ഞുകൊണ്ട് ജസ്റ്റിസ് ഗുപ്ത ഇടപെട്ടു. ഗുപ്തയുടെ ഇടപെടലിന് വിശദീകരണവുമായി വന്നത് അഡ്വ.ശുഐബ് ആലമായിരുന്നു.

സർക്കാർ നിർമിച്ചിട്ടുള്ള പുതിയ നിയമത്തിന് അനുച്ഛേദം 19(2)ന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റിയുട്ടറി പദവി ലഭിക്കുമോ എന്ന് പരിശോധിക്കണമെന്നാണ് ഹുസേഫ അഹ്മദി ബാലാവകാശകമ്മീഷന്റെ നിയമങ്ങൾ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് ശുഐബ് ആലം വ്യക്തമാക്കി. അനുച്ഛേദം 13ന്റെ അടിസ്ഥാനത്തിൽ 'നിയമം' എന്ന ആശയം വളരെ വിശാലമാണെങ്കിലും 19(2)ന്റെ അടിസ്ഥാനത്തിൽ 'നിയമം' എന്ന ആശയം വളരെ നേർത്തതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അതായത് നിയമങ്ങളുണ്ടാക്കാൻ ഒട്ടേറെ വകുപ്പുകളുണ്ടെങ്കിലും പൗരന്റെ മൗലികാവകാശത്തിന്റെ പരിധിയിലേക്കെത്തുമ്പോൾ നിയമങ്ങളുണ്ടാക്കാനും പരിധികളുണ്ട് എന്നായിരുന്നു അദ്ദേഹം പറഞ്ഞുവെച്ചത്.

സർക്കാർ കൊണ്ടുവന്നിട്ടുള്ള സർക്കുലർ ഏതുവിധത്തിൽ പരിശോധിച്ചാലും അത് നിയമപരമായി നിലനിൽക്കില്ലെന്നും അത് ഭരണഘടനയുടെ നിരവധി അനുച്ഛേദങ്ങൾക്ക് എതിരാണെന്നും ഭരണഘടനാ വിരുദ്ധമാണെന്നുമായിരുന്നു ഹുസേഫ അഹ്മദിയുടെ പ്രൗഢമായ വിശദീകരണം.

*അടുത്ത ലക്കത്തിൽ:*

*ശിരോവസ്ത്ര വാദങ്ങൾ പരിസമാപ്തിയിലേക്ക്*



ആദം സന്താനമേ, നീയെന്നോട് പ്രതീക്ഷാപൂർവം പ്രാർഥിക്കുമ്പോഴൊക്കെ നിന്നിൽനിന്നുണ്ടായ പാപങ്ങളെ ഞാൻ പൊറുത്തു തരുന്നതാണ്. ആകാശത്തിലെ കാർമേഘങ്ങൾ കണക്കെയുള്ള പാപങ്ങളുമായി നീയെന്നോട് മാപ്പിരന്നാലും ശരി, ഞാൻ നിനക്കായി മാപ്പേകുന്നതാണ്. ഭൂമിയോളം പാപവുമായി, ശിർക്ക് ചെയ്യാത്തവിധം നീയെന്നെ കണ്ടുമുട്ടുന്നുവെങ്കിൽ അത്രത്തോളംതന്നെ മാപ്പുമായി നിന്നിലേക്ക് ഞാൻ വന്നെത്തുന്നതാണ്

# പശ്ചാത്താപത്തിന്റെ അനിവാര്യത

**അബൂഫായിദ**

ശരീരത്തിൽ മണ്ണ് പുരളുന്നതും മനസ്സിൽ പാപത്തിന്റെ മാലിന്യം പുരളുന്നതും മനുഷ്യജീവിതത്തിൽ സ്വാഭാവികമാണ്. സംശുദ്ധരായി ജീവിക്കുവാൻ കൽപിക്കപ്പെട്ടവരാണ് സത്യവിശ്വാസികൾ. വൃത്തി ഈമാനിന്റെ ഭാഗമാണ് എന്ന പ്രവാചകമൊഴി അക്കാര്യമാണ് ബോധ്യപ്പെടുത്തുന്നതും. ഒരു മുസ്‌ലിം എങ്ങനെ ശുദ്ധിയുടെ ഉടമയല്ലാതിരിക്കും? ഇസ്‌ലാമിൽ നിന്നും അവൻ ഉൾക്കൊണ്ട വിശ്വാസം, ആരാധനകൾ, സ്വഭാവങ്ങൾ, പെരുമാറ്റങ്ങൾ, നിലപാടുകൾ, സഹവർത്തിത്വ മര്യാദകൾ എല്ലാം പരിശുദ്ധമാണ്. ഇവയിലൊന്നും കറപുരണ്ടുകൂടാ എന്ന നിഷ്കർഷ ഉണ്ടാകുമ്പോഴാണ് വിശുദ്ധിയോടെ ജീവിക്കാൻ സത്യവിശ്വാസിക്ക് സാധ്യമാവുക.

ശരീരത്തെയും മനസ്സിനെയും മാലിന്യമുക്തമാക്കുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. ശരീരത്തിലെ മാലിന്യം കഴുകിക്കളയാം. അങ്ങനെ ശരീരം വൃത്തിയാക്കാം. മനസ്സിലെ മാലിന്യം വൃത്തിയാക്കേണ്ടത് തെറ്റുകുറ്റങ്ങൾ വർജിച്ചുകൊണ്ടും പശ്ചാത്താപിച്ചുകൊണ്ടുമാണ്. അല്ലാഹു പറയുന്നു:

“തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു” (2:222).

പാപം മനുഷ്യസഹജമാണ്. പശ്ചാത്താപമാണ് അതിന്ന് പരിഹാരം. പശ്ചാത്തപിക്കുന്നവരാണ് പാപം ചെയ്തവരിലെ ശ്രേഷ്ഠൻമാർ. നബി(സ്വ) പറഞ്ഞു: “ആദമിന്റെ പുത്രന്മാർ എല്ലാവരും തെറ്റുചെയ്യുന്നവരാണ്. തെറ്റുചെ

യ്യുന്നവരിൽ ഉത്തമന്മാർ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്" (തിർമിദി, ഇബ്നുമാജ, അഹ്മദ്).

വിശുദ്ധ ഖുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ..." (ഖുർആൻ 66:8).

വിശ്വാസിയായ ദാസന്റെ പശ്ചാത്താപത്തിൽ അല്ലാഹു അത്യധികം സന്തോഷിക്കുന്നു എന്നറിയിക്കുന്ന നബിവചനം പ്രസിദ്ധമാണ്. വിജനമായ മരുഭൂമിയിൽ വെച്ച് കാണാതായ യാത്രാമൃഗത്തെ തിരിച്ചുകിട്ടുമ്പോൾ യാത്രക്കാരനുണ്ടാകുന്ന സന്തോഷത്തെക്കാൾ വലിയ സന്തോഷം! തെറ്റുകൾ ബോധ്യപ്പെട്ടും അവയിൽ ആത്മാർഥമായി ഖേദിച്ചും കണ്ണുനീർപൊഴിച്ചും പശ്ചാത്തപിച്ചു പ്രാർഥിക്കുമ്പോൾ സത്യവിശ്വാസിയിൽ നിറഞ്ഞുകവിയുന്നത് ഈമാനാണ്. അവന്ന് അല്ലാഹുവിനെ അറിയാം. അവന്റെ കാരുണ്യത്തെപ്പറ്റി അറിയാം. പശ്ചാത്താപത്തിന്റെ മഹിമയറിയാം. പശ്ചാത്തപിക്കുന്നവർക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന പദവികളെപ്പറ്റിയുമറിയാം. പാപപങ്കിലമായ മനസ്സുമായി പടച്ചവനെ കണ്ടുമുട്ടേണ്ടിവന്നാലുണ്ടാകുന്ന ദുരന്തവും ദുരിതവും അവന്നറിയാം. ഇത്തരം സ്വഭാവമുള്ള സത്യവിശ്വാസികളെപ്പറ്റി അല്ലാഹു പറഞ്ഞു:

"വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർ.-പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?-ചെയ്തു പോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ" (ഖുർആൻ 3:135).

അബദ്ധങ്ങളും തെറ്റുകളും ആരിലും എപ്പോഴും സംഭവിച്ചേക്കാം; പ്രവാചകൻമാരല്ലാത്ത ഏത് വിശുദ്ധന്റെ ജീവിതത്തിലും. സംഭവിച്ചാൽ, തെറ്റാണെന്ന് ബോധ്യമായാൽ ഉടൻ ഖേദിച്ചുമടങ്ങണം. അല്ലാഹുവിലേക്ക് ആത്മാർഥമായി പശ്ചാത്തപിച്ചുമടങ്ങി പരിശുദ്ധിനേടുവാൻ ശ്രമിക്കണം. അല്ലാഹുവിന്ന് അത്തരം വിശുദ്ധന്മാരെ ഇഷ്ടമാണ്. ഒരു ഖുദ്സിയായ ഹദീസ് കാണുക:

അനസ്(റ) നിവേദനം, നബി(സ്വ) പറയുന്നതായി ഞാൻ കേട്ടു: "അല്ലാഹു പറഞ്ഞു: 'ആദം സന്താനമേ, നീയെന്നോട് പ്രതീക്ഷാപൂർവം പ്രാർഥിക്കുമ്പോഴൊക്കെ നിന്നിൽനിന്നുണ്ടായ പാപങ്ങളെ ഞാൻ പൊറുത്തു തരുന്നതാണ്. ആകാശത്തിലെ കാർമേഘങ്ങൾ കണക്കെയുള്ള പാപങ്ങളുമായി നീയെന്നോട് മാപ്പിരന്നാലും ശരി, ഞാൻ നിനക്കായി മാപ്പേകുന്നതാണ്. ഭൂമിയോളം പാപവുമായി, ശിർക്ക് ചെയ്യാത്തവിധം നീയെന്നെ കണ്ടുമുട്ടുന്നുവെങ്കിൽ അത്രത്തോളംതന്നെ മാപ്പുമായി നിന്നിലേക്ക് ഞാൻ വന്നെത്തുന്നതാണ്."

പശ്ചാത്താപം തീർത്തും അടിമയും അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. മാപ്പിരക്കുന്നത് അടിമയാണ്; മാപ്പ് നൽകുന്നത് അല്ലാഹുവും. വാക്കുകളിലോ കർമങ്ങളിലോ വീക്ഷണങ്ങളിലോ സ്വഭാവത്തിലോ തെറ്റുകൾ സംഭവിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുന്നതോടെ അവ ശരിയാക്കാൻ ശ്രമിക്കുന്നു എന്നതാണ് പശ്ചാത്താപ മനഃസ്ഥിതിയുള്ളവന്റെ ഗുണം. തെറ്റുകൾ അംഗീകരിച്ചാൽ, അവ തിരുത്തിയാൽ, അല്ലാഹുവിനോട് ഖേദിച്ചാൽ സമൂഹം എന്തു പറയുമെന്ന ചിന്ത അവന്നുണ്ടാകില്ല. അങ്ങനെയൊന്നും ചെയ്യാതിരുന്നാൽ തന്റെ പര്യവസാനം എന്തായിത്തീരുമെന്ന ആധിയേ അവന്നുണ്ടാകൂ. എങ്കിൽ, അവൻ വിനീതനാണ്. അല്ലാഹുവിൽനിന്നുള്ള കാരുണ്യദാഹിയാണ്. ഒരു പ്രവാചകമൊഴി കാണുക:

ഇബ്നു അബ്ബാസ് നിവേദനം, അല്ലാഹുവിന്റെ ദൂതൻ(സ്വ) അരുളി: "തെറ്റുകളിൽ ഖേദിക്കുന്നവന്ന് ദൈവകാരുണ്യം പ്രതീക്ഷിക്കാം. തന്റെ ചെയ്തികളിൽ അഹങ്കരിക്കുന്നവന്ന് ദൈവകോപമാണ് പ്രതീക്ഷിക്കാനുള്ളത്. ഓരോ വ്യക്തിയും മരണത്തോടെ തന്റെ പ്രവർത്തനങ്ങളുടെ ഫലങ്ങളിലേക്ക് പോകേണ്ടതാണ്. കർമങ്ങളുടെ സൗന്ദര്യം അതിന്റെ പര്യവസാന ഗുണത്തിലാണ്. രാവും പകലും രണ്ടു വാഹനങ്ങളാണ്; പരലോകത്തിലേക്ക് എത്താവുന്ന നിലയിൽ നിങ്ങളവയിൽ സഞ്ചരിക്കുക.പശ്ചാത്താപം പിന്നീടാകാം എന്ന നിലപാ

**വിശ്വാസിയായ ദാസന്റെ പശ്ചാത്താപത്തിൽ അല്ലാഹു അത്യധികം സന്തോഷിക്കുന്നു എന്നറിയിക്കുന്ന നബിവചനം പ്രസിദ്ധമാണ്. വിജനമായ മരുഭൂമിയിൽ വെച്ച് കാണാതായ യാത്രാമൃഗത്തെ തിരിച്ചുകിട്ടുമ്പോൾ യാത്രക്കാരനുണ്ടാകുന്ന സന്തോഷത്തെക്കാൾ വലിയ സന്തോഷം! തെറ്റുകൾ ബോധ്യപ്പെട്ടും അവയിൽ ആത്മാർഥമായി ഖേദിച്ചും കണ്ണുനീർപൊഴിച്ചും പശ്ചാത്തപിച്ചു പ്രാർഥിക്കുമ്പോൾ സത്യവിശ്വാസിയിൽ നിറഞ്ഞുകവിയുന്നത് ഈമാനാണ്. അവന്ന് അല്ലാഹുവിനെ അറിയാം. അവന്റെ കാരുണ്യത്തെപ്പറ്റി അറിയാം. പശ്ചാത്താപത്തിന്റെ മഹിമയറിയാം. പശ്ചാത്തപിക്കുന്നവർക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന പദവികളെപ്പറ്റിയുമറിയാം. പാപപങ്കിലമായ മനസ്സുമായി പടച്ചവനെ കണ്ടുമുട്ടേണ്ടിവന്നാലുണ്ടാകുന്ന ദുരന്തവും ദുരിതവും അവന്നറിയാം.**



**റമദാനിന്റെ അവശേഷിക്കുന്ന ദിനരാത്രങ്ങളിൽ കണ്ണുനീരൊഴുക്കി നാം ഖേദിച്ചുമടങ്ങുക. നിർബന്ധ കർമങ്ങൾ കൂടാതെ സാധിക്കുന്നത്ര ഐഛിക കർമങ്ങൾ ചെയ്യാൻ മനസ്സ് കാണിക്കുക. അങ്ങനെ കൂടുതൽ കൂടുതൽ സ്രഷ്ടാവിനോട് അടുക്കാനും അവന്റെ പ്രീതി കരസ്ഥമാക്കുവാനും ശ്രമിക്കുക. തെറ്റുകളിലേക്ക് മടങ്ങില്ലെന്ന് പ്രതിജ്ഞയെടുക്കുക.**

ടിനെ നീ സൂക്ഷിക്കുക. അല്ലാഹു നിന്നോട് ദയകാണിച്ചുകൊണ്ടിരിക്കുന്നൂ എന്നതിൽ നീ വഞ്ചിതനാകരുത്. അറിയുക: സ്വർഗവും നരകവും ഒരാളുടെ ചെരുപ്പിൻ വാറിനെക്കാൾ അവനോട് അടുത്തതാണ്.'' തുടർന്ന് നബി(സ്വ) ഈ ആയത്തുകൾ ഓതി: 'ആർ ഒരു അണുത്തൂക്കം നൻമ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുത്തൂക്കം തിൻമ ചെയ്തിരുന്നുവോ അവൻ അതും കാണും'' (അസ്സൽസല: 7,8) (ബൈഹകി).

സത്യവിശ്വാസി ഉൾക്കൊണ്ട തൗഹീദിന്റെ താൽപര്യമാണ് പാപമോചനത്തിനു വേണ്ടി അല്ലാഹുവിനോട് നടത്തുന്ന അവന്റെ പ്രാർഥന. പ്രവാചകന്മാരെ അല്ലാഹു ശീലിപ്പിച്ച സമ്പ്രദായമാണത്. ക്വുർആനത് പഠിപ്പിക്കുന്നുണ്ട്: "ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക)'' (ക്വുർആൻ 47:19).

തനിക്കു വേണ്ടി മാത്രമല്ല, തന്നെപ്പോലെ പശ്ചാത്താപം ആവശ്യമായ എല്ലാ മുസ്‌ലിം സഹോദരങ്ങൾക്കു വേണ്ടിയും പ്രാർഥിക്കാനാണ് ക്വുർആനിക നിർദേശിക്കുന്നുണ്ട്. ഈ സദ്ഗുണം ഓരോ മുസ്‌ലിമിന്റെയും ജീവിതത്തിലുണ്ടാകണം.

അന്യരുടെ പാപങ്ങളും വീഴ്ചകളുമൊക്കെ ചികഞ്ഞെടുക്കുകയും അവ പർവതീകരിച്ച് സമൂഹമധ്യെ പ്രചരിപ്പിക്കുകയും ചെയ്യുന്ന ചിലരെങ്കിലുമുണ്ട്. അത്തരക്കാർ പാപിക്ക് പശ്ചാത്തപിക്കാൻ സമയം നൽകാറില്ല. വീഴ്ച പറ്റിയവന്റെ പശ്ചാത്താപത്തെ മാനിക്കാനും തയ്യാറല്ല. തെറ്റുപറ്റിയെന്ന് തിരിച്ചറിഞ്ഞ് തൗബ ചെയ്ത സഹോദരന്റെ തൗബയെപ്പോലും കളിയാക്കുന്നവരും സമൂഹത്തിലുണ്ട്! യഥാർഥ വിശ്വാസിയുടെ സ്വഭാവമല്ല ഇതൊന്നും.

ജീവിതത്തിൽനിന്ന് രാപകലുകൾ യാത്രയായിക്കൊണ്ടിരിക്കുന്നു. പ്രഭാതത്തിൽ ഉണരാനാകുന്നതും രാത്രിയാകുവോളം ജീവിക്കാനാകുന്നതും അല്ലാഹുവിന്റെ ഔദാര്യമാണ് എന്ന് തിരിച്ചറിയുക. ഒരുദിവസത്തിലെ ജീവിത കർമങ്ങളിൽ അരുതാത്തവയൊന്നും സംഭവിച്ചിട്ടില്ലെന്ന് പറയാൻ നമുക്കുറപ്പില്ല. എങ്കിൽ, മാപ്പിരന്നുകൊണ്ടാകണം നമ്മുടെ ഉണർച്ചയും ഉറക്കവും. "സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം'' എന്ന ക്വുർആൻ വചനം (അന്നൂർ:31) നാം മറക്കാതിരിക്കുക.

അല്ലാഹു പറഞ്ഞു: "നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കി വെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു. വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ. അത്തരക്കാർക്കുള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര നന്നായിരിക്കുന്നു'' (ക്വുർആൻ 3:133-136).

റമദാനിന്റെ അവശേഷിക്കുന്ന ദിനരാത്രങ്ങളിൽ കണ്ണുനീരൊഴുക്കി നാം ഖേദിച്ചുമടങ്ങുക. നിർബന്ധ കർമങ്ങൾ കൂടാതെ സാധിക്കുന്നത്ര ഐഛിക കർമങ്ങൾ ചെയ്യാൻ മനസ്സ് കാണിക്കുക. അങ്ങനെ കൂടുതൽ കൂടുതൽ സ്രഷ്ടാവിനോട് അടുക്കാനും അവന്റെ പ്രീതി കരസ്ഥമാക്കുവാനും ശ്രമിക്കുക. തെറ്റുകളിലേക്ക് മടങ്ങില്ലെന്ന് പ്രതിജ്ഞയെടുക്കുക.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 41

# സൂറ: ഫുസ്സിലത്

## (വിശദീകരിക്കപ്പെട്ട)

(മക്കയിൽ അവതരിച്ചത്)

قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ فَٱسْتَقِيمُوٓا۟ إِلَيْهِ وَٱسْتَغْفِرُوهُ ۗ وَوَيْلٌ لِّلْمُشْرِكِينَ ﴿٦﴾

ٱلَّذِينَ لَا يُؤْتُونَ ٱلزَّكَوٰةَ وَهُم بِٱلْـَٔاخِرَةِ هُمْ كَـٰفِرُونَ ﴿٧﴾

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَهُمْ أَجْرٌ غَيْرُ مَمْنُونٍ ﴿٨﴾ ۩

قُلْ أَئِنَّكُمْ لَتَكْفُرُونَ بِٱلَّذِى خَلَقَ ٱلْأَرْضَ فِى يَوْمَيْنِ وَتَجْعَلُونَ لَهُۥٓ أَندَادًا ۚ ذَٰلِكَ رَبُّ ٱلْعَـٰلَمِينَ ﴿٩﴾

وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَـٰرَكَ فِيهَا وَقَدَّرَ فِيهَآ أَقْوَٰتَهَا فِىٓ أَرْبَعَةِ أَيَّامٍ سَوَآءً لِّلسَّآئِلِينَ ﴿١٠﴾

ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ وَهِىَ دُخَانٌ فَقَالَ لَهَا وَلِلْأَرْضِ ٱئْتِيَا طَوْعًا أَوْ كَرْهًا قَالَتَآ أَتَيْنَا طَآئِعِينَ ﴿١١﴾

6. നീ പറയുക: ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു എന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. ആകയാൽ അവങ്കലേക്കുള്ള മാർഗത്തിൽ നിങ്ങൾ നേരെ നിലകൊള്ളുകയും അവനോട് നിങ്ങൾ പാപമോചനം തേടുകയും ചെയ്യുവിൻ. ബഹുദൈവാരാധകർക്കാകുന്നു നാശം.
7. സകാത്ത് നൽകാത്തവരും പരലോകത്തിൽ വിശ്വാസമില്ലാത്തവരുമായ.
8. തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്കാണ് മുറിഞ്ഞുപോകാത്ത പ്രതിഫലമുള്ളത്.
9. നീ പറയുക: രണ്ടുദിവസ(ഘട്ട)ങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചവനിൽ നിങ്ങൾ അവിശ്വസിക്കുകയും അവന്ന് നിങ്ങൾ സമന്മാരെ സ്ഥാപിക്കുകയും തന്നെയാണോ ചെയ്യുന്നത്? അവനാകുന്നു ലോകങ്ങളുടെ രക്ഷിതാവ്.
10. അതിൽ (ഭൂമിയിൽ)-അതിന്റെ ഉപരിഭാഗത്ത്-ഉറച്ചുനിൽക്കുന്ന പർവതങ്ങൾ അവൻ സ്ഥാപിക്കുകയും അതിൽ അഭിവൃദ്ധിയുണ്ടാക്കുകയും അതിലെ ആഹാരങ്ങൾ അവിടെ വ്യവസ്ഥപ്പെടുത്തി വെക്കുകയും ചെയ്തിരിക്കുന്നു. നാലു ദിവസ(ഘട്ട)ങ്ങളിലായിട്ടാണ് (അവനത് ചെയ്തത്). ആവശ്യപ്പെടുന്നവർക്ക് വേണ്ടി ശരിയായ അനുപാതത്തിൽ
11. അതിനു പുറമെ അവൻ ആകാശത്തിന്റെ നേർക്ക് തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ അനുസരണപൂർവമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു.

6,7). (നീ പറയുക) അവരോട്, ഓ പ്രവാചകരേ, (ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു. എനിക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു) ഇതാണ് ഞാൻ, ഇതാണെന്റെ ദൗത്യം. അതായത് ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രം. യാതൊരുവിധ കൽപനാധികാരവും എനിക്ക് സ്വന്തമായില്ല. നിങ്ങൾ ധൃതികൂട്ടുന്ന ശിക്ഷ തരാനും എനിക്കാവില്ല. അല്ലാഹു എന്നെ നിങ്ങളെക്കാൾ

ശ്രേഷ്ഠനാക്കി എന്നുമാത്രം. എനിക്ക് നൽകപ്പെട്ട ദിവ്യസന്ദേശത്തിലൂടെ എന്നെ സവിശേഷനാക്കുകയും പ്രത്യേകപ്പെടുത്തുകയും ചെയ്തു. അല്ലാഹുവിനെ പിൻപറ്റാനും അവനിലേക്ക് ക്ഷണിക്കാനും എന്നോട് കൽപിക്കുകയും ചെയ്തു. (ആകയാൽ അവങ്കലേക്കുള്ള മാർഗത്തിൽ നിങ്ങൾ നേരെ നിലകൊള്ളുക) അല്ലാഹുവിലേക്കെത്തുന്ന മാർഗത്തിൽ നിങ്ങൾ പ്രവേശിക്കുക. അവൻ അറിയിച്ച വിവരങ്ങളിൽ വിശ്വസിച്ചും അവന്റെ കൽപനകളെ പിൻതുടർന്നും അവന്റെ വിരോധങ്ങളെ ഉപേക്ഷിച്ചും. ഇതാണ് നേരെനിലകൊള്ളുക എന്നതിന്റെ താൽപര്യം. തുടർന്ന് അതിൽ നിത്യമായി നിലകൊള്ളുകയും ചെയ്യുക. (അവനിലേക്ക്) എന്ന പദത്തിൽ ആത്മാർഥമായിരിക്കണം എന്ന ഓർമപ്പെടുത്തലുമുണ്ട്. പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യവും ലക്ഷ്യവും പ്രവർത്തിക്കുന്നവന്റെ യഥാർഥ ലക്ഷ്യത്തിനുവേണ്ടിയാവണം. അല്ലാഹുവിലേക്കെത്തുക, അവന്റെ പരിശുദ്ധ ഭവനത്തിൽ എത്തിച്ചേരുക. അങ്ങനെയാകുമ്പോൾ അവന്റെ പ്രവർത്തനം നിഷ്ക്കളങ്കവും ഫലപ്രദവുമായിരിക്കും. ഈ ആത്മാർഥത നഷ്ടപ്പെട്ടാൽഅവന്റെ പ്രവർത്തനം നിഷ്ഫലമാകും.

ഒരു ദാസൻ നേരെ നിലകൊള്ളാൻ എത്രതന്നെ ആഗ്രഹിച്ചാലും ചില കാര്യങ്ങളിൽ അവന് വീഴ്ചകളും തകരാറുകളും സംഭവിക്കാതിരിക്കില്ല. ചില വിരോധങ്ങൾ പ്രവർത്തിച്ചെന്നും വരാം. പശ്ചാത്താപത്തെ ഉൾക്കൊള്ളുന്ന പാപമോചനം തേടാനുള്ള കൽപന അതിനുള്ള പ്രതിവിധിയായിട്ടാണ് നിർദേശിക്കുന്നത്. അതാണ് പറഞ്ഞത്: (അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ) തുടർന്ന് നേരെ നിലകൊള്ളാതിക്കുന്നവരെ താക്കീത് ചെയ്തുകൊണ്ട് പറയുന്നു: (സകാത്ത് നൽകാത്തവരായ ബഹുദൈവാരാധകർക്കാകുന്നു നാശം) അവർ അല്ലാഹുവിന് പുറമെ ആരാധിച്ചത് ഗുണമോ ദോഷമോ മരണമോ ജീവിതമോ പുനരുദ്ധാനമോ ഉടമപ്പെടുത്താത്തവരെയാണ്. അവർ അവരെത്തന്നെ മറന്നുകളഞ്ഞു. തങ്ങളുടെ രക്ഷിതാവിന്റെ ഏകത്വത്തെ അംഗീകരിച്ചുകൊണ്ടും ആരാധന അവന് മാത്രമാക്കിക്കൊണ്ടും അവരുടെ മനസ്സുകളെ അവർ സംസ്കരിച്ചില്ല. നമസ്കരിക്കുകയോ സകാത്ത് നൽകുകയോ ചെയ്തില്ല. സ്രഷ്ടാവിന് നൽകേണ്ട ഏകദൈവാരാധനയിലും നമസ്കാരത്തിലും അവർ അവനോട് ആത്മാർഥത കാണിച്ചില്ല. സകാത്ത്പോലുള്ള കാര്യങ്ങളെക്കൊണ്ട് പടപ്പുകൾക്കും അവർ പ്രയോജനകരമായില്ല. (പരലോകത്തിൽ വിശ്വസിക്കാത്തവരുമായിരുന്നു അവർ). അതായത് ഉയിർത്തെഴുന്നേൽപിൽ അവർ വിശ്വസിച്ചിരുന്നില്ല. അതുപോലെതന്നെ സ്വർഗ നരകങ്ങളിലും. അതിനാൽ അവരുടെ മനസ്സിന്റെ ഭയം നീങ്ങിയപ്പോൾ അവർ ചെയ്തുകൊണ്ടിരുന്നതിലേക്കുതന്നെ പരലോകത്ത് അവർക്ക് ദോഷകരമായതിലേക്ക് അവർ വരികയും ചെയ്തു.

8). അവിശ്വാസികളെക്കുറിച്ച് പറഞ്ഞപ്പോൾ തന്നെ വിശ്വാസികളെക്കുറിച്ചും അവരുടെ പ്രത്യേകതകളും അവർക്കുള്ള പ്രതിഫലവും പറഞ്ഞു. (തീർച്ചയായും വിശ്വസിച്ചവർ) ഈ ഗ്രന്ഥത്തിലും അതുൾക്കൊള്ളുന്നതും അത് ക്ഷണിക്കുന്നതുമായ വിശ്വാസത്തിലും ആത്മാർഥവും പ്രവാചകമാതൃക പിൻതുടർന്നുകൊണ്ടുമുള്ള സൽപ്രവർത്തനങ്ങൾ കൊണ്ടും അവർ ആ വിശ്വാസത്തെ സാക്ഷാത്കരിക്കുന്നു. (അവർക്ക് പ്രതിഫലമുണ്ട്) മഹത്തായ പ്രതിഫലം: തീർത്തുപോകാത്തതും നിന്നുപോകാത്തതും. എല്ലാ സമയത്തും അത് തുടർന്നുകൊണ്ടിരിക്കും. ചില സമയങ്ങളിൽ അത് വർധിക്കും. അതാവട്ടെ, എല്ലാ ആഗ്രഹങ്ങളെയും ആസ്വാദനങ്ങളെയും ഉൾക്കൊള്ളുന്നതുമാണ്.

9). ഇവിടെ അല്ലാഹു സത്യനിഷേധികളുടെ നിലപാടിനെ എതിർക്കുകയും അതിൽ ആശ്ചര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു. അവർ അവന് സമന്മാരെ ഏർപ്പെടുത്തി. അവനിൽ പങ്കുചേർക്കുന്നതിനെയും അവർക്ക് തോന്നിയപോലെ അവരെ ആരാധിക്കുന്നതിനെയും മഹത്ത്വമേറിയവനായ അല്ലാഹുവോട് അവരെ സമമാക്കുന്നതിനെയും. അവൻ അത്യുദാരനായ രാജാവാണ്. വലുതും ബലിഷ്ഠവുമായ ഭൂമിയെ രണ്ട് ദിനങ്ങളിൽ സൃഷ്ടിച്ചവൻ. തുടർന്ന് രണ്ട് ദിനങ്ങളിൽ അതിനെ വിതാനിച്ചു. അങ്ങനെ അതിനുമുകൾ പർവതങ്ങളെ ഉണ്ടാക്കി. അത് ഇളകാതെയും കുലുങ്ങാതെയും അസ്ഥിരമാകാതെയും അതിനെ ഉറപ്പിക്കുകയും ചെയ്തു.

10). അങ്ങനെ അതിന്റെ സൃഷ്ടിപ്പ് പൂർണമാക്കി അതിനെ വിതാനിച്ചു. അതിൽ ഭക്ഷണവസ്തുക്കൾ ഉണ്ടാക്കി. തുടർന്നുള്ള (നാല് ദിവസങ്ങളിലായിട്ട് ആവശ്യപ്പെടുന്നവർക്കുവേണ്ടി ശരിയായ അനുപാതത്തിൽ) ഇതിനെക്കുറിച്ച് സൂക്ഷ്മജ്ഞാനമുള്ളവനെപ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല. കൂട്ടലോ കുറക്കലോ ഇല്ലാത്ത സത്യസന്ധമായ വിവരമാണിത്.

11). (അതിനുപുറമെ) ഭൂമിയെ സൃഷ്ടിച്ചശേഷം. (അവൻ തിരിഞ്ഞു) ഉദ്ദേശിച്ചു എന്നർഥം. (സൃഷ്ടിപ്പിലേക്ക്). (ആകാശം അത് ഒരു പുകയായിരുന്നു) വെള്ളത്തിനു മുകളിൽ നിൽക്കുന്ന. (എന്നിട്ട് അതിനോടവൻ പറഞ്ഞു) എന്നാൽ അതിനെ പ്രത്യേകമാക്കിക്കൊണ്ടുള്ളതാണ്. അതിനോട് ചേർത്ത് തുടർന്ന് പറയുന്നു: (ഭൂമിയോടും) (നിങ്ങൾ രണ്ടുപേരും അനുസരണപൂർവമോ നിർബന്ധമായോ വരിക) അതായത് എന്റെ കൽപനയ്ക്ക് കീഴ്പ്പെട്ട് അനുസരിക്കുന്നവരായി, അല്ലെങ്കിൽ നിർബന്ധിതമായി. അത് ചെയ്തേ പറ്റൂ എന്നർഥം. (അവ) രണ്ടും പറഞ്ഞു: (ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു). നിന്റെ താൽപര്യത്തിന് വിരുദ്ധമായി ഞങ്ങൾക്കൊരു താൽപര്യവുമില്ല.



# അവധിക്കാലം ക്രിയാത്മകമാക്കാം

**ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി**

വീണ്ടും ഒരു വേനലവധിക്കാലം കൂടി വന്നെത്തിയിരിക്കുന്നു. പൊന്നോമന മക്കളുടെ അവധിക്കാലം ഉപയോഗപ്രദമാക്കുക എന്നത് മാതാപിതാക്കളുടെ കടമയാണ്. ഇത്തവണ അവധിക്ക് വിരുന്നുകാരനായി റമദാൻ കൂടി ഉള്ളതിനാൽ ഈ അവധിക്ക് ഒന്നാമതായി റമദാൻ മാസത്തെ തന്നെ നമുക്ക് പർഗണിക്കാം.

കുട്ടികൾക്ക് നോമ്പനുഷ്ഠിച്ചു പഠിക്കാൻ ഇത് നല്ല ഒരു അവസരമാണ്. അവരെ അത്താഴത്തിന് എഴുന്നേൽപിക്കുകയും നോമ്പ് നോൽക്കാൻ പ്രേരിപ്പിക്കുകയും ചെയ്യാം. നമ്മുടെ കൺവെട്ടത്തുതന്നെ അവർ ഉണ്ടാകുന്നതുകൊണ്ട് സൽകർമങ്ങളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുവാനും ഉചിതമായ മാർഗനിർദേശങ്ങൾ നൽകുവാനും നമുക്ക് കഴിയും.

കുറച്ചു കൂടി മുതിർന്ന കുട്ടികളെ, അവർ എങ്ങനെയെങ്കിലും മഗ്‌രിബ് വരെ നേരം കളയുക എന്നതിനപ്പുറം ക്വുർആൻ പാരായണം പോലുള്ള സൽകർമങ്ങളിലേക്ക് പരമാവധി അവരുടെ ശ്രദ്ധ ക്ഷണിക്കുകയും അതവരെ ശീലിപ്പിക്കുകയും ചെയ്യാം.

സർഗാത്മക കഴിവുകളെ മെച്ചപ്പെടുത്താൻ അവധിക്കാലം പ്രയോജനപ്പെടുത്താം. കുട്ടികളെ സദാസമയം മൊബൈൽ ഫോണിൽ കളിച്ചിരിക്കാൻ അനുവദിക്കാതെ അവർക്ക് വ്യത്യസ്ത അഭിരുചികൾ മനസ്സിലാക്കാൻ ഉതകും വിധം അവർക്ക് ഓരോ ടാസ്കുകൾ നൽകാം. ചിത്രരചന, കഥ, കവിത, ക്രാഫ്റ്റ്, പാട്ട്, പ്രസംഗം തുടങ്ങി അവർക്ക് ഇഷ്ടപ്പെട്ടതും കഴിവുള്ളതുമായ മേഖലകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും അവസരങ്ങൾ കണ്ടെത്തി പങ്കെടുപ്പിക്കുകയും ചെയ്യുക.

ഓരോ വർഷവും വേനലിന്റെ കാഠിന്യം കൂടിവരികയാണല്ലോ. ആയതിനാൽ കുട്ടികൾ പുറത്തിറങ്ങി കളിക്കുന്ന സമയം തീർച്ചയായും ക്രമീകരിക്കേണ്ടതാണ്. ഉച്ചക്ക് 12 മണി മുതൽ 3 മണിവരെ യാതൊരു കാരണവശാലും അവരെ പുറത്ത് കളിക്കാൻ അനുവദിക്കരുത്.

അല്ലാത്ത സമയങ്ങളിൽ അവരെ പുറത്തുപോയി കളിക്കുവാൻ ചെയ്യാനായി പ്രോത്സാഹിപ്പിക്കേണ്ടതാണ്. കളിയിൽപെട്ട് നമസ്കാരം പാഴാക്കാതിരിക്കാൻ പ്രത്യേകം ഉണർത്തേണ്ടതുണ്ട്. പുറത്തുപോയുള്ള കളികൾ കുട്ടികളുടെ ശാരീരിക, മാനസിക വളർച്ചയെ വളരെ കാര്യമായിത്തന്നെ സ്വാധീനിക്കുന്നു. അതുകൊണ്ടുള്ള ഏതാനും നേട്ടങ്ങൾ പറയാം:

1) കായിക വിനോദങ്ങൾ കുട്ടികളിൽ വിശപ്പുണ്ടാക്കുകയും അവരെ ആവശ്യത്തിന് ഭക്ഷണം കഴിക്കുന്നവരാക്കുകയും അവരുടെ ദഹനവും ഉറക്കവും മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

2) കായിക ശേഷിയും ആരോഗ്യവും മെച്ചപ്പെടുത്തുന്നു.

3) രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നു: അൽപം മണ്ണും വെള്ളവും വെയിലും ഒക്കെയായി ഇടപഴകിയുള്ള കളികൾ കുട്ടികളിൽ സ്വാഭാവിക പ്രതിരോധശേഷി വർധിപ്പിക്കുന്നു.

4) പ്രകൃതിയോട് അടുപ്പം ഉണ്ടാകുന്നു: പൂച്ചെടികളും ഫലവൃക്ഷങ്ങളും നട്ടുവളർത്തുന്നതിലും വേനൽക്കാലത്ത് കിളികൾകു കുടിവെള്ളം ഒരുക്കുന്നതിലുമെല്ലാം കുട്ടികളെ പങ്കാളികളാക്കുക. ഇതെല്ലാം അവർക്ക് പ്രകൃതിയെ പരിചയപ്പെടാനും സ്നേഹിക്കാനും സഹായകമാകും.

5) വ്യക്തിത്വ വികാസം: അയൽപക്കത്തെ, കുടുംബത്തിലെ കുട്ടികളുമായുള്ള സംഘടിത കളികൾ സഹകരണം, അനുസരണം, നേതൃത്വം, പങ്കാളിത്തം തുടങ്ങി ഒട്ടേറെ സാമൂഹിക മര്യാദകൾ ആർജിച്ചെടുക്കാൻ സഹായിക്കുന്നു. ഇതെല്ലാം ജീവിതകാലം മുഴുവൻ ഓർക്കാനും നല്ല പാഠങ്ങൾ ഉൾകൊള്ളാനും അവർക്ക് സഹായകമാകും.

നല്ല നാളേക്കായ് ഇന്ന് പഠിക്കാം

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# SCHOOL OF Qur'an

READ. LEARN. EVOLVE

## 2023-24 രജിസ്ട്രേഷൻ ആരംഭിച്ചു



**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഏപ്രിൽ 30**

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.


**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus, Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in


**SCHOOL OF QURA'N CENTERS:**

| KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 9995334766 | VADAKARA:9995494598
| KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERYARA: 8606600555 | CHATTIPARAMBA: 9496526220
| KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220
| MARANJERY: 9946739215 | KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263
| OTHAYI: 9497 650100 | PALAPPETTY: 9400777158 | WANDOOR: 9544610220 | ANCHAL: 9048739182 | KANNANALLOOR: 9961493999 | KUNJATHUR: 8089619272

| COIMBATORE: 9080475224 | ERODE: 9942958888 | SALEM: 9865167864 | METTUPALAYAM: 8300886551 | POLLACHI: 9940838413 | UDAMALPET: 9865051917

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
15 APRIL 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

